വൃദ്ധനായ ശിമോന്റെ പ്രവചനം സന്തോഷത്തോടെ ഏറ്റെടുത്ത മറിയം. തന്റെ വിളിയുടെയും തെരഞ്ഞെടുപ്പിന്റെയും വ്യാപ്തി ശരിക്കും മനസ്സിലാക്കി സകലവും ഹൃദയത്തിൽ സംഗ്രഹിച്ചു. മകന്റെ അന്ത്യനിമിഷങ്ങൾ വാളുകളുടെ ക്രൂരമായ പ്രഹരമായിരുന്നു. ഓമനമകനെ അതിക്രൂരമായി കുത്തിക്കീറുമ്പോൾ ഏതൊരമ്മയും തകർന്നുപോകും. മാനുഷികമായി ചിന്തിച്ചാൽ ഇതിൽനിന്നും ഒരു വിടുതൽ ഒരു മോചനം ആഗ്രഹിച്ചുപോകും. എന്നാൽ മകന്റെ വിടുതൽ ഈ അമ്മ ആഗ്രഹിച്ചില്ല മറിച്ച് ഒരു നിവൃത്തിയാകൽ, ഒരു പൂർത്തീകരണം അത്യാവശ്യമായിരുന്നു. പിതാവിന്റെ ഇഷ്ടം നിറവേറ്റുക, മനുഷ്യവർഗ്ഗത്തിന് നിത്യജീവൻ നൽകുക, ഇത് പുത്രന്റെ ബലിയിലൂടെ മാത്രമാണെന്ന് അമ്മ തിരിച്ചറിഞ്ഞിരുന്നു, മറിച്ചായാൽ മനുഷ്യാവതാരലക്ഷ്യം സാദ്ധ്യമല്ലാതാകും. പിതാവിന്റെ ഇഷ്ടം നിറവേറ്റുവാൻ പുത്രനെ ഒരുക്കുകയായിരുന്നു അമ്മയുടെ ധർമ്മം. അതിനുവേണ്ടി അമ്മ എല്ലാ വാളുകളും ഏറ്റെടുക്കുവാൻ തയ്യാറായി. നിവൃത്തിയായി എന്ന വിജയഭേരി മുഴങ്ങുന്നതുവരെ അമ്മ നിർനിമേഷയായി ഉരുകി അമരുകയായിരുന്നു. പൂർത്തീകരിച്ച് പിതാവിന്റെ സന്നിധിയിൽ ആത്മാവിനെ ഭരമേല്പിച്ചു കഴിഞ്ഞപ്പോൾ ആ അമ്മ ആത്മാവിൽ നിറയുകയായിരുന്നു. രക്തത്തിൽ മുങ്ങി മുറിവേറ്റുണങ്ങിയ പുത്രന്റെ പൂമേനിയിൽ ഹൃദയം നുറുങ്ങി ചുംബനമർപ്പിച്ചപ്പോഴും ലോകത്തിനു മുഴുവൻ കാണിച്ചുകൊടുക്കുകയായിരുന്നു, ഓരോ ജന്മങ്ങളെയും കൊണ്ട് ദൈവത്തിന് ഒരു ഉദ്ദേശം ഉണ്ട് അത് നിവർത്തീകരിക്കുവാൻ വാളുകൾ കുത്തിത്തുളച്ചേക്കാം എന്നാൽ ഒരു നിവൃത്തിയാക്കൽ പ്രതീക്ഷിക്കുന്നു.

ത്യാഗം സഹിച്ച അമ്മയുടെ ജീവിതാന്ത്യത്തിൽ മാലാഖമാരുടെ അകമ്പടിയോടുകൂടി ആ ഗാത്രം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. കുരിശിൽ പിടഞ്ഞുമരിക്കുമ്പോൾ പ്രിയ ശിഷ്യനോടു പറഞ്ഞു ഇതാ നിന്റെ അമ്മ , അങ്ങനെ ലോകത്തിനുമുഴുവനായി ഒരു അമ്മയെ ലഭിച്ചു അതെ പരിശുദ്ധ അമ്മ എന്റെയും അമ്മയാണ്, എനിക്കും ലഭ്യമായി നിത്യസ്നേഹമാതാവിനെ. പടവുകൾ ചവിട്ടി അമ്മയുടെ കരംപിടിച്ച് മുന്നേറാം അമ്മേ ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചാലും.

അനുഗ്രഹത്തിന്റെ പടവുകൾ വീണ്ടും. പരിശുദ്ധ സഭ കൂടുതൽ പ്രാധാന്യം നൽകുന്നില്ലെങ്കിലും അമ്മയുടെ ജനനപ്പെരുന്നാളിനോടു ചേർന്നുള്ള വിശുദ്ധ ദിനങ്ങൾ എട്ടുനോമ്പ് ആചരിച്ച് അനേകായിരങ്ങൾ അനുഗ്രഹങ്ങൾ പ്രാപിക്കുന്നു. ബുധനും വെള്ളിയും അനുഗ്രഹത്തിന്റെ പടവുകളാണ്.

ഇന്ന് നാം ആചരിക്കുന്ന പരിശുദ്ധ നോമ്പുകളാണിവ. നോമ്പാചരണം കൊണ്ട് നാം എന്താണ് ഉദ്ദേശിക്കുന്നത്?

കാര്യസാദ്ധ്യത്തിനായിട്ടുമാത്രം ഇതിനെ കാണരുത്. നോമ്പ് ശരീര മനസുകളുടെ ശുദ്ധീകരണമാണ്. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും. തേച്ചുമിനുക്കിവച്ചിരിക്കുന്ന ഒരു പാത്രം സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങുന്നതുപോലെ ദൈവീകപ്രകാശധാരകൾ ആഗിരണം ചെയ്യുവാൻ വിശുദ്ധമായി നമ്മെ സൂക്ഷിക്കുന്ന അനുഭവമാണ് നോമ്പാചരണം. ദൈവാനുഗ്രഹം ഇറങ്ങിവരുവാൻ നാം നമ്മെ ശുദ്ധീകരിക്കുമ്പോൾ നമ്മിലേക്ക് കൃപകൾ ഒഴുകിവരും. അത് ദൈവയിഷ്ടത്തിനനുകൂലമായിരിക്കും. പ്രാർത്ഥനയിൽ

ശക്തിനേടുവാനും ദൈവത്തോട് കൂടുതൽ അടുത്തുചെല്ലുവാനും നോമ്പ് സഹായിക്കുന്നു. നാം വിശുദ്ധിയിലേക്ക് വരുമ്പോൾ നമ്മുടെ ആവശ്യങ്ങളും സാദ്ധ്യമായിമാറുന്നു.

നോമ്പ് ഭക്ഷണ പാനീയങ്ങളുടെ വർജ്ജനം മാത്രമല്ല. പുറത്തുനിന്ന് മനുഷ്യന്റെ അകത്തു ചെല്ലുന്ന യാതൊന്നിനും അവനെ അശുദ്ധമാക്കുവാൻ കഴിയുകയില്ല, അവനിൽനിന്നും പുറപ്പെടുന്നതത്രെ മനുഷ്യനെ അശുദ്ധമാക്കുന്നത്. വി,മത്താ.7;15. ഭക്ഷണം ഉപേക്ഷിക്കുന്നതുകൊണ്ട് പൂർണ്ണമായി വിശുദ്ധനാകുന്നില്ല. മനുഷ്യനിൽനിന്ന് മനുഷ്യരുടെ ഹൃദയത്തിൽനിന്നുതന്നെ, ദുശ്ചിന്ത,വ്യഭിചാരം പരസംഗം കുലപാതകം മോഷണം അത്യാഗ്രഹം തുടങ്ങിയ തിന്മകളാണ് മനുഷ്യന്റെ ശത്രുക്കളായി പ്രവർത്തിക്കുന്നത്. ഈ തിന്മകളെ വിട്ടകലുകയാണ് നോമ്പുമൂലം നാം നേടേണ്ടത്.

ഭക്ഷണം ഉപേക്ഷിക്കുമ്പോൾ വിശപ്പിന്റെ വില എത്രയെന്ന് നാം തിരിച്ചറിയുന്നു. വിശപ്പ് വിശപ്പിനെ തിരിച്ചറിയുന്നു, വേദന അനുഭവിക്കുമ്പോൾ മാത്രമെ മറ്റുള്ളവരുടെ വേദന തിരിച്ചറിയു.


ജഡീകയിമ്പങ്ങളെ കീഴ്പ്പെടുത്തുവാൻ ഉപവാസം സഹായിക്കുന്നു.. നാം ഭക്ഷണം ഉപേക്ഷിക്കുന്നത് നമുക്കുതന്നെ മുതൽ കൂട്ടുവാനാവരുത്. അത് വിശക്കുന്നവൻ നോക്കിയിരിക്കുകയാണ്. അവനുള്ളതാണ്. തമ്പുരാൻ പറഞ്ഞതുപോലെ ഉൺമാനും ഉടുപ്പാനം ഉണ്ടെങ്കിൽ അതുമതി, ബാക്കി നമുക്കുള്ളതല്ല. തമ്പുരാൻ തല ചായിച്ചത് കാൽവറിക്രൂശിലായിരുന്നു തന്റെ മക്കൾക്കും അതുമതിയെന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നതും.

നമ്മെ ഏറ്റവും കൂടുതലായി സ്നേഹിക്കുന്ന വ്യക്തിക്കുവേണ്ടി എല്ലാം ഉപേക്ഷിക്കുവാൻ നാം തയ്യാറാണ്. എങ്കിൽ നമുക്കുവേണ്ടി എല്ലാം ഉപേക്ഷിച്ച കർത്താവിനുവേണ്ടി അല്പമെങ്കിലും നാം ഉപേക്ഷിക്കേതല്ലെ. അങ്കംപൊരുതുന്നവർ ഒക്കെയും സകലത്തിലും വർജ്ജനം ആചരിക്കുന്നു.

അതോ അവർ വാടുന്ന കിരീടവും നാമോ വാടാത്ത കിരീടവും പ്രാപിക്കേണ്ടതിനുതന്നെ. (1 കോരി.9;25) നോമ്പാചരണം ആത്മീയ അങ്കംപൊരുതാണ്. ഇവിടെ വിജയം വരിക്കേണ്ടത് ഓരോവിശ്വാസിയുടെയും കടമയാണ്. ഇവിടെ വർജ്ജനം ശരീരത്തെ മെരുക്കിയെടുക്കലാണ്. പരിശുദ്ധ പിതാക്കന്മാർ ഉപവാസവും പ്രാർത്ഥനയും കൊണ്ട് ശരീരത്തെ വരുതിയിൽ നിർത്തി ആത്മാവിനെ പ്രോജ്വലിപ്പിച്ച് നോമ്പിന്റെ ഉന്നതശ്രേണിയിൽ എത്തിച്ചേർന്നു.

നോമ്പുകാലം ആത്മാവിന്റെ വളർച്ചയുടെ കാലമാണ്. നോമ്പുകാലം മാത്രമല്ല ജീവിതം തന്നെ ആത്മാവിന്റെ വളർച്ചയുടെ കാലമാണ്. തിന്മയുടെ വേരുകളെത്തന്നെ ഇല്ലാതാക്കി ആത്മാവിന്റെ ഫലം പുറപ്പെടുവിക്കുവാൻ നോമ്പും ഉപവാസവും ഇടയാകട്ടെ. മനോഹരമായ ഒരുറോസാപുഷ്പം അടർത്തിയെടുത്ത് നാം ഏറ്റം സനേഹിക്കന്ന വ്യക്തിക്ക് നൽകുന്നതുപോലെ നമ്മുടെ മലിനമറ്റ ഹൃദയം നമുക്കു ജീവൻ തന്ന തമ്പുരാന്റെ കൈകളിലേക്ക് സമർപ്പിക്കാം. പടവുകൾ ക്രിസ്തുവിനോടൊത്ത് കൃപകൾക്കായി കാത്തിരിക്കാം.

## OBITUARY




## PHILIP JOHN

Called to Heavenly Abode on
**04 Jan 2020**

Former Treasurer of
St. Paul's Orthodox Church
Rourkela, Odisha

**May His Soul Rest in Peace**

## OBITUARY



## K.G.THOMAS

Called to Heavenly Abode on
**10 Dec 2019**

Founder Member of
St. Thomas Orthodox Church, Rewa &
Member of St. Mary's Orthodox Church
Raipur since 1977

**May His Soul Rest in Peace**

*Wife Mrs. Saramma Thomas*
*Sicily, Jessy & Mini (Daughters)*
*Philips George, Thomas Mathew*
*& Alex P. Mathew (Son in laws)*



# നോമ്പും ഉപവാസവും പ്രാർത്ഥനയും ദൈവത്തെ പ്രീതിപ്പെടുത്തുന്ന 3 ഉപാധികൾ.

## പരിശുദ്ധ നോമ്പ്: തിരുവചനത്തിലൂടെ ഒരു യാത്ര.

പി.സി.തോമസ്, റായ്പൂർ

നോമ്പും ഉപവാസവും പ്രാർത്ഥനയും മനുഷ്യനിലെ ദൈവത്വത്തെ പ്രകാശിപ്പിക്കുന്നതിനുള്ള ഉപാധികളാണ്. അതുകൊണ്ടുതന്നെ എല്ലാ മതങ്ങളും ഈ ത്രിവിധ മാർഗ്ഗങ്ങളെ അവലംബിക്കുന്നതിന് അനുയായികളെ പ്രബോധിപ്പിക്കുന്നു. പരസ്പര പൂരകങ്ങളായ ഇവ മൂന്നും സമന്വയിക്കുമ്പോൾ മാത്രമേ പൂർണ്ണ ഫലപ്രാപ്തിയിലെത്തുകയുള്ളൂ.

ഉപവാസം, വർജ്ജനം, ബ്രഹ്മചര്യം എന്നീ അടിസ്ഥാനഘടകങ്ങളുള്ള അനുതാപവും ഈശ്വര സാക്ഷാത്ക്കാരവും ലക്ഷ്യമാക്കി ആദികാലം മുതൽ സഭയിൽ നിലവിലുള്ള ഒരു അനുഷ്ഠാനമാണ് നോമ്പ്. മനുഷ്യനിൽ ശരീരവും ആത്മാവും ഉണ്ട്. ആത്മാവിനു മാത്രമായി ഒരു മതം ഉണ്ടാവുക അസാദ്ധ്യമാണ്. ആത്മാവ് ശരീരത്തിലൂടെ വെളിപ്പെടുന്നു. അതുകൊണ്ടാണ് പരിവ്രാജകന്റ് അലങ്കാരമല്ല ഭക്തന്റെ ആത്മതപനമാണ് ഉപവാസം എന്നു പറയുന്നത്. ചുരുങ്ങിയത് ഒരു ദിവസം (സന്ധ്യമുതൽ സന്ധ്യവരെ) ആണ് സമയദൈർഘ്യം. ഭക്ഷണ പാനീയങ്ങൾ പൂർണ്ണമായി ഉപേക്ഷിക്കുകയും ലൈംഗീകബന്ധം ഒഴിവാക്കുകയും ചെയ്യുന്നതാണ് ഉപവാസം എന്ന് റെയമണ്ഡ് ഗിഗാർഡ് (Raymond Gigard) നിർവ്വചിച്ചിരിക്കുന്നു.

അധരംകൊണ്ട് തൊടുത്തുവിടുന്ന ശക്തമായ ആയുധം എന്നാണ് ഒരു റബി പ്രാർത്ഥനയെ നിർവ്വചിച്ചിരിക്കുന്നത്. ഈശ്വരനോട് മനുഷ്യൻ ചെയ്യുന്ന അപേക്ഷയാണ് പ്രാർത്ഥന. ദൈവവുമായി മനുഷ്യൻ സംവാദിക്കുന്നതാണ് പ്രാർത്ഥനയെങ്കിൽ ഉല്പത്തി 3,9–12 ആണ് ആദ്യ പ്രാർത്ഥന. എപ്പോൾ വേണമെങ്കിലും എവിടെവച്ച് വേണമെങ്കിലും പ്രാർത്ഥിക്കാം. എന്നാൽ ചില വേളകളിൽ നിർബ്ബന്ധമായും പ്രാർത്ഥിച്ചിരിക്കണം. അതെ സമയം പ്രാർത്ഥന കേവലം അനുഷ്ഠാനമായി അധഃപതിക്കരുതെന്ന് പ്രവാചകന്മാർ എടുത്തു പറയുന്നു. പ്രാർത്ഥനയുടെ ഊന്നൽ ഈ ലോകത്തിന്റെ നന്മകൾ നിലനില്ക്കുന്നതിനാണ്. ഏകാഗ്രതയുള്ള നമ്മുടെ പ്രാർത്ഥനയിൽ നാവും മനസ്സും ഒരുപോലെ പങ്കുചേരണം. ഈ പ്രാർത്ഥനയിൽ ശരീരത്തെക്കൂടെ പങ്കാളിയാക്കുന്നതാണ് ഉപവാസം. മനുഷ്യൻ തങ്ങളുടെ സമയവും ധനവും ഏറ്റവും കൂടുതൽ ചെലവഴിക്കുന്നത് ഭക്ഷിക്കുന്നതിനുവേണ്ടിയാണ്. ആ സമയവും കൂടി ദൈവവുമായി ബന്ധപ്പെടുവാൻ ഉപവാസത്തിലൂടെ സാദ്ധ്യമാകുന്നു. ഏകാഗ്രമായ പ്രാർത്ഥനയ്ക്കും സ്വയം ശിക്ഷണത്തിനുമുള്ള അവസരമാണ് ഉപവാസം. ഉപവാസത്താലും പ്രാർത്ഥനയാലും നമ്മുടെ ശരീരവും മനസ്സും ശിക്ഷണവിധേയമായി പ്രാർത്ഥനയ്ക്ക് സജ്ജമാകുന്നു. ഭക്തിപ്രദർശനത്തിനൊ മുഖസ്തുതിയ്ക്കൊ വേണ്ടി ഉപവസിക്കുന്നവനെ കർത്താവ് കൈക്കൊള്ളുന്നില്ല. ഉപവാസത്തോടും പ്രാർത്ഥനയോടും ചേർന്ന് സ്നേഹത്തിന്റെയും കരുണയുടെയും പ്രവർത്തികൾ നമ്മിൽ ഉണ്ടാകണമെന്ന് കർത്താവ് വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽകൂടി ഉപദേശിച്ചിരിക്കുന്നു.

ഇപ്രകാരമുള്ള അനുഭവമാണ് നമ്മിലുണ്ടാകുന്നതെങ്കിൽ നമ്മിലുള്ള ദൈവത്വം അതിന്റെ പൂർണ്ണതയിൽ പ്രകാശിക്കും. അപ്പോൾ നമ്മുടെ ചുറ്റുമുള്ള അന്ധകാരം നീങ്ങുകയും പ്രകാശപൂർണ്ണിമയിൽ സകലവും തെളിവായി ദർശിക്കുകയും ചെയ്യും. ഈ ദർശനത്തിൽക്കൂടിയാണ് നമ്മുടെ സഭാ പിതാക്കന്മാർ കടന്നുപോയിട്ടുള്ളത്.

വരിക!! തിരുവചനത്തിലൂടെ പൂർവ്വ പിതാക്കന്മാരുടെയും പ്രവാചകന്മാരുടെയും നോമ്പ്, പ്രാർത്ഥനയിലൂടെ ഒരു സഞ്ചാരം നടത്താൻ ഞാൻ ക്ഷണിക്കുകയാണ് പ്രിയ വായനക്കാരെ,

**നോമ്പും ഉപവാസവും പഴയനിയമ ചരിത്രത്തിന്റെ ഏടുകളിൽ നിന്നും.**

**1. നോഹയുടെ കാലം:**

ലോകത്തിന്റെ ഉല്പത്തിയിൽ ഏതെൻ തോട്ടത്തിൽ ആദാമും ഹൗവ്വയും ഉപവാസത്തിലും വർജ്ജനത്തിലും ജീവിച്ചിരുന്നു. എന്നാൽ ഈ



വർജ്ജനത്തിന് ഭംഗം വരുത്തിയ ആദാമും ഹൗവ്വയും ജീവന്റെ പറുദീസാ നഷ്ടപ്പെടുത്തികൊണ്ട് ഈ ശാപഭൂമിയിലേക്ക് നീക്കപ്പെട്ടു. നോഹയുടെ കാലത്ത് ദൈവനിയോഗപ്രകാരം നോഹ പെട്ടകം ഉണ്ടാക്കി. അതിൽ സകല സൃഷ്ടികളെയും സംരക്ഷണ ചെയ്തുകൊണ്ട് മഹാ ജലപ്രളയ കാലത്ത് 40 ദിവസം തികഞ്ഞ വർജ്ജനത്തിൽക്കൂടി നോഹയും കുടുംബവും കടന്നുപോയി. പെട്ടകത്തിലെ കിളിവാതിൽ വഴിയായി നോഹ ദൈവത്തോടുള്ള സമ്പർക്കത്തിൽ( പ്രാർത്ഥനയിൽക്കൂടി വർജ്ജനത്തിന്റെ ഒരു വഴിത്താര) കഴിഞ്ഞു തൽഫലമായി നോഹയും കുടുംബവും മാത്രം ഈ മഹാ പ്രളയത്തിൽ നിന്നും രക്ഷ നേടുകയും ഭൂമിയിൽ സൃഷ്ടികർമ്മത്തിന്റെ ഭാരവാഹിത്വം ദൈവം നോഹയെയും കുടുംബത്തെയും ഏല്പിക്കുകയും ചെയ്തു.

നീതിമാന്മാരുടെ സന്തതി ഭൂമിയിൽ എന്നേക്കും നിലനില്ക്കും, അങ്ങനെയുള്ളവർ ഭൂമിയെ അവകാശമാക്കി എന്നേക്കും അതിൽ ജീവിക്കും(സങ്കീ.37;29) തലമുറയിൽ നീതിപൂർവ്വം പ്രാർത്ഥനയിലും വർജ്ജനത്തിലും (ഉപവാസത്തിലും) ജീവിച്ച നോഹയും കുടുംബവും ദൈവത്തിന്റെ കൃപ ലഭിച്ച് ശിക്ഷാവിധിയിൽ നിന്നും രക്ഷനേടി.

**2. മോശയുടെ നോമ്പും ഉപവാസവും :**

യഹോവയുടെ നിർദ്ദേശപ്രകാരം മോശ സീനായ് പർവ്വതത്തിൽ കയറി യഹോവയോടൊപ്പം 40 ദിവസം പർവ്വതത്തിൽത്തന്നെ ആയിരുന്നു. ഈ ദിവസങ്ങളിൽ മോശ ഒന്നും ഭക്ഷിച്ചിരുന്നില്ല. സിനായ് പർവ്വതത്തിൽ വച്ച് ദൈവം യസ്രായേൽ ജനതയെ നടത്തുവാനുള്ള പ്രമാണങ്ങളും ദൈവത്തിന്റെ കല്പനകളും മോശയ്ക്ക് ലഭിച്ചു. (പുറ.19) മോശ പർവ്വതത്തിൽ കയറുംമുമ്പ് യിസ്രായേൽ ജനത്തെ വിശുദ്ധീകരണത്തിൽക്കൂടി കടക്കുമാറാക്കി. വിശുദ്ധിയുടെ കർമ്മം നോമ്പിൽക്കൂടി സാദ്ധ്യമാണ്. ശുദ്ധീകരിക്കപ്പെട്ട ശരീരത്തോടും മനസ്സോടും മാത്രമെ ദൈവത്തെ അഭിമുഖീകരിക്കുവാൻ സാദ്ധ്യമാകയുള്ളു. ശിംശോന്റെ ജനനത്തിൽ ശിംശോന്റെ പിതാവായ മനോഹയോട് ദൈവദൂതൻ പറയുന്നു വീഞ്ഞും മദ്യവും കഴിക്കരുത് അശുദ്ധമായതൊന്നും തൊടുകയുമരുത് എന്ന്. ഇത് നോമ്പിൽ ഭക്ഷണക്രമത്തിന്റെ ഒരു ഭാഗമായി കരുതണം. ന്യായാ.13;8-16)

**3. തിശ്ബ്യനായ ഏലിയാ പ്രവാചകന്റെ നോമ്പും ഉപവാസവും (1 രാജാ. 19;1-14)**

രാജാക്കന്മാരുടെ പുസ്തകത്തിൽക്കൂടി നാം ഏലിയാവിനെ മനസ്സിലാക്കുന്നു. യിസ്രായേൽ ജനത്തിന്റെ വിഗ്രഹാരാധനയിൽ മനസ്സുനൊന്ത ഏലിയാ പ്രവാചകൻ (ആഹാബ് രാജാവിന്റെ കാലത്ത്) ദേശത്ത് മഴ പെയ്യാതിരിപ്പാൻ പ്രാർത്ഥിച്ചു. കർമ്മേൽ പർവ്വതത്തിൽ തന്റെ വിശ്വാസവും പ്രാർത്ഥനയുംമൂലം ബാലിന്റെ 400 പ്രവാചകന്മാരുടെ മദ്ധ്യത്തിൽവച്ച് ഏലിയാവ് ആകാശത്തുനിന്ന് തീയിറക്കി യാഗവസ്തുക്കളെ ദഹിപ്പിക്കുകയും ബാലിന്റെ 400 പ്രവാചകന്മാരെയും കൊല്ലുകയും വീണ്ടും യിസ്രായേൽ ദേശത്ത് മഴ പെയ്യിക്കുകയും ചെയ്ത ഈ പ്രവാചകൻ ഒരു നിമിഷത്തിൽ ആഹാബ് രാജാവിന്റെ ഭാര്യയായ ഇസബേൽ രാജ്ഞിയുടെ ഉത്തരവിൽക്കൂടി ഏലിയാവോട് പകരം വീട്ടുവാൻ ശ്രമിച്ച സന്ദർഭത്തിൽ ഏലിയാവ് ഭയപ്പെട്ടു: നിരാശനായിക്കഴിഞ്ഞ ഏലിയാവ് മരുഭൂമിയിൽ ഒരു ചൂരച്ചെടിയുടെ കീഴിൽ മരിക്കുവാൻ ആഗ്രഹിച്ചു കഴിയുമ്പോൾ അവനെ ശക്തിപ്പെടുത്തുവാൻ യഹോവയുടെ ദൂതൻ കനലിൽ ചുട്ട അടയും ജലവും നൽകി. നോക്കുക ഒരു ദുർബ്ബല നിമിഷത്തിൽ നിരാശനായിത്തീർന്ന പ്രവാചകനെ ദൈവം ഒരു അടയിലും ജലത്തിലും കൂടി ശക്തിപ്പെടുത്തുകയും അതിന്റെ ബലത്തിൽക്കൂടി ഏലിയാവ് 40 രാവും 40 പകലും നടന്ന് ദൈവത്തിന്റെ പർവ്വതമായ ഹോറേബോളം എത്തി അവിടെവച്ച് പ്രവാചകൻ ദൈവത്തെ മുഖാമുഖമായി കാണുകയും ചുഴലിക്കാറ്റിൽക്കൂടി സ്വർഗ്ഗത്തിലേക്ക് ജീവനോടെ എടുക്കപ്പെടുകയും ചെയ്തു. യാത്രയിൽ പ്രവാചകൻ ദൈവത്തിന്റെ നിർദ്ദേശപ്രകാരം ചില ദൗത്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുകയുണ്ടായി. ഏലിയാവിന്റെ ഉപവാസവും പ്രാർത്ഥനയും എത്രയൊ ശക്തി നിറഞ്ഞതായിരുന്നു.

**4. നെഹമ്യാവിന്റെ നോമ്പും ഉപവാസവും (നെഹമ്യാ 1;1-17)**

യിസ്രായേൽ മക്കളുടെ പാപം കാരണം ദൈവം അവരെ ബാബേൽ പ്രവാസത്തിലേക്കയച്ചപ്പോൾ പ്രവാസികളിൽ ഒരുവനായിരുന്നു നെഹമ്യാവ്. അവൻ ശൂശൻ രാജധാനിയിൽ ബാബേൽ രാജാവിന്റെ പാനപാത്ര വാഹകനായി നിയമിക്കപ്പെട്ടു. അങ്ങനെ കഴിയുമ്പോൾ യഹൂദയിൽ നിന്നും വന്ന കൂട്ടുകാരിൽനിന്നും യരുശലേമിന്റെ തകർച്ചയെപ്പറ്റി കേട്ടു. നെഹമ്യാവ് ഹൃദയം നൊന്ത് പ്രാർത്ഥനയോടും ഉപവാസത്തോടും കൂടി തന്റെ പൂർവ്വികന്മാരുടെ അകൃത്യത്തെ ഓർത്ത് ദൈവസന്നിധിയിൽ കരഞ്ഞ് പ്രാർത്ഥിച്ചതിനാൽ അവന് രാജാവിന്റെ കരുണ ലഭിക്കുകയും യരുശലേമിൽ എത്തി ദേവാലയത്തിന്റെ അറ്റകുറ്റപ്പണി നടത്തുവാനും ഇടിഞ്ഞുകിടന്ന യരുശലേമിന്റെ മതിൽ പണിയുവാനും രാജാവിൽ നിന്നും അനുവാദം ലഭിക്കുകയും വേണ്ട സഹായങ്ങൾ ലഭിക്കുകയും ചെയ്തു. കേവലം 52 ദിവസങ്ങൾകൊണ്ട് പണികൾ ഒക്കെയും ചെയ്തുതീർത്തു. ആ ദിവസങ്ങളിലൊക്കെയും അവൻ ഉപവാസത്തിലും പ്രാർത്ഥനയിലുംകൂടി കടക്കുകയും ദൈവത്തോട് തന്റെ പൂർവ്വികരുടെ അകൃത്യം ഏറ്റപറഞ്ഞ് പ്രാർത്ഥിക്കുകയും ചെയ്കയുണ്ടായി.

**5.ദാനിയേൽ പ്രവാചകന്റെ നോമ്പും ഉപവാസവും (ദാനി. 10.1–21)**

യിസ്രായേൽ ജനം കല്ദയ ദേശത്ത് പ്രവാസികളായി നെബുഖദ്നേസർ, ദാര്യാവേശ്, അഹശ്വരേശ് എന്നീ രാജാക്കന്മാരുടെ കാലത്ത് ജീവിച്ചിരുന്നപ്പോൾ പ്രവാസികളിൽ ഒരുവനായിരുന്നു ദാനിയേൽ. ദാനീയേലിന് വിശിഷ്ടമായ ഒരു കഴിവ് , അതായത് സ്വപ്ന വ്യാഖ്യാനം ദൈവം അവന് നൽകിയിരുന്നതുകൊണ്ട് അവൻ അവിടെ പ്രസിദ്ധനായിരുന്നു. എന്നാൽ അവന്റെ ശത്രുക്കളായ കുറെ കല്ദയ പ്രഭുക്കന്മാർ കാരണം അവരുടെ രാജാവായ ബേത്ശസ്സർ രാജാവിന്റെ കാലത്ത് ദാനീയേലിനെ സിംഹങ്ങളുടെ കുഴിയിൽ ഇട്ടു. എന്നാൽ ദൈവത്തിൽ അവൻ ആശ്രയിച്ചിരുന്നു. അവൻ പലപ്രാവശ്യം ഉപവസിച്ചും പ്രാർത്ഥിച്ചും കഴിഞ്ഞ വ്യക്തി ആയിരുന്നതിനാൽ സിംഹം അവന് യാതൊരു കേടും വരുത്തിയില്ല. മാത്രമല്ല ബേൽശസ്സർ രാജാവ് വളരെ ദുഃഖിതനായിത്തീരുകയും ദാനീയേലിന് കൂടുതൽ അധികാരങ്ങൾ കൊടുത്തുകൊണ്ട് അവനെ ഉയർത്തുകയും ചെയ്തു. ദാനിയേൽ ഉപവാസത്തിലും പ്രാർത്ഥനയിലും മുഴുകി ജീവിച്ച കാരണത്താൽ ഭാവിലോകത്തിന്റെ രാജ്യത്വത്തിന്റെയും ലോകത്തിന്റെ അന്ത്യത്തെയും കുറിച്ചുള്ള സ്വപ്നം വിവരിക്കുന്നു.
വേദപുസ്തകത്തിൽ യോഹന്നാൽ ശ്ളീഹായുടെ വെളിപാടിന്റെ ഒരു താരതമ്യ പഠനം ദാനീയേൽ പ്രവാചകന്റെ പുസ്തകത്തിൽക്കൂടി ലഭിക്കുന്നുണ്ട്. ഇന്നത്തെ പരിതഃസ്ഥിതിയുമായി താരതമ്യ പഠനം നടത്തുമെങ്കിൽ ഇന്ന് ലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പല സംഭവങ്ങളും ദാനിയേൽ പ്രവാചകൻ ദർശിച്ച ദർശനങ്ങളുമായി വളരെ സാമ്യം കാണുവാൻ സാധിക്കും. ഈ ദർശനങ്ങളിൽ ചിലത് ഇനി ലോകത്തിൽ സംഭവിപ്പാനുള്ളതുകൂടിയാണ്. എന്ന് മനസ്സിലാക്കണം.

**6. യോനാ പ്രവാചകന്റെ കാലത്ത് നിനുവേക്കാരുടെ നോമ്പും ഉപവാസവും (യോനാ. 1–4വരെ അദ്ധ്യായം)**

അമിത്ഥായിയുടെ മകനായ യോനാ പ്രവാചകൻ യഹോവയുടെ ആജ്ഞപ്രകാരം നിനുവയിലേക്ക് (ഇറാക്കിന്റെ തലസ്ഥാനമായ ബാഗ്ദാദിൽ നിന്നും 300 കി.മി വടക്കുള്ള പ്രദേശം) അതിന്റെ പതനത്തെപ്പറ്റി പ്രസംഗിപ്പാൻ നിയോഗിതനായി. എന്നാൽ പ്രവാചകന്റെ അനുസരണക്കേടുമൂലം പ്രവാചകൻ ശിക്ഷിക്കപ്പെട്ടു. എന്നാൽ ശിക്ഷയിൽ നിന്നും വിമുക്തനായ യോന നിനുവയിൽ ചെന്ന് അതിന്റെ പതനത്തെപ്പറ്റി പ്രസംഗിച്ചപ്പോൾ നിനുവയിലെ രാജാവുമുതൽ ഭിക്ഷക്കാരൻ വരെ ആബാലവൃദ്ധം ജനങ്ങൾ കഠിനമായ ഉപവസത്താലും പ്രാർത്ഥനയാലും രട്ടിലും വെണ്ണീരിലും കിടുന്നുകൊണ്ട് ദൈവത്തോട് മാപ്പ് ചോദിച്ചു. . അവർ ദുർമ്മാർഗ്ഗളെ വിട്ടു തിരിഞ്ഞതിനാൽ യഹോവ അവരോട് മനസ്സലിഞ്ഞ് അവരുടെ മേൽ നിശ്ചയിച്ചിരുന്ന അനർത്ഥം നീക്കി അവരോട് കരുണ കാട്ടുകയും ചെയ്തു. നമ്മുടെ കർത്താവ് നിനുവയുടെ അടയാളമാണ് തന്നെ അന്വേഷിച്ച് അടയാളം ചോദിച്ച യഹൂദപ്രമാണികളോട് പറഞ്ഞത്, യോനാ കടലാനയുടെ വയറ്റിൽ 3രാവും 3 പകലും തന്റെ അനുസരണക്കേടുമൂലം യാതന അനുഭവിക്കുകയുണ്ടായി. എന്നാൽ കർത്താവ് മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരാർത്ഥം ക്രൂശിൽ മരിക്കുകയും യോനയെപ്പോലെ 3 ദിനം കല്ലറയിൽ അടയ്ക്കപ്പെടുകയും ചെയ്തു. ഈ ദൃഷ്ടാന്തമാണ് കർത്താവ് അടയാളമായി കാട്ടികൊടുത്തത്. നമ്മുടെ സഭ അതുകൊണ്ട് 3 നോമ്പിന് വലിയ പ്രാധാന്യം കല്പിച്ചിരിക്കുന്നു.

**എന്തുകൊണ്ട് നാമും വി. നോമ്പും ഉപവാസവും അനുഷ്ഠിക്കുന്നു.**

തിരുവചനത്തിൽകൂടി ഇതിലേക്ക് നമുക്കൊരു യാത്ര ചെയ്യാം.

**1. യോവേൽ പ്രവാചകന്റെ ഉപദേശം. (യോവേൽ 1 മുതൽ 2 വരെ)**

ലോകാന്ത്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഈ ഭൂമിയിൽ ഇന്നത്തെ ലോകത്തിന്റെ സാഹചര്യത്തിൽ ഈ പ്രവചനങ്ങൾ അധികം പ്രസക്തമാണ്. കാരണം നാം വസിക്കുന്ന ഈ ഭൂമണ്ഡലത്തിന്റെ അന്ത്യം കുറിച്ചുകൊണ്ടിരിക്കുന്ന സമയമാണ്. കഴിഞ്ഞ 2 വർഷങ്ങളിൽ നമ്മുടെ ഈ ഭൂമിയിൽ നമ്മുടെ കേരളത്തിൽ ദർശിച്ച കാലാവസ്ഥാവ്യതിചലനവും നാശനഷ്ടങ്ങളും നാം വിലയിരുത്തണം. 2021 എ.ഡി വരെയാകുമ്പോൾ അനേക പ്രദേശങ്ങളിൽ ഭൂജലം ഇല്ലാതായിത്തീരുമെന്ന് വൈജ്ഞാനികൾ റിപ്പോർട്ട് ഗവൺമെന്റിന് കൊടുത്തു കഴിഞ്ഞിരിക്കുന്നു. അതേ സമയം ആഗോള താപനില വർദ്ധിക്കുന്ന കാരണത്താൽ ലോകത്തിലെ മഞ്ഞുരുകി കടൽജലത്തിന്റെ നിരപ്പുയർന്ന് അനേക തീരപ്രദേശങ്ങൾ കടലിൽ സമാഹിതമായിത്തീരും. ഭൂമിയുടെ ചൂട് വർദ്ധിക്കുന്നതിൽനിന്നും ഈ ഭൂമി വെന്തുരുകുവാനുള്ള പരിതഃസ്ഥിതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വെളിപാടിൽ വിവരിച്ചിരിക്കും പോലെ അഗ്നിപ്രളയത്തിലേക്ക് ലോകം നീങ്ങിക്കൊണ്ടിരിക്കുന്നു. പക്ഷെ ജനം നോഹയുടെ കാലത്തെപ്പോലെതന്നെ അജ്ഞരായി ജീവിക്കുകയാണ്. പ്രവാചകൻ പറയുന്നു; ചൂളപോലെ കത്തുന്ന ഒരു ദിനം വരുന്നു. നമ്മുടെ കർത്താവും വി.മത്തായിലൂടെ ഈ ചേതാവനി നല്കിയിട്ടുണ്ട്.

നോഹയുടെ കാലത്തും ജനം നോഹയുടെ ആഹ്വാനം അവഗണിച്ചതിന്റെ ഫലം തിരുവചനത്തിൽക്കൂടി നാം പഠിക്കുന്നു. ജലപ്രളയം വരും വരെ നോഹയുടെ കാലത്തും ജനം തിന്നും



കുടിച്ചും വിറ്റും നട്ടും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു. ജലപ്രളയം വരുവോളം നോഹയുടെ വാക്ക് ജനങ്ങൾ അംഗീകരിച്ചില്ല. ഇന്നും അതിൽ നിന്ന് വ്യത്യസ്തമല്ല. അനേക തരത്തിലുള്ള മനുഷ്യന്റെ ദുഷ്ടതകൾ ലോകത്തിൽ വർദ്ധിച്ചിരിക്കുകയാണ്. ലോത്തിന്റെ കാലത്തെ സോദോമ്യ പാപങ്ങൾ മദ്യം മയക്കുമരുന്ന്, സ്ത്രീപീഠനം അവിശുദ്ധ ബന്ധങ്ങൾ ദുഷ്ടഭരണകൂടങ്ങൾ, വിശുദ്ധി പുറപ്പെടേണ്ട സ്ഥാനങ്ങളിൽ നിന്നും ദാനിയേൽ പ്രവാചകൻ പറഞ്ഞിരിക്കുംപോലെ മ്ളേഛതകൾ പുറപ്പെടുന്നു. സഹോദരൻ സഹോദരനെ കൊല്ലുന്നു, മാതപിതാക്കളെ പീഢിപ്പിക്കുകയും വൃദ്ധഭവനങ്ങളിൽ തള്ളിവിടുകയും ചെയ്യുന്നു. ചതിയുടെയും വഞ്ചനയുടെയും കാലമായി മാറിയിരിക്കുന്നു. ഉപവസിക്കുവാനോ പ്രാർത്ഥിക്കുവാനൊ നോമ്പുകൾ ആചരിപ്പാനൊ ക്രിസ്തീയ ഭവനങ്ങളിൽ സമയം കണ്ടെത്തുന്നില്ല. ഭൗതീക സുഖങ്ങളുടെ പിന്നാലെ മനുഷ്യൻ പരക്കം പായുകാണ്.

കുടുംബപ്രാർത്ഥനകൾ നഷ്ടമായിരിക്കുന്നു. വേദവചനം പഠിക്കുവാൻ കുട്ടികൾക്ക് താല്പര്യമില്ല. വാട്ട്സ്ആപ്പിന്റെയും മൊബൈൽഫോണിന്റെയും പ്രസരം ജീവിതത്തിൽ ആധിപത്യം സ്ഥാപിച്ചുകഴിഞ്ഞു. ക്രിസ്തീയ സഭകൾപോലും സുവിശേഷ ദൗത്യങ്ങൾ മറന്ന് ഭൗതീക വളർച്ചയക്ക് ഊന്നൽ കൊടുത്തുകൊണ്ടിരിക്കുമ്പോൾ ദാനിയേൽ പ്രവചനവും യോവേൽ പ്രവചനവും വായിച്ച് മനസ്സിലാക്കി മനം തിരിയേണ്ടിയിരിക്കുന്നു. വെളിപാട് പുസ്തകത്തെ ഗഹനമായി പഠിച്ച് ഈ ഭൂമിയുടെ നിലനില്പിനും മനുഷ്യജാതിയുടെ നിലനില്പിനും വേണ്ടി യഥാർത്ഥമായ അനുതാപത്തിലേക്ക് കടന്നുവരേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു. നിനുവാക്കാരെപ്പോലെ വർജ്ജിക്കേണ്ടവ വർജ്ജിക്കുവാനും നോമ്പും ഉപവാസവുംകൊണ്ട് ആത്മതപനം ചെയ്ത് വരും കാലങ്ങളെ പ്രയോജനപ്പെടുത്തേണ്ടതാണ്. യഥാർത്ഥ അനുതാപവും ഉപവാസവും പ്രാർത്ഥനയും നോമ്പാചരണവുംമൂലം വലുതായ ന്യായവിധിയിൽ നിന്നും നാമും നമ്മുടെ കുടുംബവും രക്ഷനേടണം. നമുക്കുവേണ്ടി കുത്തിത്തുളയ്ക്കപ്പെട്ട തിരുമാർവ്വിൽ പാർപ്പിടം നേടിയെടുക്കണം. നാം വെറും നാമധേയ ക്രിസ്ത്യാനികളായി ജീവിച്ചാൽ അങ്ങനെയുള്ളവരോട് കർത്താവിന്റെ വാക്ക് ഞാൻ നിങ്ങളെ ഒരുനാളും അറിയുന്നില്ല എന്നതാണ്. നാം എത്രമാത്രം അനുതാപത്തിലും കണ്ണീരിലും ഉപവാസത്തിലും പ്രാർത്ഥനയിലും നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തിയിരിക്കുന്നു എന്നതാണ് കർത്താവ് എടുക്കുന്ന മാനദണ്ഡം. നോഹയെപ്പോലെ തലമുറയിൽ നാം നീതിയുള്ളവരായിജീവിക്കാൻ ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നു. നോഹ ദൈവത്തോടുകൂടി നടന്നു, ദൈവത്തിൽ വിശ്വസിച്ചു, ദൈവത്തെ അനുസരിച്ചു ദൈവത്തെ സ്നേഹിച്ചു. അതിനാൽ നോഹയും കുടുംബവും രക്ഷ പ്രാപിച്ചു. നാമും രക്ഷ നേടാൻ നമ്മുടെ രക്ഷകനായ പുത്രൻ തമ്പുരാനിൽ വിശ്വസിക്കുകയും യേശുവിനോടു ചേർന്ന് നടക്കുകയും യേശുവിനെ അനുസരിക്കുകയും സ്നേഹിക്കുകയും ചെയ്താൽ ന്യായവിധിയിൽ നിന്നും രക്ഷ പ്രാപിക്കും. രക്ഷപ്രാപിക്കാൻ യേശുവിൽ കൂടിയല്ലാതെ മറ്റൊരു മാർഗ്ഗവും ഇല്ല എന്ന് തിരുവചനം പഠിപ്പിക്കുന്നു. അനുതാപമുള്ള ഹൃദയം ദൈവം അംഗീകരിക്കുന്നു. കഴിഞ്ഞകാല ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കുക, കടന്നുവന്ന വഴികളെപ്പറ്റി ചിന്തിക്കുക. മനസ്സുപുതുക്കി രൂപാന്തരപ്പെടുക. അതത്രെ വിശുദ്ധ നോമ്പും ഉപവാസവും നമ്മെ വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്നത്.

**എങ്ങനെ നോമ്പാചരണം നടത്തണം.(യെശ.58.1-14)**

എങ്ങനെ നോമ്പാചരണം നടത്തണമെന്ന് പ്രവാചകൻ ശരിയായ ഒരു ചിത്രം വരച്ചു കാട്ടിയിരിക്കുന്നു. നമ്മുടെ സഭ അതിന് ശരിയായ ഊന്നൽ നൽകിയിരിക്കുന്നു.

**മശിഹായുടെ നോമ്പും ഉപവാസവും**

നമ്മുടെ കർത്താവ് 40 ദിവസം മരുഭൂമിയൽ നോമ്പും ഉപവാസവും അനുഷ്ഠിച്ച് സാത്താനെയും അവന്റെ കുതന്ത്രങ്ങളെയും തോല്പിച്ചു. ആദാമിന്റെ ഭക്ഷണമോഹത്തെ ജയിച്ചു. സാത്താന്റെ ഈ ലോക പ്രലോഭനങ്ങളെ അതിജീവിച്ചു. കാൽവറിയിലെ കൊടിയ പീഢാനുഭവത്തിൽകൂടി മനുഷ്യവർഗ്ഗത്തിന്റെ മരണത്തെ അതിജീവിക്കുകയും നഷ്ടപ്പെട്ട പറുദീസ വീണ്ടും നൽകുകയും ചെയ്തു. നമ്മെ പാപത്തിന്റെ അടിമത്വത്തിൽനിന്ന് മോചിതരാക്കി. എന്നാൽ ഈ മഹത്തായ രക്ഷയെ നാം ഇന്ന് ഗണ്യമാക്കാതെയല്ലെ ജീവിക്കുന്നത്?

തന്മൂലം ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിക്കുവാൻ തുടങ്ങിയാൽ പാപിയുടെയും അഭക്തന്റെയും ഗതി എന്തായിത്തീരും എന്ന് തിരുവചനത്തിൽ പറഞ്ഞിരിക്കുന്നു. ആകയാൽ മനസ്സുപുതുക്കി തിരുവചന ധ്യാനത്തിൽകൂടി എല്ലാം പഠിക്കുകയും അനുതാപംപൂണ്ട് ദൈവവുമായി നോമ്പിലും ഉപവാസത്തിലും കൂടി നിരപ്പാകുകയും ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ദൈവത്തിന്റെ അന്ത്യന്യായവിധി ഈ ലോകത്തിന്റെ വക്കിൽ എത്തിടാൻ സമയങ്ങൾ അധികമില്ല. വചനം പഠിച്ച് ധ്യാനിച്ച് ചൊവ്വാക്കപ്പെട്ട ഹൃദയത്തോടെ നിനുവാക്കാരെപ്പോലെ ഈ നോമ്പും ഉപവാസവും അനുഷ്ഠിക്കാം. തിരുവചനത്തിൽകൂടി മേൽപറഞ്ഞവ എല്ലാം ഗ്രഹിച്ച് അനുഷ്ഠിക്കുന്നവർക്ക് ന്യായവിധിയിൽനിന്നും രക്ഷ അവകാശപ്പെടാം. അല്ലാത്തവർക്ക് മേൽപറഞ്ഞവ എല്ലാം ഭ്രാന്തന്മാരുടെ വാക്കുകൾ മാത്രം. കർത്താവിന്റെ കാലത്തും തന്റെ വചനങ്ങളെ അന്നത്തെ പ്രമാണിമാരും പുരോഹിതവർഗ്ഗവും നിസ്സാരന്റെ വാക്കുകൾ എന്നു പറഞ്ഞ് അവനെ തള്ളി. തന്മൂലം രക്ഷയുടെ വചനം യഹൂദന്മാർക്ക് ശാപമായി ഭവിച്ചു.

ഈ പരിശുദ്ധനോമ്പിൽകൂടി നാം ദൈവവുമായി യഥാസ്ഥാനപ്പെടാം. ദൈവത്തിന്റെ സമസ്ത സൃഷ്ടികളോടും ക്ഷമായാചന ചെയ്തുകൊണ്ട് അനുതാപമുള്ള ഒരു ഹൃദയം നമ്മുടെ രക്ഷകന്റെ മുമ്പിൽ കുടുംബമായി കാഴ്ച അർപ്പിക്കാം. നമ്മുടെ പിതാക്കന്മാർ കാട്ടിത്തന്ന അതേ അനുതാപത്തിന്റെ പാതയിലൂടെ ദൈവത്തെ പ്രീതിപ്പെടുത്താൻ ഈ വർഷത്തെ നോമ്പും ഉപവാസവും പരിശുദ്ധാത്മാവിന്റെ സഹായത്താൽ സംഗതിയാകട്ടെ.



# THE ROLE OF CHRISTIAN WOMEN IN THE GROWTH OF CHURCH, SOCIETY, AND FAMILY

**Mrs. Santha Sabu George**
Powai, Mumbai

"And the rib that the Lord God had taken from the man, He made into a woman and brought her to the man"

Genesis 2:22

**INTRODUCTION:** Woman, the most beautiful creation of God, was made from the rib of a man, neither from his head to top him nor from his foot to be stepped on by him; but from his side to be always by his side, under his arm to be protected by him and near to his heart to be loved by him. In the creation account of Genesis 1, God's first word on the subject of man and woman is that, they were equally created in the image of God (1:27 "So God created man in His own image, in the image of God He created him; male and female He created them"). Not received more of the image of God than the other. As spiritual beings standing before God, men and women are absolutely equal. Despite this equality, there is in Genesis 2, a more detailed account of the creation of the two human beings that reveal differences in their God-given functions and responsibilities. God did not create the man and the woman at the same time, but rather He created Adam first and Eve later for the specific purpose of being Adam's helper. Eve was equal to Adam, but she was given the role and duty of submitting to him. The first books of the Bible establish both the equality of men and women and also the support role of the wife (Exod. 21:15, 17, 28–31; Num. 5:19–20, 29; 6:2;30:1-16). The responsibility of wives to submit to their husbands, then was part of the plan from creation, even before the curse. Some women think the Bible makes us second-class citizens. But this is not true. First of all, consider that God chose Mary to give birth to His Son. Mary possessed something that pleased God, a humility and determination to do His will, no matter the cost to herself. To the angel she responded, "May it be to me as you have said" (Luke 1:38). This is the kind of humility and dedication to the will of God that we all need. We need to remember not only that God sent His only begotten Son into the world born of a woman, but also that Jesus performed His first miracle at the request of a woman, His mother. Throughout the Old Testament, women were active in the religious life of Israel, but generally they were not leaders. There was no woman with an ongoing prophetic ministry. No woman was a priest. No queen ever ruled Israel. No woman wrote an Old Testament or New Testament) book.

**SUBJECT/MATTER:** In the Family: "The Lord directs the steps of the godly. He delights in every detail of their lives. Though they stumble… the Lord holds them by the hand" - (Ps. 37:23-24). In the family, woman has to fulfil several roles like, a good daughter, daughter in law, sister, sister in law, wife, mother, mother in law, grandmother etc., In Malayalam there is a saying "koodumbol imbamullathu kudumbam" and to fulfil this, a woman has to be "kaaryeshu manthri, karuneshu daasi, kshamaya dharithri" etc., (Sanskrit quote). I don't have to explain all this. To define a godly wife, we must first consider what the word godly means. In 1 Timothy 2:2, Paul uses the word in conjunction with being "peaceful," "quiet," and "dignified." The Bible says the Spirit, who is in every Christian, produces visible and invisible acts of godliness, "love, joy, peace, patience, kindness, goodness, faithfulness, gentleness, self-control" (Galatians 5:22–23). The decisive definition of godliness would be "Christ likeness." Godliness involves a genuine striving to imitate Christ, to be like Him in thought and action as the apostle Paul strived to be (1 Corinthians 11:1). These characteristics of a godly disposition apply to every Christian, whether male or female. Fortunately, the Bible gives more specific qualifications as to what a godly woman—particularly, a godly wife—looks like. In the book of Proverbs, there is a beautiful word picture painted of a good wife. The virtues of a godly wife have not changed, even over thousands of years. A good wife's husband knows she is dignified, wise, and devoted (Proverbs 31:11, 12, 25, 26). Her husband has a good reputation in the community, and his wife never speaks ill of him, never gossips about him. Rather, she is always lifting him up and giving him praise. She maintains the household thoroughly and is well-respected herself (Proverbs 31:12, 21, 23). I love you is a magical sentence which can create lot of positivity in family life. Say it often to your family members. Love them unconditionally and become the queen of the family.

While Christian marriage is to involve mutual love and submission between two (Eph. 5:21), four passages in the New Testament expressly give to wives the responsibility to submit to their husbands (Eph. 5:22; Col. 3:18; Titus 2:5; 1 Pet. 3:1). This voluntary submission of one equal to another is an expression of love for God and a desire to follow His design as revealed in His Word. Wives and mothers are urged to be "workers at home" (Titus 2:5), meaning managers of the household. A godly wife spends less time in front of the mirror (Prov. 31:20, 30). Her beauty is her passion. A wife should be submissive to her husband (Eph. 5:22). What does a submissive wife look like? Not what you might think. The Bible teaches that Jesus submits to His Father (John 5:19). Yet Jesus is equal to the Father (John 10:30). Therefore, a submissive wife is not less valuable as a human being; her role is not less important—but it is different. Christians know that Christ is every bit as divine as the Father (and the Holy Spirit), but each plays a different role in redemption. In the same way, men and women each play a different part in marriage. So, for a wife to be submissive to her husband as Christ is submissive to the Father means she willingly allows her husband to lead. Jesus went willingly to the cross. Christ knew the Father's way was best. A godly wife may find the path of submissiveness painful at times, but following God will always result in spiritual rewards that last for all eternity (1 Timothy 4:7–8). A godly wife doesn't worry about what the future may bring. She smiles at the future because she knows her Lord is in control of everything (Proverbs 31:25, 30). Verse 30 is the key to the entire passage because a woman cannot be a godly wife without first fearing the Lord. It is the godly wife's pursuit of Jesus and her abiding in Him that brings the fruit of godliness to manifestation in her life (John 15:4). The Bible equates submissiveness to one's husband to submissiveness to God (Ephesians 5:22). Submission does not imply weakness; a submissive wife is not "unintelligent" or "unimportant." Submission requires strength, dignity, and devotion. As a woman grows more intimate in her relationship with Christ, she will grow increasingly godly in her marriage.

In the Church: The role of women in Christianity can vary considerably today as they have varied historically since the third century New Testament church. Many leadership roles in the organized church have been prohibited to women. In the Orthodox churches, only men can serve as priests or deacons or alter boys. Protestant denominations are beginning to relax their longstanding constraints on ordaining women to be Priests. Marthomites have already ordained woman priests. We Orthodox Christian woman are now allowed to study in seminaries even though they are not allowed to get ordained. Also now we are allowed to be members of managing committee. From the very beginning, women fulfilled a vital role in the Christian church (Acts 1:12–14; 9:36–42; Rom. 16; 1 Cor. 16:19; 2 Tim. 1:5; 4:19), but not one of leadership. The apostles were all men; the chief missionary activity was done by men; the writing of the New Testament was the work of men; and leadership in the churches was entrusted to men. In the church, we can help the down trodden ones of our church with our tithe, through Marth Mariam Samajam we can play a vital role in the functioning etc., We can help cleaning the church and premises, we can visit sick and console them, can inform the priest about a sick so that he can visit them. In many ways we can help a priest in his ministry. Also let us all try to hear from Jesus, "O woman, great is your faith! Be it done for you as you desire" (Mt. 15:28).

There is no point in going to Church if the daily politics or other worldly matters are discussed there; how to reach eternal life while living on earth is the only subject taught in the Church. A Christian woman can always say the most meaningful and short prayer kurielaison, can come to church on time, can actively participate in Holy Eucharist with full concentration, receiving Holy Qurbana with utmost reverence, can keep discipline in church, can guide children to keep discipline, can say responses clearly, can sing songs clearly and loudly etc. We can take part in choir, can teach Sunday school, can lead Marth Mariam Samajam and so on. No one stops us from doing these. In Mumbai, woman read Old Testament and give sermon on women's day of the church. Christian traditions that officially recognize saints as persons of exceptional holiness of life do list women in that group. Most prominent is Mother Mary who is highly revered throughout Christianity. Although the Apostle Paul respected women and worked side by side with them for the furtherance of the gospel (Rom. 16; Phil. 4:3), he appointed no female elders or pastors. In his letters, he urged that men were to be the leaders in the church and that women were not to teach or exercise authority over men (1 Tim. 2:12). Therefore, although women are spiritual equals with men and the ministry of women is essential to the body of Christ, women are excluded from leadership over men in the church. Men and women stand as equals before God, both bearing the image of God Himself. However, without making one inferior to the other, God calls upon both men and women to fulfil the roles and responsibilities specifically designed for them (1 Cor. 11:3 "But I want you to understand that the head of every man is Christ, the head of a wife is her husband").

In the Society: Mathew 5:14 says, "You are the light of the world", so "shine and arise, for your light has come (Isaiah 60:1)". God chose you for two reasons: to bless you, and to make you a blessing to others (Gen. 12:2). "Spread the word of gospel as Jesus taught". "Be kind to one another, forgiving one another (Eph. 4:32)" because all of us are already fighting a hard battle. Women play a great role in the growth and development of the society and making it an advanced and modern society. Any woman who understands the problems of running a home will be nearer to understanding the problems of running a country. There is a famous saying by the Brigham Young that, "You educate a man; you educate a man.

You educate a woman; you educate a generation." Because it is true that, if a man is getting educated and empowered, only he can be benefitted however if a woman is getting educated and empowered, whole family and society can be benefitted. Educating and giving power to the women is of great importance which needs to be followed in the society to bring women empowerment and development of society. If we light a lamp for someone else, it will also brighten our path. When we do the best we can, we never know what miracle is wrote in our life, or in the life of another. Never stop sharing caring and helping others because it makes our life more meaningful. If we compare the current status of women than the ancient time, we can say that really the condition is improving gradually. "You go into the vineyard too" (Mt. 20:3-4) This was the call of our Lord Jesus to every person in this world and a call that prays and hopes for a response. Without the contribution of women, society is less alive, culture impoverished, and peace less sustainable. We will continue to respond to the call of Our Lord Jesus. Care others especially elders. Share your wealth, knowledge, heart with others. Godliness is often in opposition of what secular society says a woman should aspire to. Although women have traditionally fulfilled supportive roles in serving the church and society and gained their greatest joy and sense of accomplishment from being wives and mothers, the feminist movement has successfully influenced many women to abandon these divine roles. Unfortunately, this movement has made headway even in the church, creating chaos and confusion regarding the role of women both in ministry and in the home.

The time has come for both women and men to grow up to maturity and to the fullness of Christ. We need to find out who we are in Christ. And when we go out and speak the truth—and that is what we need to do—we must speak it in love. It is so easy to label those who disagree with us as evil men and women, but we cannot know the intent of their hearts. God knows and judges our hearts, and he commanded us to love others, even our enemies, and told us not to judge. God's women make a vital contribution to the kingdom of Christ on earth. Their home and their children are to be their priority, in contrast to the world's emphasis today on careers and fulltime jobs for women outside the home. Whether they are continuing steadfastly in prayer (Acts 1:14), doing good works and alms deeds (Acts 9:36), showing hospitality (Acts 12:12; 16:14; 1 Timothy 5:10), teaching the word in harmony with divine authority (Acts 18:26; Titus 2:3, 4), being good wives (Proverbs 31:1), rearing godly children (2 Timothy 1:5; 3:14, 15) (because children are the future of the society), or accomplishing various other commendable tasks, let us "rise up and call them blessed." John Wesley, founder of the Methodist Church said, "Do all the good you can, by all the means you can, in all the ways you can, in all the places you can, at all the times you can, to all the people you can, as long as ever you can". All of us cannot do great things, but we can



do small things with great love. In the society, if we want to reveal our God, do it through the way we live. Let our family be proud of us.

**CONCLUSION:** To really be a woman, one of the greatest needs we have today is for women to simply be women. We don't need any more truck drivers, body builders, cigarette smokers etc., Women are powerful when they decide to be. They can accomplish much in the thinking of those around them when so inclined. Women are influential in this world and we are no exception. Recognize the truth of that statement and determine with all our being that from henceforth and for evermore, our influence will be solidly in favour of the best interest of all. Be a strong woman. So our daughter will have a role model in us and our son will know what to look for in a woman when he is a man. I believe that women really are key players in God's plan for the present age. We are not the only players, but also our role is an important, even a crucial one. And I pray that Christian women will begin to understand who they are and how God wants to use them. It is my prayer that Christian men will begin to look at women through new eyes, through the eyes of the God who made them and fashioned them for His purposes. As women of God our first concern must always be what pleases God. Through all of our endeavours, service, and hard work, we can discern all we are doing is profitable, which spurs us on to a sense of gratification. In fulfilling the divinely given roles taught in the New Testament, women are able to realize their full potential because they are following the plan of their own Creator and Designer. Only in obedience to God and His design will women truly be able, in the fullest sense, to give glory to God. Be the Ambassadors of Christ, try to be photocopies of Him, witness Him through our words, deeds, actions and in every possible means. See good in others, say good to others, do good to others, be good to others and get very good from others and let others say a Christian woman is a role model. Invoking the blessings of God the Father, the guidance of the Holy Spirit and the love and the intercession of our blessed Mother, we will continue, to journey to the vineyard of the Lord.

# ജീവിതത്തിൽ എന്തിനാണ് പ്രാധാന്യം



ഒരിക്കൽ ഒരേ സ്ക്കൂളിൽ ഒരുമിച്ചു പഠിച്ച് പിന്നീട് പലവഴി പിരിഞ്ഞുപോയ അഞ്ച് വിദ്യാർത്ഥികൾ വർഷങ്ങൾക്കുശേഷം ഒരുമിച്ച് തങ്ങളുടെ പ്രിയപ്പെട്ട അദ്ധ്യാപകനെ കാണാനെത്തി. നിറഞ്ഞ സന്തോഷത്തോടെ അവരെ സ്വീകരിച്ചിരുത്തി, വിശേഷങ്ങൾ ചോദിച്ചറിഞ്ഞ അദ്ധ്യാപകൻ അവരെല്ലാം ഉയർന്ന ജോലികളിലും ഉന്നതമായ നിലകളിലുമാണെന്നറിഞ്ഞ് അതിയായി സന്തോഷിച്ചു. പക്ഷെ അവരുടെ ആരുടെയും മുഖത്ത് അതിന്റേതായ യാതൊരു സന്തോഷവും അദ്ദേഹത്തിന് കാണാൻ സാധിച്ചില്ല. അവരുടെ സംസാരത്തിൽ മുഴുവനും നിറഞ്ഞു നിന്നത് അവരവരുടെ തൊഴിൽപ്രശ്നങ്ങളും ബിസിനസ്സിലെ പ്രതിസന്ധികളും കുടുംബ
വഴക്കുകളുമൊക്കെയായിരുന്നു. ഉയർന്ന പദവികളും ലക്ഷങ്ങളുടെ ബാങ്ക് ബാലൻസുമൊക്കെയുണ്ടെങ്കിലും അടിസ്ഥാനപരമായി അവരാരും അത്ര ഹാപ്പിയല്ല എന്നദ്ദേഹത്തിന് മനസ്സിലായി. അപ്പോൾ അവരിലൊരാൾ പറഞ്ഞു, പണ്ട് ഞങ്ങളുടെ ഏത് പ്രശ്നത്തിനും ഞങ്ങൾ ഉപദേശം തേടിയിരുന്നത് സാറിനോടായിരുന്നു. സാർ അത് വളരെ ലഘുവായി പരിഹരിച്ച് തരികയും ചെയ്യുമായിരുന്നു. അതുകൊണ്ടുതന്നെ ചോദിക്കുകയാണ് ഈ അല്ലലുമലട്ടലുമൊന്നുമില്ലാതെ സന്തോഷത്തോടെയും സമാധാനത്തോടെയും ജീവിക്കാൻ ഞങ്ങളെന്താണ് ചെയ്യേണ്ടത്?

ഒരു ചെറിയ ആലോചനയ്ക്കുശേഷം ഗുരുനാഥൻ എഴുന്നേറ്റ് വീടിനകത്തേക്ക് നടന്നുകൊണ്ട് പറഞ്ഞു ഞാൻ ചായയെടുക്കാം.

ചായ കുടിച്ചുകഴിഞ്ഞാൽ അദ്ദേഹം തങ്ങൾക്ക് വേണ്ട ഉപദേശങ്ങൾ നൽകും എന്ന വിശ്വാസത്തോടെ അവർ അഞ്ചുപേരും കാത്തിരുന്നു.  അൽപം കഴിഞ്ഞപ്പോൾ ഒരു ട്രേയിൽ ചായ നിറച്ച ഗ്ലാസുകളുമായി വന്ന് അവരുടെ മുമ്പിലുള്ള ടീപ്പോയിൽ വച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു, എല്ലാവരും ചായയെടുത്ത് കുടിക്കൂ

ഉടനെ അവർ അഞ്ചുപേരും  ഓരോ കപ്പ് വീതം കൈയിലെടുത്ത് ചായ കുടിക്കാൻ തുടങ്ങി. അൽപനേരം അവർ അഞ്ചുപേരേയും നിരീക്ഷിച്ചശേഷം അദ്ദേഹം ഒന്ന് മൊരടനക്കിക്കൊണ്ട് പറഞ്ഞു

ഇനി നിങ്ങൾ നേരത്തെ പറഞ്ഞ വിഷയത്തിലേക്ക് വരാം.

അത് കേട്ട് അവർ അഞ്ചുപേരും പ്രതീക്ഷയോടെ അദ്ദേഹത്തിന്റെ മുഖത്തേക്ക് നോക്കിയിരുന്നു

അദ്ദേഹം പറഞ്ഞുതുടങ്ങി

ഞാനിപ്പോൾ നിങ്ങളുടെ മുമ്പിൽ കൊണ്ടുവന്നു വച്ച ഈ ട്രേയിൽ 7 കപ്പുകളുണ്ടായിരുന്നു. അതിൽ അഞ്ചെണ്ണം മനോഹരമായ ചിത്രപ്പണികൾ നിറഞ്ഞ വിലകൂടിയ പോർസലീൻ കപ്പുകളായിരുന്നു ബാക്കി രണ്ടെണ്ണം സാധാരണ സ്റ്റീൽ ടംബ്ലറുകളായിരുന്നു. പക്ഷെ ഇവയിലെല്ലാറ്റിലും ഉള്ളത് ഒരേ ചായയായിരുന്നു.

കൗതുകത്തോടെ തന്റെ വാക്കുകൾ കേട്ടുകൊണ്ടിരുന്ന ആ അഞ്ചുപേരോടുമായി അദ്ദേഹം ചോദിച്ചു

എന്തുകൊണ്ട് നിങ്ങളാരും സ്റ്റീൽ ടംബ്ലറുകൾ

എടുത്തില്ല? എന്തുകൊണ്ടാണ് പോർസലീൻ കപ്പുകൾ മാത്രമെടുത്തത്.

ആ അഞ്ചുപേരും പെട്ടെന്നൊരുത്തരം പറയാൻ കഴിയാതെ സങ്കോചത്തോടെ പരസ്പരം നോക്കി.

അതിനുള്ള ഉത്തരം ഞാൻതന്നെ പറയാം, അദ്ദേഹം തുടർന്നു. ചായ കുടിക്കുക എന്നതാണ് നമ്മുടെ ആവശ്യം, ഇവിടെ കപ്പുകളിൽ മാത്രമെ വ്യത്യാസമുള്ളു. അതിനകത്തുള്ള ചായ ഒന്നുതന്നെയാണ്. ഇവിടെ നാം ചായയ്ക്കാണ് പ്രാധാന്യം നൽകേണ്ടിയിരുന്നത്, പക്ഷെ അറിഞ്ഞോ അറിയാതെയൊ നാം പ്രാധാന്യം നൽകിയത് കപ്പുകൾക്കാണ്.

ഒന്നു നിർത്തി എല്ലാവരെയും ഒരുവട്ടം മാറിമാറി നോക്കിയശേഷം അദ്ദേഹം തുടർന്നു.

നമ്മുടെ ജീവിതം എന്നുപറയുന്നത് ചായപോലെയാണ്. നമ്മുടെ തൊഴിലും ബിസിനസ്സും മറ്റുമെല്ലാം ഈ കപ്പുകൾ പോലെയും, ഇവിടെ ചായയ്ക്കുവേണ്ടിയാണ് കപ്പുകൾ, അല്ലാതെ കപ്പുകൾക്കുവേണ്ടിയല്ല ചായ. നമ്മുടെ ജോലിയും ബിസിനസ്സും വരുമാനവും വസ്ത്രങ്ങളും ആഭരണങ്ങളും സ്വത്തും സമ്പത്തുമെല്ലാം നമ്മുടെ ജീവിതം സന്തോഷകരമാക്കാനുള്ള ചെറിയ ഉപാധികൾ മാത്രമാണ്. അത് തന്നെയാണ് ജീവിതം എന്ന് ചിന്തിച്ച് അവയ്ക്ക് പിന്നാലെ പോയാൽ സന്തോഷമുണ്ടാകയില്ല. അവയ്ക്ക് അവ അർഹിക്കുന്ന പ്രാധാന്യം മാത്രം നൽകി ജീവിതത്തിലെ സുപ്രധാനമായ ഘടകങ്ങളിൽ ശ്രദ്ധ പതിപ്പിക്കുക. ഭാര്യയോടും മക്കളോടുമൊപ്പം സമയം ചെലവഴിക്കുക, പ്രായമായ അച്ഛനമ്മമാരോടൊപ്പമിരിക്കാൻ സമയം കണ്ടെത്തുക. കൂട്ടുകാരോടും നാട്ടുകാരോടും അൽപ്പനേരം സൊറ പറഞ്ഞിരിക്കുക. അവനവന് സന്തോഷം നൽകുന്ന പ്രവൃത്തികളിലേർപ്പെടുക. ചുരുക്കിപ്പറഞ്ഞാൽ മത്സരിക്കാനും പിടിച്ചടക്കാനും മാത്രമല്ല ജീവിക്കാനും സമയം കണ്ടെത്തുക.

ജീവിതത്തിൽ എന്തിനാണൊ പ്രാധാന്യം നൽകേണ്ടത് അത് മാത്രം തലയിലേറ്റി വയ്ക്കുക. കപ്പിനു പുറകെപോയി ചായയെ മറന്നു കളയാതിരിക്കുക. അപ്പോൾ നിങ്ങൾ നേരത്തെ ചോദിച്ച സന്തോഷവും സമാധാനവും നിങ്ങളെത്തേടി വരും.

ആ അഞ്ച് പേർക്കും അതൊരു വലിയ തിരിച്ചറിവായിരുന്നു. അത്രനാൾ തങ്ങൾ സഞ്ചരിച്ച വഴികളായിരുന്നില്ല ശരി എന്നവർ തിരിച്ചറിഞ്ഞു. ഗുരുനാഥനോട് നന്ദി പറഞ്ഞ് അവർ അവിടെ നിന്നിറങ്ങി.

നമുക്കും ഇതൊരു പാഠമായിരിക്കട്ടെ

ജീവിതത്തിൽ എന്തിനാണ് പ്രാധാന്യം എന്ന് തിരിച്ചറിയുകയാണ് സന്തോഷത്തിലേക്കുള്ള എളുപ്പമാർഗ്ഗം.

പദവിയും അധികാരവും സമ്പത്തുമെല്ലാം ജീവിതത്തിന്റെ രുചി കൂട്ടാനുള്ള മേമ്പൊടികൾ മാത്രമാണ്. അവ അളവിൽക്കൂടുതൽ വാരിയിട്ടാൽ ജീവിതം ആസ്വദിക്കാൻ കഴിയാതെ വരും. അതിന്റെ രുചിയും ഫലവും നഷ്ടപ്പെടും, അതിനാൽ കപ്പിന്റെ ഭംഗിയും വലിപ്പവും കാര്യമാക്കാതെ ചായ ആസ്വദിച്ചു കുടിക്കൂ.

കടപ്പാട് Social Media



**പട്ന മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിലെ മർത്തമറിയം വനിതാസമാജത്തിന്റെ വിവാഹ ധനസഹായ പദ്ധതി.**

പട്ന: മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിലെ മർത്തമറിയം വനിതാസമാജത്തിന്റെ നേതൃത്വത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു പെൺകുട്ടിയുടെ വിവാഹം നടത്തിക്കൊടുക്കുന്നതിനു തിരുമാനിച്ചിരിക്കുകയും അതിനു വേണ്ടുന്ന അപേക്ഷ ക്ഷണിക്കുകയും ചെയ്യുന്നു.

അപേക്ഷകർ തഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

അപേക്ഷകർ 20 വയസു തികഞ്ഞ ഓർത്തഡോക്സ് വിശ്വാസികളായ പെൺകുട്ടിയുടെ മാതാപിതാക്കൾ ആയിരിക്കണം. വിവാഹം കഴിക്കുന്ന വരനും ഓർത്തഡോക്സ് സഭാംഗം ആയിരിക്കണം .വരന്റെയും വധുവിന്റെയും ഇടവകകളിലെ വികാരിയുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ചേർക്കണം. 4 ലക്ഷം രൂപ വരെയുള്ള എല്ലാ വിവാഹ ചിലവുകളും പട്ന ഇടവകയിലെ മർത്തമറിയം വനിതാ സമാജത്തിന്റെയും ഇടവക വികാരിയുടെയും മേൽനോട്ടത്തിൽ വഹിക്കപ്പെടുന്നതാണ്. മെയ് അവസാന വാരമോ ജൂൺ ആദ്യവാരമോ വിവാഹം നടക്കുന്ന രീതിയിലുള്ള ഒരുക്കങ്ങൾ നടത്തേണ്ടതാണ്. അപേക്ഷകർ മാർച്ച് മാസം 15 ന് മുൻപ് വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ തഴെ പറയുന്ന വിലാസത്തിൽ അയയ്ക്കുക

അപേക്ഷകരിൽ നിന്നും അർഹരായ വ്യക്തിയെ കണ്ടെത്തുവാനുള്ള പൂർണ്ണമായ അധികാരം പട്ന ഇടവക മർത്തമറിയം വനിതാ സമാജത്തിനും, ഇടവക ഭരണ സമിതിക്കും ആയിരിക്കും.

മേൽപറഞ്ഞ വിഷയത്തിൽ കൂടുതലായി എന്തെങ്കിലും അറിയുവാൻ ആഗ്രഹിക്കുന്നവർ തഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്

ഫാ. വർഗീസ് പി. ജോഷ്വ, ഇടവക വികാരി, ഫോൺ നമ്പർ: 6206464984

ഷിബു സാമുവേൽ, ഇടവക ട്രസ്റ്റി, ഫോൺ നമ്പർ: 9334413261

എന്ന്,

പട്ന മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക, മർത്തമറിയം

വനിതാസമാജത്തിനും വേണ്ടി,

ഫാദർ വർഗീസ് പി. ജോഷ്വ

വികാരി


# CALLEDBY GOD'S NAME

**Joseph Cherian,** Secunderabad

Today's devotional is from the book of Deuteronomy it reads " Then all peoples of the earth shall see that you are called by the name of the lord and they shall be afraid of you" . [ Deu 28:10]

God's people are called by His name and Gods name is holy. The law of God forbids even using the name of God in vain [Exodus 20:7] implying that there is a power which is to be acknowledged by the name of the Lord. When our Lord taught His disciples to pray He taught them saying "Our Father who is in heaven hallowed be your name" [Mathew 6:9]. Thus it is very clear that we invoke Gods name we are invoking His very presence. This can be dreadful to the evil people and at the same time a matter of consolation to the people of God.

The apostles were in such a situation after the resurrection of the Lord Jesus, they began preaching the word of God and met with much opposition their hearts trembled and they sought Gods guidance crying out to him as it is written "When they had prayed the place in which they were gathered together was shaken and they were all filled with the Holy Spirit and continued to speak the word of God with boldness" [Acts 4: 31]



Our lord Jesus also encouraged His disciples to pray in His name i.e. to ask the father their needs invoking His name as it is written in the gospel of John " whatever you ask the father in My name He will give it to you" [ John 16: 23]

Therefore as Gods own people we have been given the right to be known by Gods name and to call on God in Jesus name. This gives us great boldness to face the world and encourages us while we battle in the spirit the unseen forces of the evil.

The Apostles proclaim the salvation in Jesus name declaring "And there is salvation in no one else for there is no other name under heaven given among men by which we must be saved [ Acts 4: 12] and this name refers to the name of our Lord Jesus Christ

The word salvation means saving from sins. By His atoning blood shed on the cross of Calvary being the lamb of God who takes away the sins of the world [John 1: 29] our lord Jesus Christ by His power over sin and death for he was sinless and he rose from the grave has been given a name above all other names about which it is written "Therefore God has highly exalted Him and bestowed on Him the name that is above every name" [ Philipians 2:9]

It is this Jesus Christ who commanded His disciples to preach the gospel to the whole world and to baptize the believers in the name of the Father, and the Son and the Holy Spirit as it is written "Go therefore and make disciples of all nations baptizing in the name of the Father and the Son and the Holy Spirits" [Mathew 28: 19]. Thus Gods people are those who are called by His name and those on whom Gods name is present i.e. those who are sealed in God's name about whom it is written in the book of Revelations "Then I looked and behold on Mount Zion stood the lamb and with Him 1,44,000 who had His name and his father's name written on their forehead" [ Rev 14:1]

Beloved everyone who has the seal of God has the presence of God over his life. They are the ones who tread over darkness in their daily lives and shine as examples for the generations. They have been called by God , their purpose of life is God and having been called and living according to Gods will and purpose they represent Gods presence in the midst's of the church, shining examples for all to emulate and the name of God dazzles like a golden crown on their head.

The prophet Jeremiah confirms the special condition of those on whom Gods name rests declaring "Your words were found and I ate them and your words was to me , the joy and rejoicing of my heart For I am called by your name O lord God of Hosts" [ Jeremiah 15:16]. Yes a true prophet has Gods name written on His forehead, he prophesizes truth, His great does not covet. He speaks the truth which God has hidden in his heart and which in suitable time issues forth like a flame of

fire as it is written "Therefore thus says the Lord, the God of Hosts, because you have spoken this word behold I am making my words in your mouth a fire and this people like wood and the fire shall consume them" [Jeremiah 5: 14]

Therefore beloved let us be very careful with the name of the lord and also be careful with those on whom Gods name rests for the fire which comes out of God's presence will consume His enemies. And the enemies of our God are those who pervert the gospel and speak lies in His Holy name deceiving the congregations to do things which the Lord God has not commanded to be done.

When the Apostles Peter and John healed a man who was born male the people were full of wonder and amazement. The apostles did not claim credit for it but rater rebuked the people for their unbelief declaring : "And His name – By faith in His name – has made this man strong whom you see and know and faith that is through Jesus has given the man this perfect health in the presence of you all " [Acts 3: 16]

But about the 7 sons of Sceva , the Jewish High priest , exorcists who fraudulently used the name of our Lord Jesus Christ performing miracles in duplicity it is written thus " But the evil spirit answered them , Jesus I know and Paul I recognize , but who are you and the man in whom was the evil spirit leaped over them, mastered all of them and overpowered them , so that they fled out of the house naked and wounded[Acts 19: 15-1].

Therefore the name of our God is true and holy, a refuge to those who are his genuine followers and sons, but it is a curse to those who misuse it and try to turn it into a business of making money.

Beloved let me conclude

1. Gods promise is salvation to all. This has been freely poured to all mankind in Christ Jesus as it is written " And it shall come to pass that whoever calls on the name of the Lord shall be saved" [Joel 2: 32, acts 2: 21, Romans 10: 13]

2. Gods people will have to pass through fire each one of them individually to receive Gods name as an inheritance as it is written " I will bring one third through fire , will refine them as silver is refined and test them as gold is tested . they will call on my name and I will answer them I will say this is My people and each one will say the Lord is My God" [ Zechariah 13:9]

3. The day is coming when all Gods people will call upon His name as it is written in the prophecy of Zephaniah " For then I will restore to the peoples a pure language , that they all may call on the name of the Lord to serve Him with one accord" [ Zephaniah 3:9]

Therefore as the name of God is upon us, as His holy congregation let us call out to Him in our needs and he will answer us, for indeed he is our God and we are His people.

- A M E N -

## OBITUARY



### M. JOHN


Called to Heavenly Abode on
**14 Jan 2020**

Founder Member
St. Mary's Orthodox Church Raipur &
Father-in-law of Fr. K. K. Joseph

His funeral service was held at Raipur on
17.01.2020 led by
H. G. Dr. Joseph Mar Dionysius
Metropolitan Calcutta Diocese

**May His Soul Rest in Peace**

## OBITUARY



### GEORGE PAUL

Called to Heavenly Abode on
**26 Nov 2019**

Lay Trustee of
Malankara Orthodox Church

Calcutta Diocese extent our heartfelt
condolences to the bereaved family
members & friends

**May His Soul Rest in Peace**

# CHANGES YOU NEED TO IMPLEMENT IN 2020

-Libin Vinoj Koshy, Bhilai






At one second past midnight on January 1, the day had changed from Tuesday to Wednesday, usually an unremarkable transition of no special significance. Years come and go, resolutions are made and broke, days dawn and set but human life rolls and rolls with its own sufferings. But somehow, we have decided that this change, which would end one year and begin the next, is different. We usually make many resolutions. Resolutions are mainly strategic reminders for our repentant hearts.

As Christians, these should be set in place to progress of the will of God in our lives. Before compiling a new list of goals, celebrate each and every step of progress that was made during the last year. Pay homage to the work that God has done in our lives, before surging into the next stage of life. Giving God glory in worship for the accomplishments that we have achieved is a necessary element in the Christian attribute of fostering a grateful heart. Taking our failures into account, as well, shines light into the areas of our lives where prayer for clarity is needed. Our plans may or may not be God's plan. If we want to be successful with any of the New Year's resolution, we must seek God's will. What God want for our lives?

As the scripture says "for this reason, my brothers and sisters, be patient as you wait for the return of the Lord. Look! The farmer knows how to wait patiently for the land to produce vegetables and fruits. He cannot harvest a freshly planted seed. Instead, he waits for the early and the late showers to nourish the soil. You need this same kind of patience, so in the meantime, strengthen your resolve because the Lord will be coming soon" -James 5:7-8.

The farmer waits patiently for the Lord to bring the growth, but it doesn't mean that he sits on his porch doing nothing. The farmer works very hard, watering and weeding, repairing equipment, and completing all of daily chores. When a farmer does what a farmer is supposed to do, God is able to do the things that only he can do. It's not much easy being patient. I need you to reflect on few things:

**What blessing did God gifted upon you? If so, did you thank God of what he had given you?**

**Did you experienced any loses? If so, how have these experienced impacted you?**

**What lessons did God taught you during the past year?**

**Love and Care For Others**

As the scripture says **"Love must be completely sincere. Hate what is evil, hold on to what is good. Love one another warmly as Christians, and be eager to show respect for one another"** – Romans 12:9-10. If you want lasting change in your life, you must fill your life with love. Love is the only thing that can change the unchangeable. Love invigorates. Love revitalizes. Love renews. Love refreshes. Love is the most powerful force in the universe, because God is

love. The Bible doesn't say God has love, it says he is love. Love heals what cannot otherwise be healed. Love uplifts. Love strengthens. Love energizes. Love empowers. All of us want to love like Jesus. We want to be generous, forgiving, and compassionate enough to love people unconditionally. But no matter how hard we try, somehow, we fall short. Our humanness gets in the way. We can love, but we can't do it perfectly. Learn the secret to loving like Jesus by abiding in him. Here's the amazing thing: God has wired the universe so that when you help other people, God takes care of your problems. God is looking at you not to say, **"Are you helping yourself?" but "Are you helping others?"** Do you want help with your goals? Start helping other people with their goals. Show love. Give yourself away. There is healing in giving back. The Bible tells us the story of Job, who lost everything. He lost his health, he lost his family, he lost his wealth. He lost it all. At the end of the book, God gave it all back to Job. Why? Because Job prayed for himself? No. It says, **"Then, after Job had prayed for his three friends, the Lord made him prosperous again and gave him twice as much as he had had before"**- Job 42:10.

### Family Prayer (Kudumba Prarthana)

It has never been more important for families to pray together. Prayer is the foundation of the Christian home and is one of the best ways to help your family thrive. We are living in a time where we are experiencing an unprecedented cultural attack on biblical values and the structure of the home. Busy schedules, technology distractions and a general lack of enthusiasm also make this vital goal difficult. It's important that we change the focus of our families from the world to the Lord, and the mood of our households from one of frustration to one of peace and joy. When you pray together as a family, each member learns what it means to be intimate with God and when you see answers to prayer, you can experience his love and presence in your daily lives. When you pray out loud, it gives your family the opportunity to release their deepest hurts, giving them a voice. When you give your emotions a voice and a name, they become valid. When your feelings and emotions are validated and understood by a God who loves you, then you're on the road to recovery. Praying together as a family also gives each person an opportunity to forgive themselves and forgive others. The glue that holds a family together is relationship – relationship with God and with each other. Prayer builds unity and intimacy not only with the person to whom we pray, but the people we pray with, and those we pray for. By praying together, a couple's relationship and home life can be changed for the better. By praying together, a broken family can be restored.

### Meditating Bible Everyday

The goal isn't just to read some verses and walk back into the rest of your life unaffected. The goal of reading your Bible should be to know God better and do what He says. All Scripture is inspired by God, and He communicates His truth and love through its words (2 Timothy 3:16-17). By reading the Bible, we're learning Jesus is God who came to rescue us. He gives us what we need to live our lives with purpose and meaningful connections. When we experience the truth revealed in Scripture, we're given the opportunity to change in some way. Since the Bible is full of truth, we have so many things to learn and ways to grow. Scripture is a powerful tool God can use throughout our lives. Even if you've read the Bible for most of your life, there is always more to learn. Each time we open the Bible, God shows us something new and leads us further than we've been before. Jesus wants us to have a better New Year than we want for ourselves. The best way to discover what He has in store for us is to listen to Him and do what He says. That process begins with the instructions He's already given us in Scripture.

### Attending Holy Eucharist

As Orthodox believers, church attendance is of high importance. It is a place we can all come together to worship, be encouraged, and learn from God's words for spiritual growth. **Holy Qurbana** is the most important sacrament of the Church. Our Lord instituted this sacrament on the eve of His death and gave special instruction to continue to celebrate it. Holy Qurbana is the great festivity and celebration where our Lord's birth, public ministry, passion, crucifixion, death, burial, resurrection, ascension, Second Advent and banquet with Him in eternity are commemorated. "Then he took a piece of bread, gave thanks to God, broke it, and gave it to them, saying, **"This is my body, which is given for you. Do this in memory of me."** In the same way, he gave them the cup after the supper, saying, **"This cup is God's new covenant sealed with my blood, which is poured out for you"**- Luke 22:19-20. It is imperishable food for the journey to the kingdom of heaven.

**So let us recite David's prayer every morning be our other resolution:**

**"Create a pure heart in me, O God, and put a new and loyal spirit in me. Do not banish me from your presence; do not take your holy spirit away from me."** – Psalms 51:10-11

So let us resolve to give our attitudes to our Lord. Commit to make difference at home, in your workplace, on roads and even at your church. We live as though life is completely up to us, but if we are **'in Christ'**, we are a part of team. Let **'the Christ'** be the leader of our team. The power of the name **'Christ'** can never be measured. **"For every one who calls on the name of the Lord will be saved."** (Romans 10: 13)




# എന്താണ് പ്രാർത്ഥന ?
# എന്തിന് പ്രാർത്ഥിക്കണം?
# എങ്ങനെ പ്രാർത്ഥിക്കണം?

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

**1. എന്താണ് പ്രാർത്ഥന?**

പ്രാർത്ഥന ശ്വാസോച്ഛ്വാസത്തിന് സമാനമാണ് . ശ്വാസോച്ഛ്വാസം കൂടാതെ നമുക്ക് ജീവനം സാദ്ധ്യമല്ല. ശ്വസനപ്രക്രിയയിൽ, വായു നമ്മുടെ ശ്വാസകോശങ്ങളിലേക്ക് കടന്നുചെന്ന് ധമനികളിലെ രക്തത്തിൽ നിന്ന് കാർബൺഡയോക്സൈഡിനെ പുറന്തള്ളി ഓക്സിജനെ സംക്രമിപ്പിച്ചുകൊണ്ട്, അതിനെ ശുദ്ധീകരിക്കുന്നു. ഏതാനും മിനുറ്റുകൾ എന്റെ ശ്വസനപ്രക്രിയ നിലച്ചുപോയാൽ എന്റെ ജീവൻ ഇല്ലാതെയാകുകയാണ്. അതുപോലെ, കാഠിന്യമേറിയ ശാരീരിക അദ്ധ്വാനങ്ങളിൽ മുഴുകുമ്പോൾ, ഞാൻ സുഷുപ്തിയിലായിരിക്കുന്നതോ ഒരു കസേരയിൽ ഇരുന്ന് വിശ്രമിക്കുന്നതോ ആയ വിധത്തിലുള്ള അവസ്ഥകളെ അപേക്ഷിച്ച്, കൂടുതൽ വായു എനിക്ക് ആവശ്യമായി വരുന്നുണ്ട്.

ഭാഗ്യവശാൽ ദൈവം നമ്മളെയൊക്കെ ആക്കി വെച്ചിരിക്കുന്ന ഇടങ്ങളിൽ കുറച്ചു സമയത്തേക്ക് നമ്മൾ പ്രാർത്ഥിക്കുവാൻ വൈമുഖ്യരായി പോകുന്നതുകൊണ്ട് ആത്മീയ മരണം അനുഭവിക്കുവാൻ ഇടയാകുന്നില്ല. അതേ സമയം, പ്രാർത്ഥന ഇല്ലാതെ വരുന്ന ഇടങ്ങളിൽ പാപം പെരുകുകയും ശരിയായ രീതിയിലുള്ള ആത്മീയ ജീവിതം തടസപ്പെടുകയും ചെയ്യുന്നു. അതുപോലെ തന്നെ ആത്മീയ തലങ്ങളിൽ കൂടുതലായി നിങ്ങൾക്ക് പ്രവർത്തിക്കണമെന്നുണ്ടെങ്കിൽ സാധാരണയേക്കാൾ അധികമായി നിങ്ങൾ പ്രാർത്ഥനയിൽ മുഴുകേണ്ടത് ആവശ്യമാണ്. സുസ്ഥിരമായ പ്രാർത്ഥനാജീവിതം നയിക്കുന്നവരാണ് തങ്ങളുടെ ആത്മീയപേശികൾക്ക് ആവശ്യാനുസരണം വ്യായാമം പ്രദാനം ചെയ്യുന്നതും അവയെ ബലവത്താക്കുന്നതും.

പ്രാർത്ഥനയെന്നത് ദൈവവുമായുള്ള ഒരു സംവേദനമാണ്, അഥവാ ഒരു സമ്പർക്കമാണ്. നമ്മൾ ദൈവതിരുമുമ്പാകെ നമ്മളെത്തന്നെ തുറന്നുവെക്കുന്നു, അങ്ങനെ ദൈവസ്നേഹത്തെ നമ്മൾ സ്വീകരിക്കുന്നു, ഉൾക്കൊള്ളുന്നു. ഈയൊരു സ്നേഹബന്ധത്തിൽ ബോധപൂർവ്വം ജീവിക്കുമ്പോൾ ദൈവസാദൃശ്യത്തിലേക്കുള്ള നമ്മുടെ രൂപാന്തരത്തിന് സാദ്ധ്യതകൾ തെളിയുന്നു. പ്രാർത്ഥനയിലൂടെ നാം കൂടുതലായി ദൈവത്തെപ്പോലെയാകുന്നു, കൂടുതൽ സ്നേഹാധിഷ്ഠരാകുന്നു, കൂടുതൽ ജ്ഞാനികളാകുന്നു, കൂടുതൽ ശക്തരാകുന്നു, കൂടുതൽ ദയാലുക്കളും സുകൃതജീവിതം നയിക്കുന്നവരുമാകുന്നു.

നമുക്ക് വേണ്ടുന്നതും വേണ്ടാത്തതും ആയ സർവ്വവസ്തുക്കളും ദൈവത്തോട് ചോദിക്കുവാൻ , ആവശ്യപ്പെടുവാൻ ഉള്ള മാധ്യമം അല്ല പ്രാർത്ഥന. കൗമാരപ്രായമായ മക്കൾ പൊതുവെ തങ്ങളുടെ ഭൗമിക പിതാക്കളോടു സംസാരിക്കുന്നതുതന്നെ അവർക്ക് പണസംബന്ധിയായ എന്തെങ്കിലും ആവശ്യങ്ങൾ നേരിടുമ്പോഴാണല്ലോ. നമ്മുടെ സ്വർഗ്ഗീയ പിതാവുമായുള്ള ബന്ധം അത്തരത്തിലാകരുത്; അതായത് ആവശ്യങ്ങൾ വരുമ്പോൾ മാത്രം ദൈവസന്നിധിലേക്ക് ശ്രദ്ധതിരിക്കുന്നവരാകരുത് നമ്മൾ. ദൈവവുമായുള്ള ബന്ധം അതിൽതന്നെ അമൂല്യമാണ്, കാരണം അതിന്റെ അടിസ്ഥാനം സ്നേഹമാണ്. അത്തരം ഒരു ബന്ധത്തിൽ നിന്ന് നാം എന്തു നേടുന്നു എന്നതല്ല പ്രസക്തം, മറിച്ച് സ്നേഹ സമ്പന്നനായ നമ്മുടെ സ്വർഗ്ഗീയ പിതാവുമായി നമ്മൾ സമ്പർക്കം പുലർത്തിക്കൊണ്ടേയിരിക്കുന്നുവെന്ന വസ്തുതയാണ് പ്രധാനം.

**2. എന്തിനു പ്രാർത്ഥിക്കണം?**

നമ്മൾ ചോദിക്കുതിനു മുമ്പു തന്നെ നമ്മുടെ ആവശ്യങ്ങൾ എന്തൊക്കെയെന്ന് ദൈവം അറിയുന്നില്ലേ? നമ്മൾ ഓരോ കാര്യവും ആവശ്യപ്പെടണമെന്ന് എന്തുകൊണ്ടാണ് ദൈവം ആഗ്രഹിക്കുന്നത് ? പ്രാർത്ഥനയാൽ ദൈവത്തിന്റെ ഇച്ഛ ഏതെങ്കിലും വിധത്തിൽ മാറ്റപ്പെടുന്നുണ്ടോ? എന്നെപ്പറ്റി ദൈവം നിർണയിച്ചിരിക്കുന്നത് എന്തോ അത് എന്റെ പ്രാർത്ഥനകൊണ്ട് വ്യത്യാസപ്പെടുമോ?

തികച്ചും ന്യായമായ ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടത്. വി. വേദപുസ്തകം വളരെ വ്യക്തതയോടെ ഇങ്ങനെ പറയുന്നു; എന്തെന്നാൽ നിങ്ങൾ അപേക്ഷിക്കുന്നതിനു മുമ്പുതന്നെ

നിങ്ങൾക്കെന്താണ് ആവശ്യമുള്ളതെന്ന് നിങ്ങളുടെ പിതാവ് അറിയുന്നുണ്ട് (വി. മത്തായി 6:8). അതേസമയം ദൈവം ഇഷ്ടപ്പെടുന്നത് നമ്മുടെ ആവശ്യങ്ങളെപ്പോലെതന്നെ മറ്റുള്ളവരുടെ

ആവശ്യങ്ങളും നാം അറിയേതുണ്ടെന്നാണ് നമ്മുടെ ഇച്ഛ തിന്മയിലേക്ക് പായരുതെന്നാണ് ദൈവം ആഗ്രഹിക്കുന്നത്,

മറിച്ച് നന്മയോട് തീഷ്ണമായ പ്രതിപത്തിയുണ്ടാകണം. അതുകൊണ്ട് നന്മയെ കാംക്ഷിക്കുവാൻ ഇച്ഛയ്ക്കു കൊടുക്കുന്ന പരിശീലനമായി പ്രാർത്ഥനയെ മനസിലാക്കണം: തന്നെയുമല്ല, സർവ്വ നന്മകളുടെയും പാരമ്യമായ ദൈവസന്നിധിയിലേക്ക് നമ്മുടെ ഇച്ഛകളെ ചേർത്തു നിർത്തുന്നതും പ്രാർത്ഥനയാണ്.

അതായത്, നമ്മുടെ സ്വാതന്ത്ര്യത്താൽ നന്മയിലേക്കു തിരിയുവാനും നന്മയെ ഇച്ഛിക്കുവാനും, അങ്ങനെ എപ്പോഴും നന്മയിൽ മാത്രം ആയിരിക്കുവാനുമുള്ള മാർഗമാണ് പ്രാർത്ഥന. പ്രാർത്ഥനയാൽ നമ്മൾ ദൈവ സദൃശരായിത്തീരുന്നു. ദൈവം നന്മയാണ്, നന്മ ഇച്ഛിക്കുന്നവനാണ്. നന്മ മാത്രം ഇച്ഛിക്കുകയും ആഗ്രഹിക്കുകയും ചെയ്തുകൊണ്ട് നാം ഓരോരുത്തരും ദൈവസദൃശരായിത്തീരേതാണ്. ദൈവസമ്പർക്കത്തിൽ നന്മ മാത്രം കാംക്ഷിക്കുവാൻ നാം ശീലിക്കുന്നു: ദൈവം ആഗ്രഹിക്കുന്നതും അതു തന്നെ.

പ്രകാശം ഉണ്ടാകട്ടെ എന്ന് ദൈവം കല്പിച്ചു പ്രകാശം ഉണ്ടായി . പ്രകാശം നല്ലത് എന്ന് ദൈവം കണ്ടു (ഉൽപത്തി 1:3,4). ദൈവം എന്താണോ ഇച്ഛിച്ചത് , അത് യാഥാർത്ഥ്യമായി. നമ്മൾ ദൈവത്തെപ്പോലെ ആകേണ്ടവരാണ്. ആയതിനാൽ, നന്മ ഇച്ഛിക്കുവാനുള്ള പ്രാപ്തി നമ്മളും ആർജ്ജിക്കേണ്ടത്: നമ്മൾ കൂടുതൽ കൂടുതലായി ദൈവസദൃശരായിത്തീരുന്നതോടെ നാം ഇച്ഛിക്കുന്നത് യാഥാർത്ഥ്യമായിത്തീരും. പ്രാർത്ഥനയെന്നത് നന്മ കാംക്ഷിക്കുന്ന, നന്മയെ സാക്ഷാൽക്കരിക്കുന്ന നമ്മുടെ ഇച്ഛയുടെ പ്രകടമാണ്. സ്വാർത്ഥത, അഹങ്കാരം, ദുർമോഹങ്ങൾ എന്നിവയിൽ നിന്നൊക്കെ മോചനം പ്രാപിച്ചുകഴിയുമ്പോൾ നമ്മുടെ പ്രാർത്ഥനകൾ സർഗ്ഗാത്മകമായ ദൈവവചനത്തിനു സമാനമായിരിക്കും, അത് പ്രകാശം ഉണ്ടാകട്ടെ എന്നു പറയുമ്പോൾ പ്രകാശം ഉണ്ടാകുകയും ചെയ്യും.

ദൈവം നമ്മളെ ആക്കിവെച്ചിരിക്കുന്നത് തന്റെ ദിവ്യപ്രകൃതത്തിൽ ഭാഗഭാക്കാകുവാനാണ്. അവൻ നമ്മെ

വിളിച്ചിരിക്കുന്നത് തന്റെ മഹത്വത്തിന്റെയും പരിജ്ഞാനത്തിന്റെയും പങ്കാളികൾ ആകുവാനത്രെ (2 പത്രോസ് 1:4). നമ്മൾ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് അനുസരണയിലും പ്രാർത്ഥനയിലും ആരാധനയിലും സുകൃതങ്ങളിലും വിജ്ഞാനത്തിലും ദൈവഭക്തിയിലും സഹോദരപ്രീതിയിലും അധിഷ്ഠിതമായ ജീവിതം നയിക്കുമ്പോൾ (2 പത്രോസ് 1:5 - 8) നാം ദൈവസാദൃശ്യത്തിലേക്കു രൂപാന്തരപ്പെട്ടുകൊണ്ട് തന്റെ ദിവ്യശക്തിയിൽ പങ്കാളികളാകുന്നു. ദൈവം നമ്മിൽ നിന്ന് ഇച്ഛിക്കുന്നത് ഈ പ്രപഞ്ചത്തെ രൂപപ്പെടുത്തുന്നതിൽ പ്രാർത്ഥനയിലൂടെയും വിജ്ഞാനത്തിലൂടെയും പ്രവൃത്തിയിലൂടെയും പങ്കുചേരുവാനത്രേ.

നമ്മുടെ പ്രാർത്ഥനകൾ ഒരിക്കലും സ്വാർത്ഥപരമായിരിക്കരുത്. ദൈവമായിരിക്കണം, ദൈവം മാത്രമായിരിക്കണം പ്രാർത്ഥനയിലെ പ്രാഥമിക ദൃഷ്ടികേന്ദ്രം ബിന്ദു അഥവ കേന്ദ്രബിന്ദു. ദൈവം പ്രാഥമിക ദൃഷ്ടികേന്ദ്രമായിരിക്കുമ്പോൾ ദ്വിതീയകേന്ദ്രം നമ്മുടെയെല്ലാം സമസൃഷ്ടികൾ തന്നെയാണ്. ഇവ രണ്ടും കഴിഞ്ഞ് മൂന്നാമതു മാത്രമാണ് നമുക്കുവേണ്ടതായ നമ്മുടെ ആവശ്യങ്ങൾ. കർത്തൃപ്രാർത്ഥന ശ്രദ്ധിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്, ആദ്യത്തെ അപേക്ഷകൾ ദൈവകേന്ദ്രീകൃതമാണ് എന്നു തന്നെയാണല്ലോ - ദൈവനാമം, ദൈവരാജ്യം, ദൈവഇഷ്ടം. നമ്മുടെ പ്രാർത്ഥനകളുടെയും ഘടന ഇതേപോലെ തന്നെയായിരിക്കണം. ഇവിടെ നമ്മൾ പ്രാർത്ഥിക്കുന്നത് എല്ലാ മനുഷ്യജീവിതങ്ങളിലും ദൈവിക പദ്ധതികൾ നടപ്പാക്കപ്പെടണമെന്നും തിന്മ ഭൂമുഖത്തു നിന്നും ഉച്ചാടനം ചെയ്യപ്പെടണമെന്നും എല്ലാ മനുഷ്യരും സമാധാനത്തോടെയും നീതിയോടെയും ജീവിതം നയിക്കുവാൻ ഇടയാകണമെന്നുമത്രെ. സർവ്വ നന്മകളുടെയും കേന്ദ്രവും സ്രോതസുമായ ദൈവത്തിന് നമ്മൾ സ്തുതി കരേറ്റുകയും ചെയ്യുന്നു. ദിനംപ്രതിയുള്ള അപ്പത്തിനായാലും കടങ്ങൾ ക്ഷമിക്കപ്പെടാനായാലും തിന്മപ്പെട്ടവരിൽ നിന്നുള്ള സംരക്ഷണത്തിനായാലും അപേക്ഷയിൽ ഏകവചനം അഥവാ പ്രഥമ പുരുഷൻ അല്ല കർത്തൃപ്രാർത്ഥനയിൽ ഉപയോഗിക്കുന്നത്. നമ്മൾ ഇവിടെ അപേക്ഷിക്കുന്ന അത്രയും നമുക്ക് എല്ലാവർക്കുമായാണ്, മനുഷ്യസമൂഹത്തിന് മുഴുവനുമായി.

പ്രാർത്ഥനകളിൽ ഒരിക്കലും നാം തനിച്ചല്ല. തന്നെയുമല്ല. പ്രാർത്ഥിക്കുമ്പോൾ ദൈവസാന്നിദ്ധ്യം മാത്രമല്ല നാം അനുഭവിക്കുന്നത്. സമൂഹമായി നാം പ്രാർത്ഥനകളിൽ മുഴുകുമ്പോൾ ക്രിസ്തുഗാത്രത്തിലെ എല്ലാ അംഗങ്ങളോടും ചേർന്നുനിന്നാണ് ദൈവിക സമ്പർക്കത്തിൽ ഏർപ്പെടുന്നത്. അത്തരം ഒരു അംഗം എന്ന നിലയിൽ നമ്മൾ പ്രാർത്ഥിക്കുമ്പോൾ മറ്റ് അംഗങ്ങൾ എല്ലാവരും നമുക്കൊപ്പം ഉണ്ട് എന്നതാണ് വാസ്തവം. അതുകൊണ്ടാണ് നമ്മുടെ പ്രാർത്ഥനകളിൽ പ്രവാചകന്മാരും അപ്പോസ്തോലന്മാരും വിശുദ്ധ കന്യകമറിയാമും, രക്തസാക്ഷികളും, വിശുദ്ധന്മാരുടെ ഗണവും, മഹാന്മാരായ ഗുരുക്കന്മാരും, വാങ്ങിപ്പോയ സകല വിശ്വാസികളും ജീവിച്ചിരിക്കുന്ന വിശ്വാസികൾക്കൊപ്പം ഓർക്കപ്പെടുന്നത്.

**3.എങ്ങനെ പ്രാർത്ഥിക്കണം**

പ്രാർത്ഥന എന്നത് പഠിക്കേണ്ട ഒരു വിഷയം തന്നെയാണ്. അത് നീന്തലിന് സമാന്തരമാണെന്ന് പറയാൻ സാധിക്കും. നിങ്ങളെ ആദ്യം തന്നെ ഒരു ജലാശയത്തിലേക്ക് തള്ളിയിട്ടാൽ നിങ്ങൾ വെള്ളത്തിന്റെ അടിയിലേക്ക് തന്നെ പോകും എന്നതിന് സംശയമൊന്നും വേണ്ട. നിങ്ങളുടെ മാനസിക വിചാരങ്ങൾ തന്നെ ഭൂഗുരുത്വാകർഷണനിയമം അന്തിമമാണെന്നും അതിനെ മാറ്റിയെഴുതുക അസാദ്ധ്യമാണെന്നും ആയിരിക്കും. എന്നാൽ നാം മനസ്സിലാക്കണം ഭൂഗുരുത്വാകർഷണനിയമത്തിനപ്പുറം വേറെയും നിയമങ്ങൾ ഉണ്ടെന്ന്. ഉദാഹരണമായി പ്ലവനനിയമങ്ങൾ ജലാശയത്തിലും മറ്റും പൊന്തിക്കിടക്കുന്നതുമായി ബന്ധപ്പെട്ടവയാണ്.

എന്നാൽ ഈ നിയമങ്ങൾ നിങ്ങൾ നന്നായി ഗ്രഹിച്ചു എന്നതുകൊണ്ട് ഒരിക്കലും നിങ്ങൾക്ക് നീന്തൽ വശപ്പെടുകയില്ല. ഒരുവൻ ജലാശയത്തിലേക്ക് എടുത്തു ചാടുന്നു സാവകാശം ആവർത്തിച്ചാവർത്തിച്ചുള്ള പ്രായോഗീക പരിശീലനത്താൽ വെള്ളത്തിൽ താണുപോകാതെ പെങ്ങിക്കിടക്കുവാനുള്ള കഴിവ് നേടിയെടുക്കുന്നു. വെള്ളത്തിന്റെ മുകൾ പരപ്പിൽ പൊങ്ങിക്കിടന്ന് മുമ്പോട്ടോ പുറകോട്ടോ സഞ്ചരിക്കുന്നതുപോലെ വെള്ളത്തിന്റെ അടിയിലൂടെ സഞ്ചരിക്കുവാനുള്ള കഴിവും ആർജ്ജിക്കുന്നു. നീന്തൽ വശമാക്കിയവരിൽ ചിലരൊക്കെ മറ്റുള്ളവരെക്കാൾ ഏറെ സമർത്ഥരാകുന്നതിനു കാരണം അവർ കൂടുതൽ അദ്ധ്വാനിച്ച് ബന്ധപ്പെട്ട നിയമങ്ങൾ മനസ്സിലാക്കിയതിനാലാണ്.

നീന്തലിൽ എന്നപോലെ പ്രാർത്ഥനയിലും പ്രാരംഭ നിയമം ഇങ്ങനെയാണ്. ആദ്യത്തെ മൂന്നൊ നാലൊ ശ്രമങ്ങൾ അത്രകണ്ട് വിജയം കണ്ടില്ല എന്നുവച്ച് പിന്മാറരുത്. പ്രാർത്ഥന ഒരു ആത്മീയ കഴിവുതന്നെയാണ്. അത് നിരന്തര പരിശ്രമത്താൽ ആർജ്ജിച്ചെടുക്കേണ്ടതത്രെ.

രണ്ടാമത്തെ നിയമവും നീന്തലിന്റേതിൽ നിന്ന് വ്യത്യസ്തമല്ല. മുമ്പോട്ടു പോകുവാനായി വിട്ടുകൊടുക്കുക. ജലാശയത്തിലെ വെള്ളം താങ്ങി നിർത്തുമെന്ന ധൈര്യത്തിൽ ശാന്തനായി ആകാംഷയൊക്കെ മാറ്റി നിർത്തി മുമ്പോട്ടു പോകുക. പ്രാർത്ഥനയിലും ഇതേ മനോഭാവം തന്നെയായിരിക്കണം. ശാന്തമായ മനസ്സോടെ ദൈവത്തിൽ അടിയുറച്ച് വിശ്വസിച്ചുകൊണ്ട് ദൈവം പ്രാർത്ഥിക്കുവാൻ നമ്മെ പഠിപ്പിക്കുന്നുണ്ടെന്ന ധൈര്യത്തിൽ ആ കൈത്താങ്ങിൽ ആശ്രയിച്ച് മുമ്പോട്ടുതന്നെ പോകുക.

അടുത്തത്, അതായത് മൂന്നാമത്തെ നിയമം ഇതാണ്. താൽപര്യക്കുറവ് തോന്നിയാലും, അത്രകണ്ട് ആസ്വാദ്യകരമാകുന്നില്ലെങ്കിലും പ്രാർത്ഥനയിലുള്ള മുഴുകൽ തുടർന്നുകൊണ്ടേയിരിക്കുക. നമ്മുടെ പ്രാർത്ഥനാജീവിതത്തിൽ നമ്മിൽ അന്തർലീനമായിരിക്കുന്ന വൈകാരിക അഹ്ലാദഭാവങ്ങളോടുള്ള പ്രതിപത്തിയും അലസതയോടും സുഖഭാവങ്ങളോടും ഉള്ള താൽപര്യവും നമ്മിൽ സജീവമായി ഇടപെട്ടുകൊണ്ട് പ്രാർത്ഥനയിലുള്ള നമ്മുടെ ആഭിമുഖ്യത്തെ തടസ്സപ്പെടുത്തുകയും പ്രാർത്ഥനയിൽ നിന്ന് ഒഴിഞ്ഞിരിക്കുവാനുള്ള പ്രേരണയെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നത് സാധാരണയാണ്. പ്രാർത്ഥിക്കുവാൻ തോന്നുന്നില്ല അല്ലെങ്കിൽ പ്രാർത്ഥിച്ചിട്ട് ഒന്നും കിട്ടുന്നില്ല എന്നൊക്കെപ്പറയുന്നത് വെറും പ്രയോജനകരമായ ജൽപനങ്ങൾ മാത്രമാണ്. പ്രാർത്ഥനയുടെ ശരിയായ പ്രകൃതം ആർജ്ജിക്കുവാൻ ഒരുവന് വർഷങ്ങളുടെ പരിശ്രമം വേണ്ടി വന്നേക്കാം. വർഷങ്ങൾകൊണ്ടു മാത്രമെ പ്രാർത്ഥന ആസ്വാദ്യകരമായ ഒരു അനുഭവം ആയിത്തീരുകയുള്ളു. ശരീരത്തിന്റെ അലസഭാവത്തെ നിയന്ത്രണവിധേയമാക്കത്തക്കവിധം ഇച്ഛയെ ബലവത്താക്കുവാൻ സാധിക്കണം. പ്രാർത്ഥനയുടെ രൂപവും ഭാവവും ഉത്തേജിതമാക്കത്തക്കവണ്ണം ജഡത്തിന്റെ മോഹങ്ങളെ നിയന്ത്രിക്കുകയും വേണം. പ്രാർത്ഥനയുടെ മർമ്മം സ്വായത്തമാക്കുവാൻ നിരന്തരമായ അഭ്യാസത്തിനപ്പുറം ഒന്നുമില്ല.

മൂന്നാമത്തെ നിയമത്തോട് ഏറെ ബന്ധപ്പെട്ടിരിക്കുന്ന നാലാമത്തെ നിയമം ഇങ്ങനെ, ഉപവാസം ആത്മനിയന്ത്രണം ഇവയിലൂടെ പ്രാർത്ഥനയുടെ അച്ചടക്കം നിലനിർത്തേണ്ടതാണ്. മനുഷ്യൻ തന്റെ ആന്തരീക ചോദനകളെയും മോഹങ്ങളെയും നിയന്ത്രണ വിധേയമാക്കുവാൻ പഠിക്കുന്നതുവരെ അവൻ സ്വതന്ത്രനല്ല. അവന് ദൈവത്തെപ്പോലെ നന്മയിലാകുവാൻ സാധിക്കുന്നുമില്ല. വിശപ്പും ദാഹവും

കോപവും അസൂയയും ലൈംഗിക ചോദന, മഹത്വവും പുകഴ്ചയും ആർജ്ജിക്കുവാനുള്ള മോഹം, ശാരീരിക ഉത്തേജനത്തോടുള്ള പ്രതിപത്തി, വൈകാരിക ഉന്മാദത്തോടുള്ള താൽപര്യം തുടങ്ങി നമ്മുടെ സ്വതന്ത്ര ഇച്ഛയ്ക്ക് വിരുദ്ധമായി ഉണ്ടാകുന്ന സകല കോളിളക്കങ്ങളും ശാന്തമായി നിയന്ത്രണവിധേയമാക്കേണ്ടത് പ്രാർത്ഥനയ്ക്കുള്ള തയ്യാറെടുപ്പിന് അത്യന്താപേക്ഷിതമാണ്. ഒളിമ്പിക്സ് മത്സരങ്ങളിലൊക്കെ പങ്കെടുക്കുന്ന കളിക്കാർ നല്ല ചിട്ടയോടെയും ആത്മസംയമനത്തോടെയും തങ്ങളുടെ ശരീരവും പേശികളും നാഡീഞരമ്പുകളും ഏറ്റവും ഊർജ്ജസ്വലമായ നിലയിൽ സംരക്ഷിക്കുവാൻ ഔത്സുക്യം കാണിക്കുന്നതുപോലെ പ്രാർത്ഥനയിൽ വ്യാപരിക്കുന്ന മനുഷ്യൻ തന്റെ ആത്മശരീര മനസ്സുകളെ ഏറ്റവും ഊർജ്ജസ്വലമായ പാകത്തിൽ ആത്മ നിയന്ത്രണത്തോടുകൂടി പരിപാലിക്കേണ്ടതാണ്.

അഞ്ചാമത്തെ നിയമം ഇതാണ്; ശരീരം ആസകലം, ഭൗതീക സംഗതികൾ ഉൾപ്പെടെ പ്രാർത്ഥനയ്ക്കായി ഉപയുക്തമാക്കുക. പ്രാർത്ഥനയെന്നാൽ ഒരു മനുഷ്യന്റെ സമ്പൂർണ്ണതയിലുള്ള പ്രവൃത്തിയാണ്. ശരീരവും ആത്മാവും മനസ്സും അതിൽ ഭാഗഭാക്കാകുന്നു. അത് മനസ്സിന്റെ മാത്രമായ ഒരു അഭ്യാസമല്ല. അതിന്റെ അംഗവിന്യാസഭാവങ്ങളും വാക്കുകളും പ്രവൃത്തികളുംകൊണ്ട് ശരീരത്തിനും പ്രാർത്ഥനയിൽ ഭാഗഭാക്കാകുവാൻ സാധിക്കുന്നു.

**(1) അംഗവിന്യാസ ഭാവങ്ങൾ:** നമ്മുടെ പൗരസ്ത്യ സഭാ പാരമ്പര്യമനുസരിച്ച് പ്രാർത്ഥനയിൽ വ്യാപരിക്കുന്നത് നിന്നുകൊണ്ടാവണം. തന്നെയുമല്ല, കിഴക്കോട്ടു തിരിഞ്ഞുനിന്ന് കൈകൾ ഉയർത്തിയൊ ആദരവോടെ മടക്കിയൊവേണം ആരാധനയിൽ നാം ഭാഗഭാക്കാകേണ്ടത്.

**(2)ദൃഷ്ടികേന്ദ്രം അഥവാ കേന്ദ്രബിന്ദു:** പ്രാർത്ഥനാ നേരങ്ങളിൽ നമുക്ക് നേർക്കുനേർ ഒരു ദൃഷ്ടികേന്ദ്രം ഉണ്ടായിരിക്കുന്നത് നല്ലതാണ്. അത് ഇരുവശത്തും ഓരോ മെഴുകുതിരികൾ കത്തിച്ചുവച്ചുകൊണ്ട് ഒരു കുരിശ് ആവാം, യേശുക്രിസ്തുവിന്റെ ചിത്രങ്ങളൊ ഐക്കണുകളൊ ആവാം. പരിശുദ്ധ കന്യമറിയത്തിന്റെയൊ വിശുദ്ധന്മാരുടെയൊ ചിത്രങ്ങളൊ ഐക്കണുകളൊ ആവാം; ഒരു പക്ഷെ കുറച്ചുകൂടി വിശാലമായി വി. മദ്ബഹാപോലെ ഒരു പ്രാർത്ഥനാമുറി തന്നെയും ആകാം. അത്തരം ഒരു മുറി ക്രമീകരിക്കുന്നതായാൽ കുടുംബത്തിലെ എല്ലാവർക്കും ഒരുമിച്ച് ആരാധന നടത്തുന്നത് വളരെ സൗകര്യപ്രദമായിരിക്കും. ക്രിസ്തുവിന്റെ

ക്രൂശിതരൂപം ചേർന്ന കുരിശുകൾ പാശ്ചാത്യപാരമ്പര്യത്തിന്റെ ഭാഗമായതിനാൽ നമുക്ക് അത്തരം കാര്യങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതില്ല. ചിത്രങ്ങൾ തെരഞ്ഞെടുക്കുമ്പോഴും പൗരസ്ത്യ പാരമ്പര്യത്തിൽ ഉള്ള ഐക്കണുകൾക്ക് വേണം പ്രാധാന്യം കൊടുക്കേണ്ടത്. തിരുഹൃദയം പ്രകടമാക്കുന്ന തരത്തിലുള്ള ക്രിസ്തുവിന്റെയൊ കന്യകമറിയാമിന്റെയൊ ചിത്രങ്ങൾ ഒഴിവാക്കുകതന്നെ വേണം. കാരണം ഇവ ഒരു പ്രത്യേക കാലഘട്ടത്തിലെ ലത്തീൻ ഭക്തിമാർഗ്ഗത്തിന്റെ പ്രകാശനങ്ങളാണ്: സന്തുലന ആത്മീയതയ്ക്ക് അവ സഹായകരമല്ല.

**(3) വായ്കളും അധരങ്ങളും.**

ശരീരം ആകമാനമായിട്ടാണ് പ്രാർത്ഥനയിൽ മുഴുകുന്നത്. മനസുമാത്രമല്ല വായ്കളും അധരങ്ങളും സദാ ദൈവസ്തുതികളിൽ വ്യാപൃതമാകണം. ഒരുവേള നിങ്ങളുടെ മനസ് അവയോടൊപ്പം ഇല്ലായെങ്കിൽപോലും. വായ്കളുടെയും അധരങ്ങളുടെയും പ്രവൃത്തികൾ നിങ്ങളുടെ പ്രാർത്ഥനാ ചേഷ്ടകളുടെ ഭാഗംതന്നെയാണ്. ഒരു പക്ഷെ നിങ്ങളുടെ ശ്രദ്ധ അത്രകണ്ട് കേന്ദ്രീകൃതമല്ലെങ്കിൽ തന്നെയും. ഗദ്യരൂപത്തിലുള്ള പ്രാർത്ഥനകളെ അപേക്ഷിച്ച് പദ്യരൂപത്തിലുള്ള പ്രാർത്ഥനകൾ കൂടുതൽ മെച്ചമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്നതു കാരണം സംഗീതാലാപനത്താൽ മനുഷ്യന്റെ മനോഭാവങ്ങളും അഭിലാഷങ്ങളും അധികമായി പ്രകടമാക്കുന്നുവെന്നതാണ്.

**(4) പറന്നുനടക്കുന്ന മനസ്:** നിങ്ങളുടെ മനസ് പാറിപ്പറന്നുനടക്കുന്നുവെങ്കിൽ അതെച്ചൊല്ലി വേവലാതിപ്പെടേണ്ട കാര്യമൊന്നുമില്ല. മനസ് പാറിപ്പറന്നു നടക്കുന്നുവെന്ന ബോദ്ധ്യം നിങ്ങൾക്കുണ്ടാകുമ്പോൾ പറന്നുനടക്കുന്ന മനസിനെ ശ്രദ്ധാപൂർവ്വം ദൈവ തൃക്കരങ്ങളിൽ സമർപ്പിച്ചുകൊണ്ട് അതിനെ തിരികെ കൊണ്ടുവരികയാണ് കരണീയം. ഇത് നമ്മെപ്പറ്റിയുള്ള ഒരു ഏറ്റുപറച്ചിലായി കാണണം. എന്റെ കർത്താവേ! ഇതാണ് ഞാൻ, ശ്രദ്ധ മാറിപ്പോകുന്നു കേന്ദ്രീകൃതമാകുന്നില്ല. ഞാൻ ആയിരിക്കുന്നതായ അവസ്ഥയിൽ ഞാൻ എന്നെ അവിടുത്തേക്ക് സമർപ്പിക്കുന്നു. ശ്രദ്ധ മാറിപ്പോകുന്ന, പാറിപ്പോകുന്ന എന്റെ മനസിനെ അവിടുന്നുതന്നെ ഏറ്റെടുക്കണമേ. അവിടുത്തെ കൃപയാൽ എനിക്ക് സൗഖ്യദാനം അനുവദിക്കണമേ. ദൈവം നിങ്ങളോട് ക്ഷമിക്കും. ക്രമേണ നിങ്ങളെ രൂപാന്തരപ്പെടുത്തുക തന്നെ ചെയ്യും.

**(5)അംഗവിക്ഷേപങ്ങൾ:** സാഷ്ടാംഗപ്രണാമം, തലവണക്കം, കുരിശുവര, സമാധാനചുംബനം ഇത്യാദി അംഗവിക്ഷേപങ്ങൾ പ്രാർത്ഥനയുടെ ഭാഗങ്ങളായിത്തന്നെ കരുതണം. പ്രാർത്ഥനയിൽ ഒരോ കാര്യങ്ങളും പ്രകടമാക്കുന്നത് വാക്കുകൾ എന്ന മാധ്യമം ആശ്രയിച്ചു മാത്രമല്ല, കൈകൂപ്പുന്നതും തല വണക്കുന്നതും ഭയഭക്തിയുടെയും അനുഗ്രഹങ്ങൾക്കായി കാത്തുനിൽക്കുന്നതിന്റെയും അടയാളങ്ങളാണ്. കരങ്ങൾ ഉയർത്തി കൈപ്പത്തികൾ മലർത്തി പിടിക്കുമ്പോൾ അത് അപേക്ഷ, അനുതാപം മദ്ധ്യസ്ഥത എന്നിവകളുടെ സൂചനയാണ്.



സാഷ്ടാംഗപ്രണാമം, പരിപൂർണ്ണമായ കീഴടങ്ങലിന്റെയും സമർപ്പണത്തിന്റെയും പ്രതീകമത്രെ. അതായത് നിങ്ങൾ നിങ്ങളെ പൂർണ്ണമായി ദൈവ തൃക്കരങ്ങളിൽ അങ്ങേയറ്റത്തെ വിശ്വാസത്തോടെ സമർപ്പിക്കുകയാണ്. കുരിശുവരയെന്ന അംഗവിക്ഷേപം ക്രിസ്തുവിന്റെ കുരിശിനാൽ നാം വീണ്ടെടുക്കപ്പെട്ടുവെന്നത് നമ്മെ ഓർമ്മിപ്പിക്കുകയാണ്. ക്രിസ്തുവിനൊപ്പം ക്രൂശിക്കപ്പെട്ടവരാണ് നാം എന്നും ഇവിടെ ഓർക്കുന്നു. കുരിശുവരയ്ക്കുമ്പോൾ മൂന്നുവിരലുകൾ, തള്ളവിരലും ചൂണ്ടുവിരലും പെരുവിരലും ചേർത്തുപിടിച്ച് നെറ്റിയുടെ മദ്ധ്യഭാഗത്ത് തൊടുക ( ഇത് എല്ലാ ജീവന്റെയും എല്ലാ നന്മയുടെയും സ്രോതസായ വി. ത്രിത്വത്തെ ദൃഷ്ടാന്തീകരിക്കുന്നു) തുടർന്ന് ഈ വിരലുകൾ താഴേക്ക് നെഞ്ചിന്റെ അടിഭാഗംവരെ കൊണ്ടുവരിക. ദൈവപുത്രൻ പ്രപഞ്ചത്തിന്റെ വീണ്ടെടുപ്പിനായി സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്ക് ഇറങ്ങിവന്നതിനെ ഇത് സൂചിപ്പിക്കുന്നു. അതിനുശേഷം വിരലുകൾ ഇടത്തെ കയ്യിൽനിന്ന് (തോൾ ഭാഗം) വലത്തെ കയ്യിലേക്ക് കൊണ്ടുവരിക. ഇത് കുരിശിന്റെ തിരശ്ചീന ഭാഗത്തെ സൂചിപ്പിക്കുന്നതിനോടൊപ്പം ഇടതുവശത്ത് അന്ധകാരത്തിന്റെ മക്കൾ ആയിരുന്ന നമ്മെ ദൈവത്തിന്റെ, വലതുഭാഗത്ത് പ്രകാശത്തിന്റെ മക്കൾ ആക്കിത്തീർക്കുന്നതിനെയും ദൃഷ്ടാന്തീകരിക്കുന്നു. സമാധാനചുംബനം അർത്ഥമാക്കുന്നത് പരസ്പരം കടങ്ങൾ ക്ഷമിക്കുന്നതിനെയും പരസ്പരം സ്നേഹിക്കുന്നതിനെയുമാണ്. ഇത് നാം ഓരോരുത്തരുടെയും കുടുംബത്തിലും പുറത്തും ഉള്ളവരോടുള്ള കയ്പുനിറഞ്ഞ അനുഭവങ്ങളും വൈരാഗ്യത്തിന്റേതായ പെരുമാറ്റങ്ങളും ഒക്കെ അതിജീവിക്കുവാനും പൊറുക്കുവാനുമുള്ള അവസരം കൂടിയാണ്.

ഈ അടയാളങ്ങൾ എല്ലാം വാക്കുകളെക്കാൾ ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലുന്ന ഒരു ഭാഷയുടെ ഭാഗങ്ങളാണ്. അവ നമ്മുടെ ഉപബോധമനസ്സിനെ വാക്കുകൾക്ക് എത്തിച്ചേരാനാകാത്ത ഒരു തലത്തിൽ രൂപാന്തരപ്പെടുത്തുന്നു..

ഇനി ആറാമത്തെ നിയമം.: സമൂഹമായി നടത്തുന്ന പ്രാർത്ഥനയും വ്യക്തിപരമായി നടത്തുന്ന പ്രാർത്ഥനയും തമ്മിൽ ഒരു സന്തുലനം പാലിക്കേണ്ടതുണ്ട്. അതിന്റെ പ്രാഥമികമായ സത്തയിൽ മനുഷ്യൻ ഒരു തനതായ വ്യക്തിയാണെന്നു കരുതുവാൻ നിർവാഹമില്ല. ക്രിസ്തുഗാത്രത്തിലെ ഒരു അംഗം എന്ന നിലയിൽ മാത്രമെ മനുഷ്യന് ദൈവത്തിന്റെ മുമ്പിൽ നിലനിൽപ്പുണ്ടാകുന്നുള്ളു. അതുകൊണ്ടുതന്നെ മനുഷ്യർ സമൂഹമായി ദൈവതിരുമുമ്പാകെ കടന്നുവരുന്ന ശീലം ഒരു ജീവിത ചര്യ തന്നെയാക്കുക എന്നത് ഏറെ പ്രധാനപ്പെട്ട സംഗതിയത്രെ. ഇത്തരം സമൂഹം എന്നത് കുടുംബാംഗങ്ങളുടെ കൂട്ടായ്മയുമാകാം. നിങ്ങളുടെ ഇടവക തന്നെയുമാകാം. ഒരു സമൂഹം എന്നു പറയുമ്പോൾ അതിൽ വിവിധതരക്കാരായ മനുഷ്യർ ഉണ്ടായിരിക്കും. മറ്റെല്ലാവരും നിങ്ങളെപ്പോലെ തന്നെ ആയിരിക്കണമെന്നില്ല. അവരുടെ അഭിരുചികൾ വ്യത്യസ്തമാകാം. അവരുടെ ആരാധനാ രീതികൾ ശരിയായ തരത്തിൽ അല്ല എന്ന് അറിഞ്ഞുകൊണ്ടുതന്നെ പ്രാർത്ഥനകളിൽ അവരുമായി ചേർന്നു നിൽക്കേണ്ട അവസരം സംജാതമായെന്നു വന്നേക്കാം. സമൂഹ ആരാധനയിൽ സംബന്ധിക്കാതെയും മറ്റുള്ളവരുമായി അല്പസ്വല്പം വിട്ടുവീഴ്ചാ മനോഭാവം കാണിക്കാതെയും നമുക്ക് നമ്മുടെ അഹങ്കാരം, സ്വാർത്ഥത ഇവയെ മാറ്റി ശരിയായ മനുഷ്യനാവാൻ സാധിക്കില്ല. എന്നാൽ സമൂഹ ആരാധന അതിൽത്തന്നെ പൂർണ്ണമായി എന്ന് കരുതരുത്. ബന്ധങ്ങളിൽ വൈവിധ്യമാർന്ന തലങ്ങളിൽ പല തട്ടുകൾ സമൂഹങ്ങൾക്ക് ആവശ്യമാണ്. ഇടവക ആകെക്കൂടെ, തന്നതിനെ അപേക്ഷിച്ച് യുവജനങ്ങളുടെ കൂട്ടായ്മയൊ കുടുംബങ്ങളുടെ കൂട്ടായ്മയൊ കൂടുതൽ അടുത്ത ബന്ധം പുലർത്തുന്നതായി കണ്ടുവരുന്നുണ്ട്. പ്രാർത്ഥനകളുടെ വേറിട്ട രീതികൾ ഇത്തരം ചെറിയ കൂട്ടായ്മകളിൽ ഉപയോഗിച്ച് നോക്കാവുന്നതാണ്. ഇടവക മുഴുവനായി ഇത്തരം രീതികൾ ഉപയോഗിക്കുമ്പോൾ എല്ലാവർക്കും ഒരുപോലെ അതുമായി പൊരുത്തപ്പെടുവാൻ സാധിച്ചു എന്നു വരികയില്ല.

ഇപ്പറഞ്ഞവയെ കൂടാതെ സ്വകാര്യ പ്രാർത്ഥനകൾക്കായി മറ്റു ചില രീതികൾ കൂടെ സ്വായത്തമാക്കേണ്ടത്. ഇത്തരം രീതികളെക്കുറിച്ച് ചിന്തിക്കുമ്പോൾ ഏറ്റവും പ്രയോജനകരമായവയും ഫലവത്തായവയും പ്രത്യേകതരം നിമിഷ പ്രാർത്ഥനകളാണ്. ഈ പ്രാർത്ഥനകൾ വെറും ഒരൊറ്റ വാചകത്തിൽ ഒതുങ്ങുന്നവയാണ്. ആവശ്യാനുസരണം എത്ര തവണവേണമെങ്കിലും ഒരു വ്യക്തിക്ക് ഇത്തരം പ്രാർത്ഥനകൾ ആവർത്തിച്ചുകൊണ്ടെയിരിക്കാം. എവിടെ വച്ച് ഏതുസമയത്ത് എന്നൊന്നും ഇത്തരം പ്രാർത്ഥനകളെ ബാധിക്കുന്നില്ല. അതായത് നിങ്ങൾ ഒരു യാത്രയ്ക്ക് വാഹനം കാത്തുനിൽക്കുമ്പോൾ മനസ്സിൽ ഇത്തരം ഒരു പ്രാർത്ഥന ആവർത്തിച്ചുകൊണ്ടെയിരിക്കാവുന്നതാണ്.

ഏതെങ്കിലും ഒരു വിഷയത്തെച്ചൊല്ലി ആകുലതയിലായിരിക്കുമ്പോഴോ ഒരു പരീക്ഷണഘട്ടത്തെ അഭിമുഖീകരിക്കുമ്പോഴോ ഏകാന്തതയുടെ വൈരസ്യം അനുഭവിക്കുമ്പോഴോ കിടക്കയിൽ വിശ്രമാവസ്ഥയിലിയിരിക്കുമ്പോഴോ കിടക്കയിലെ ആലസ്യംവിട്ട് എഴുന്നേൽക്കുവാൻ അലസത തോന്നുമ്പോഴോ ഉറങ്ങാൻ കിടന്നിട്ട് ഉറക്കം കിട്ടാതെ തിരിഞ്ഞും മറിഞ്ഞും കിടന്ന് വ്യാകലപ്പെടുമ്പോഴോ ഒക്കെ ഉപയോഗിക്കാവുന്നതും ആശ്വാസം കണ്ടെത്താവുന്നതുമാണ് നിമിഷ പ്രാർത്ഥനകൾ.

ആർക്കും പ്രയോജനപ്പെടുത്തുവാൻ സാദ്ധ്യമാകുന്ന ഏതാനും ചില നിമിഷപ്രാർത്ഥനകൾ താഴെ കൊടുക്കുന്നു.

1. കർത്താവായ യേശുക്രിസ്തുവേ, ദൈവപുത്രാ പാപിയായ എന്നോട് കരുണ തോന്നണമേ

2. എന്റെ ദൈവമേ, അങ്ങാണെന്റെ ദൈവം, ഞാൻ അങ്ങയെ സ്നേഹിക്കുന്നു, ഞാൻ എക്കാലവും അങ്ങയുടേതായിരിക്കും.

3. കർത്താവേ അവിടുന്നാണെന്റെ ഗുരുവും എന്റെ കർത്താവും, ഞാൻ എന്നെ അവിടുത്തേക്ക് സമർപ്പിക്കുന്നു.

4. കർത്താവേ, എന്നെ അങ്ങയുടെ പാതകളിൽ നിർത്തിക്കൊള്ളണമേ, തിന്മയിൽനിന്ന് എന്നെ അകറ്റണമേ

5. കർത്താവേ, കരുണ തോന്നണമേ, കർത്താവേ, കരുണ തോന്നണമേ, കർത്താവേ, എന്നോട് കരുണ തോന്നണമേ.

ഈ രീതിയിൽ ഓരോരുത്തർക്കും അവരവരുടേതായ നിമിഷപ്രാർത്ഥനകൾക്ക് രൂപം കൊടുക്കാവുന്നതാണ്. സ്വകാര്യ പ്രാർത്ഥനകൾക്ക് സഭ പ്രത്യേക നിയമങ്ങൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. മേൽപറഞ്ഞ അഞ്ച് പ്രാർത്ഥനാ രൂപങ്ങളിൽ ആദ്യത്തേത് സന്യാസശ്രേഷ്ഠർക്ക് ഏറെ പ്രിയങ്കരമായിരുന്നു. ഈ പ്രാർത്ഥന ജീസസ് പ്രെയർ (യേശു പ്രാർത്ഥന) എന്ന പേരിലാണ് അറിയപ്പെടുന്നത്. ഒരു മന്ത്രജപം പോലെ സന്യാസപിതാക്കന്മാർ ഈ പ്രാർത്ഥന പ്രതിദിനം ആയിരക്കണക്കിന് ഉരുവിട്ടുപോന്നിരുന്നു. ആഥോസ് പർവ്വത നിരകളിലെ സന്യാസപിതാക്കന്മാർ ശ്വാസോച്ഛ്വാസ ക്രമത്തിന് അനുസ്യൂതമായി ഈ പ്രാർത്ഥന ഉരുവിടുവാൻ സ്വയം തങ്ങളെ പരിശീലിപ്പിച്ചിരുന്നു. കർത്താവായ യേശുക്രിസ്തുവേ, ദൈവപുത്രാ എന്ന ഭാഗം ശ്വാസം ഉള്ളിലേക്ക് എടുക്കുമ്പോൾ ഉരുവിടുകയും ഏതാനും സെക്കന്റുകൾ ശ്വാസം ശ്വാസകോശങ്ങളിൽ നിർത്തിയ ശേഷം ഉച്ഛ്വാസത്തോടു ചേർന്ന് പാപിയായ എന്നോട് കരുണ തോന്നണമേ എന്ന് ഉരുവിടുകയുമാണ് ചെയ്ത്പോരുന്നത്.. ഈ രീതിക്ക് പുറകിലുള്ള ആശയം പ്രാർത്ഥനയെന്നത് ശ്വാസോച്ഛ്വാസത്തോടുചേർന്നുവരുന്ന ഒരു പ്രക്രിയ എന്നത്രെ. യേശുക്രിസ്തു ഒരു ദേവാലയത്തിലെ പ്രതിഷ്ഠപോലെ നിങ്ങളുടെ ഹൃദയങ്ങളിൽ സജീവമായി നിലനിൽക്കണം. നിങ്ങളുടെ മനോവ്യാപാരങ്ങളാകട്ടെ സദാസമയവുംപ്രാർത്ഥനയിലും അനുതാപത്തിലും അധിഷ്ഠിതവും.

മേൽ സൂചിപ്പിച്ച പ്രാർത്ഥനാ രൂപങ്ങളും അതുപോലെ മറ്റ് പ്രാർത്ഥനാ രൂപങ്ങളും നാം ക്രമീകൃതമായി സ്വായത്തമാക്കണം. ഏതൊരു ദൈവപൈതലിനും ഏതുനേരത്തും പിതാവായ ദൈവത്തോട് സംസാരിക്കുവാൻ അവകാശമുണ്ട്. അതിന് ഓരോരുത്തർക്കും അവരവരുടേതായ വാക്കുകൾ തന്നെ ഉപയോഗിക്കാവുന്നതാണ്. വ്യക്തിപരമായ സ്വകാര്യ പ്രാർത്ഥനകൾ ഇന്നിന്ന തരത്തിൽ മാത്രമെ ആകാവൂ എന്ന് സഭ നിയമംവഴി നിഷ്ക്കർഷിക്കുന്നില്ല. അത് ഒരോരുത്തരുടെയും വ്യക്തിപര സ്വാതന്ത്ര്യത്തിന്റെ ഭാഗമത്രെ. അത്തരം അവസരങ്ങളിൽ ഓരോരുത്തരും അവരവരുടെതായ ഭാഷകളും വാക്കുകളും ഉപയോഗിക്കുന്നത് ദൈവത്തിന് ഏറെ പ്രസാദകരമായിരിക്കും. വ്യക്തിപര സ്വകാര്യ പ്രാർത്ഥനകൾ സമൂഹപ്രാർത്ഥനകളെ ശാക്തീകരിക്കുന്നവയാണ്. കുടുംബാഗംങ്ങളുടെ ഒരുമിച്ചു ചേർന്നുള്ള പ്രാർത്ഥനയും സമൂഹമായും ഇടവകയായും ചേർന്നുള്ള പ്രാർത്ഥനകളും സ്വകാര്യ പ്രാർത്ഥനകൾക്ക് ശക്തി പകരുന്നവയാണ്. അതുകൊണ്ട് അവ രണ്ടിനെയും ഗൗരവവമായി കാണുകതന്നെ വേണം. ഒന്നിന്റെയും പ്രാധാന്യം ലഘൂകരിച്ച് കാണരുത്. രണ്ടും പരസ്പരം സന്തുലനാവസ്ഥ പാലിച്ചു തന്നെയാകണം മുമ്പോട്ട് പോകേണ്ടത്.

അവസാനായി ഏഴാമത്തെ നിയമം ഇതാണ്. വിശുദ്ധ വേദപുസ്തക പാരായണവും അതോടു ചേർന്ന ധ്യാനവും പ്രാർത്ഥനാ ജീവിതത്തെ ശാക്തീകരിക്കുന്നവയാണ്. അവ പ്രാർത്ഥനകൾക്ക് പോഷക ദായകമാണ്. ഒരു ദിവസം വിശുദ്ധ വേദപുസ്തകത്തിൽനിന്ന് ഒരു അദ്ധ്യായമെങ്കിലും വായിച്ചിരിക്കും എന്ന ഒരു ചിട്ട ജീവിതത്തിൽ പ്രാവർത്തികമാക്കണം.

വേദപുസ്തക വായന ഉച്ചത്തിൽ ആവാം. മൗനമായും ആവാം. വായിച്ചശേഷം ആ ഭാഗത്തെക്കുറിച്ച് കുറച്ചു സമയം ധ്യാനനിരതനായി ഇരിക്കണം. ചില ധ്യാനഗ്രന്ഥങ്ങൾ ഇതിന് പ്രയോജനം ചെയ്തേക്കാം. അതേസമയം അത് വേദപുസ്തക പദങ്ങളുടെ, വാക്യങ്ങളുടെ ശരിയായ സത്ത വിവേചിച്ചറിയുവാൻ തക്ക അത്ര ആശ്വാസ്യം അല്ലായെന്ന് വരാവുന്നതുമാണ്. . വിശുദ്ധ വേദപുസ്തകപാരായണം നിങ്ങളെ ഒരു ധ്യാനാത്മക ഭാവങ്ങളിലേക്ക് എത്തിക്കുന്നില്ലായെങ്കിൽ അതെച്ചൊല്ലി ആകുലപ്പെടേണ്ട കാര്യമൊന്നുമില്ല. അനുഭവങ്ങൾ വഴിതെറ്റിക്കാവുന്നവയും ആയിരിക്കാം. നിങ്ങളുടെ പ്രാഥമികാവശ്യം ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക എന്നതായിരിക്കണം. ഇപ്പറഞ്ഞ വേദപുസ്തക ഭാഗം എന്തു ദൈവീക സന്ദേശമായിരിക്കും അക്കാലത്തെ ജനങ്ങൾക്ക് നൽകിയത്. ഇന്ന് എന്താണ് ദൈവം എന്നോട് പറയുന്നത്.

ജീവിതം മുമ്പോട്ട് പോകുമ്പോഴും നിങ്ങൾക്ക് ഏറെ സഹായകരമാകുന്ന ഒരു സംഗതിയാണ് ചിട്ടയായ വിശുദ്ധ വേദപുസ്തക പാരായണവും അവയിൽ നിങ്ങളെ ആഴമായി സ്പർശിക്കുന്ന ചില വേദഭാഗങ്ങൾ ഹൃദ്യസ്ഥമാക്കുന്നതും. നിങ്ങളുടെ ജീവിതത്തിന്റെ മദ്ധ്യകാലഘട്ടമാകുമ്പോഴേക്കും, മനസ്സ് എവിടേയ്ക്കുവേണമെങ്കിലും ചാഞ്ഞുപോകാമായിരുന്ന ആ കൗമാര യൗവ്വന നാളുകളിൽ വി. വേദപുസ്തക ഭാഗങ്ങൾ വായിക്കുവാനും കുറയൊക്കെ ഹൃദിസ്ഥമാക്കുവാനും അവസരങ്ങൾ തുറന്നുതന്ന സർവ്വശക്തനായ ദൈവത്തോട് നിങ്ങൾക്കുള്ള ആദരവും കൃതജ്ഞതയും അളവറ്റതായിരിക്കും.

ഉപസംഹാരം.

മേൽപ്പറഞ്ഞ നിയമങ്ങൾ ഓരോന്നും നിങ്ങളെ പ്രാർത്ഥനാ ജീവിതം നയിക്കുന്ന ഒരു ക്രൈസ്തവ വിശ്വാസിയാക്കുക എന്ന കാര്യത്തിൽ സഹായിക്കുവാൻ വേണ്ടിയുള്ളവയാണ്. നിങ്ങൾ സ്വയം ആകുന്ന, ആകേണ്ട സ്ഥിരതയാർന്നതും ചിട്ടയോടു കൂടിയതും ആയ പരിശീലനംകൊണ്ടു മാത്രമെ പൂർണ്ണതയിലേക്ക് രൂപാന്തരപ്പെടുവാൻ സാധിക്കൂ. പക്ഷെ ഒരു കാര്യം ഓർമ്മയിലുണ്ടാകണം. പ്രാർത്ഥനയെ ഒരിക്കലും വി. കുർബാനയർപ്പണത്തിന്റെ സമൂഹ ആരാധനയിൽ നിന്ന് വേർപെടുത്തി, വ്യതിരക്തമായി കാണുവാൻ സാദ്ധ്യമല്ല. സമസൃഷ്ടികളോടുള്ള, ഉണ്ടാകേണ്ട നിരന്തരമായും സജീവമായും ആയ സ്നേഹ ഭാവങ്ങളിൽനിന്നും പ്രാർത്ഥനയ്ക്ക് വ്യതിരക്ത പ്രകൃതം ഉണ്ടാകുവാൻ പാടില്ല. നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം, കർത്താവേ പ്രാർത്ഥിപ്പാൻ ഞങ്ങളെ പഠിപ്പിക്കണമേ. **ആമ്മീൻ.**

# കുഞ്ഞൂഞ്ഞിന്റെ കുണ്ഡിതങ്ങൾ

## ഭാഗം 24

ബാബു, ജംഷഡ്പൂർ



എന്താടാ! കുഞ്ഞുമോനേ!, രാവിലെ Office ൽ പോകുന്ന വഴി വനിതാപോലിസിനോട് സൗഹൃദം കൂടുന്നതു കണ്ടല്ലോ ശെടാ! ഇവനിതെങ്ങനെ അറിഞ്ഞു എന്നുള്ള കുഞ്ഞുമോന്റെ നോട്ടത്തിൽ ചെറിയ ചമ്മൽ രാജന് കാണാമായിരുന്നു. ആടുന്ന നക്ഷത്ര വിളക്കുകളുടെ ദ്വാരത്തിലൂടെയുള്ള ചുവന്ന പ്രകാശരശ്മികൾ കുഞ്ഞുമോന്റെ ചമ്മലിന് മാറ്റുകൂട്ടുവാൻ Spot light കളായി നിന്നു.

ഡിസംബർ മുപ്പത്തിഒന്ന് വൈകുന്നേരം എന്നത്തേയും പോലെ ചെറുപ്പക്കാർ കുരിശിൻമൂട് കവലയിൽ ഒന്നിച്ചുകൂടുന്നു താമാശപങ്കുവയ്ക്കുന്നു, പൊട്ടിച്ചിരിക്കുന്നു . പുതുവർഷത്തെ വരവേൽക്കുവാനുള്ള തിരക്കിൽ ഇറച്ചിയും, മീനും പച്ചക്കറികളും നിറച്ച സഞ്ചികളുമായി കുറച്ചുപേർ പരക്കം പായുന്നു. എല്ലാംകൊണ്ടും കവല ബഹളമയം.

നിന്നെയും പിടിച്ചോ കുഞ്ഞുമോൻ Normal ആകുവാൻ ശ്രമിച്ചു. ഹേയ്....ഞാൻ ഹെൽമറ്റ് വെച്ചിട്ടുണ്ടായിരുന്നു. രാജന്റെ സന്തോഷത്തോടെയുള്ള പ്രതികരണം കുഞ്ഞുമോനെ വീണ്ടും നിരാശാ ഭരിതനാക്കി. ഒരു പത്തുസെക്കന്റിന്റെ വ്യത്യാസം........ വലതുചൂണ്ടുവിരലിൽ മുകളിൽതള്ളവിരൽ വച്ച് നിസ്സാരം എന്നു തോന്നിപ്പിച്ചു കൊണ്ട് കുഞ്ഞുമോൻ തുടർന്നു.....വെറും പത്തുസെക്കന്റ് മുൻപ് ചെക്കിങ്ങിന്റെ കാര്യം അറിഞ്ഞിരുന്നെങ്കിൽ ..... ഹെൽമറ്റ് എന്റെ കൈയ്യിൽ തൂങ്ങിക്കിടപ്പുണ്ടായിരുന്നെന്നേ ......ഞാൻ അതുതലയിൽ വക്കുമായിരുന്നു

ഹോ....പിടിച്ചു നിർത്തി അവളുടെ ഒരു ക്ലാസ്സെടുപ്പ് !!! ഹും ......ഇതൊന്നും എനിക്കറിയില്ലന്നാ അവളുടെ ഭാവം മുഖത്തിന്റെ ഷേപ്പ് മാറിയാൽ വീട്ടിലിരിക്കുന്ന ഭാര്യതിരിച്ചറിയുകയില്ല..... പിന്നെ എന്തൊക്കെയോ അവൾ പറയുന്നുണ്ടായിരുന്നു.

ഏതായാലും ചത്തുപോയാൽ വീട്ടുകാർക്കാണ് നഷ്ടം എന്നൊന്നും ഭാഗ്യത്തിന് പറഞ്ഞില്ല. എന്റെ കൈയ്യിൽ നിന്ന് ഹെൽമെറ്റ് വാങ്ങി പുള്ളിക്കാരിതന്നെ എന്റെ തലയിൽ വച്ചു. അഞ്ഞൂറുരൂപയും കൊടുത്തു. എന്നോട് എന്തുപറഞ്ഞെന്ന് നിനക്കറിയാമോ? രാജന്റെ മുഖത്ത് സന്തോഷം അണപൊട്ടി ഒഴുകി. നിന്റെ തൊട്ടുപിറകിൽ എന്നെ തടഞ്ഞു നിർത്തി. ഹെൽമെറ്റിന്റെ ഗ്ലാസ് പൊക്കിയിട്ട് ഒരുത്തി പറഞ്ഞു Very Good, keepit up, മറ്റവൾ ഒരു ലഡ്ഡു എടുത്ത് എന്റെ വായിൽ തിരുകി പറഞ്ഞു വിട്ടു, നിന്നോട് ഹാലോ പറയണമെന്നുണ്ടായിരുന്നു. പക്ഷേ വായിൽ ലഡ്ഡു ജാമായിപ്പോയി രാജന്റെ മസാല ചേർത്ത വിവരണം കുഞ്ഞുമോന് തീരെ സുഖിക്കുന്നുണ്ടായിരുന്നില്ല.

ങ്ങാ......ഞാൻ ഏതായാലും ഒരു New Year Resolution എടുക്കുവാൻ തീരുമാനിച്ചു. എന്താ കുഞ്ഞുമോന്റെ മുഖത്ത് ദൃഢനിശ്ചയത്തിന്റെ ഗാംഭീര്യം വ്യക്തമായിരുന്നു ഞാൻ ഇനി Two Wheeler ഹെൽമെറ്റ് ധരിച്ചുകൊണ്ടുമാത്രമേ, ഓടിക്കയുള്ളു. രാജൻ പറഞ്ഞു; ഞാനും പുതുവത്സരത്തിൽ ഒരു തീരുമാനമെടുക്കുകയാണ്, ഇന്നു മുതൽ ഞാൻ സിഗരറ്റ് വലിക്കുകയില്ല. Congratulations, പുറകിൽ നിന്ന് മോഹനനും കോശിയും രണ്ടു പേരേയും അഭിനന്ദിച്ചു. പക്ഷേ പുതുവത്സരത്തിൽ എന്ത് തീരുമാനങ്ങൾ എടുക്കണം എന്ന് ഞങ്ങൾക്ക് ഒരു എത്തും പിടിയും കിട്ടുന്നില്ല. മോഹനനും കോശിയും ഒരേശബ്ദത്തിൽ പറഞ്ഞു നിർത്തിയതും , കപ്യാർ കുഞ്ഞൂഞ്ഞ് അവരുടെ മുൻപിൽ. കുഞ്ഞൂഞ്ഞു ചേട്ടാ, ഈ New Year Resolutions എന്നൊക്കെ കേട്ടിട്ടേയുള്ളു അതേപ്പറ്റി ഞങ്ങൾക്ക് പറഞ്ഞു തരാമോ? പുതിയ നല്ല തീരുമാനങ്ങൾ എടുക്കുവാൻ ഞങ്ങളെ സഹായിക്കാമോ? പള്ളിയിലെ ജോലി കഴിഞ്ഞ് ക്ഷീണിച്ച് വീട്ടിലേക്കു പോകുന്ന കുഞ്ഞൂഞ്ഞിന് പുലിവാലായി. ചെറുപ്പക്കാർ New Year Resolution എടുക്കുവാൻ ആവേശം കാണിക്കുന്നു പക്ഷേ തീരുമാനങ്ങൾക്ക് കൂടിവന്നാൽ ഒരാഴ്ചയേ അയുസുണ്ടാകാറുള്ളു. യുവാക്കളുടെ മനസ്സറിയാനായി കുഞ്ഞൂഞ്ഞിന്റെ നിരുപദ്രവകരമായ ഒരു കമന്റ്. അല്ല ചേട്ടാ ഞങ്ങൾ....ഞങ്ങൾ വളരെ സീരിയസ്സാണ് .

ഞങ്ങൾ തുടർന്നുവരുന്ന ഏതെങ്കിലുമൊരു ദുസ്വഭാവം മാറ്റി എടുക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. യുവാക്കളുടെ ഉത്സാഹം കണ്ടപ്പോൾ കുഞ്ഞുഞ്ഞിന് അവരെ അവഗണിക്കാൻ സാധിച്ചില്ല. കുഞ്ഞുഞ്ഞ് പറഞ്ഞു ബാ....നമുക്ക് വീട്ടിൽ ചെന്നിരുന്ന് ഒരു കട്ടനുമൊക്കെ അടിച്ച് ഇതേപ്പറ്റി സംസാരിക്കാം. റോഡിനെതിരേയുള്ള കുഞ്ഞുഞ്ഞിന്റെ വീട്ടിലെ സ്വീകരണ മുറിയിൽ എല്ലാവരും ഇരുന്നു. ക്രിസ്തുമസ്സിന്റെ പുൽക്കൂട് ഭംഗിയായി മുറിയുടെ വലതു വശത്ത് അലങ്കരിച്ചിരിക്കുന്നു. മിന്നുന്ന നക്ഷത്ര വിളക്കുകളും തോരണങ്ങളും എല്ലാം മിതമായും ഭംഗിയായും യേശുകുഞ്ഞിന്റെ ലോക രക്ഷകനായുള്ള വരവിനെ വിളിച്ചറിയിക്കുന്നതായിരുന്നു. റ്റീപ്പോയിൽ വേദപുസ്തകവും writing pad ഉം പേനയും എല്ലാം അതതു സ്ഥാനങ്ങളിൽ ഭംഗിയായി വച്ചിട്ടുണ്ട്. കുഞ്ഞുഞ്ഞ് എല്ലാവർക്കും കട്ടൻ പകർന്ന് കൊടുത്തുകൊണ്ട് തുടർന്നു.

കുഞ്ഞുമോന്റെയും രാജന്റെയും പുതുവർഷ തീരുമാനങ്ങൾ ഞാൻ കേട്ടു. ഒന്നു സുരക്ഷയെ സംബന്ധിച്ചും മറ്റത് ആരോഗ്യത്തെ സംബന്ധിച്ചുമാണല്ലോ. നമ്മളിൽ ഉള്ള വേണ്ടാത്തതിനെ ഉപേക്ഷിക്കുക എന്നതാണ് നാം എടുക്കേണ്ട പുതുവത്സര തീരുമാനങ്ങൾ . നമുക്കു തന്നെ ഒന്നും ചെയ്യുവാൻ കഴികയില്ല. അത് യേശുക്രിസ്തു തന്നെ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ആയതിനാൽ നമ്മുടെ ബലഹീനതകളെ മനസ്സിലാക്കുവാനും അവയെ ഉപേക്ഷിക്കുവാനുമുള്ള കരുത്തിനു വേിയും നാം ദൈവത്തോട് പ്രാർത്ഥിക്കണം. ഫലം സിദ്ധിക്കുവാൻ എങ്ങനെ പ്രാർത്ഥിക്കണം എന്ന് കർത്താവ് നമ്മെ വി.ലൂക്കോസിന്റെ സുവിശേഷം 18:10 മുതൽ പഠിപ്പിക്കുന്നുണ്ട്. ഞാൻ മറ്റുള്ളവരേപ്പോലെയല്ല.... മിടുക്കനാണ്.... എന്ന് പരീശനപ്പോലെ പ്രാർത്ഥിക്കാം. മറിച്ച് കുറ്റബോധത്തോടെ, നെഞ്ചത്തടിച്ച്, ഞാൻ മഹാ പാപിയാണ് എന്നോട് കരുണ തോന്നേണമേ എന്ന് വേണമെങ്കിലും ആ ചുങ്കക്കാരനേപ്പോലെ പ്രാർത്ഥിക്കാം. രണ്ടാമത്തെ പ്രാർത്ഥനാ രീതിയിൽ There is scope for correction and improvement. അതിനാൽ ആ പ്രാർത്ഥനയാണ് കർത്താവ് കേട്ടത്. കുഞ്ഞുഞ്ഞ് ഒന്നു നിർത്തി എല്ലാവരേയും ശ്രദ്ധിച്ചു. യുവാക്കൾ തന്റെ ആശയങ്ങൾ ശ്രദ്ധാപൂർവ്വം മനസ്സിലാക്കുന്നു എന്നു ഗ്രഹിച്ചപ്പോൾ വീണ്ടും തുടർന്നു. കർത്താവിന്റെ കരുണയാണ് ഇന്ന് ലോകത്തിനാവശ്യം. കർത്താവ് നാം അർഹിക്കാത്ത അനുഗ്രഹങ്ങൾ (കരുണ) നമുക്കു തരുവാൻ തന്നോട് ആരെങ്കിലും യാചിക്കുന്നുണ്ടോ എന്ന് നോക്കിയിരിക്കുകയാണ്. നമ്മുടെ ഭാഗത്തുനിന്ന് നമ്മെത്തന്നെ സമർപ്പിച്ചുകൊണ്ടുള്ള കരുണയ്ക്കായുള്ള യാചന ഉണ്ടാകണം. വി.മത്തായി 5:7-ൽ കർത്താവും മല പ്രസംഗത്തിൽ പറയുന്നു കരുണയുള്ളവർ ഭാഗ്യവാന്മാർ. വീണ്ടും യാക്കോബ് ശ്ലീഹാ 2:13 -ൽ ദൈവാത്മാവ് നമ്മെ പഠിപ്പിക്കുന്നത് കരുണ ന്യായവിധിയെ ജയിക്കുമെന്നാണ്. ദൈവത്തിൽ നിന്ന് കരുണ ലഭിച്ചവൻ മറ്റുള്ളവരോടും കരുണ കാണിക്കും അവനെ ന്യായവിധിയിൽ നിന്നുപോലും രക്ഷിക്കും എന്നർത്ഥം. നാം ജീവിക്കുന്ന ചുറ്റുപാടുകളിൽ ദൈവത്തിന്റെ കരുണയാണ് നമുക്കേറ്റവും ആവശ്യം. തെറ്റുകളിൽകൂടെയും അതിക്രമങ്ങളിൽ കൂടെയും സ്വാർത്ഥതയിൽ നിന്നുഭവിക്കുന്ന ക്രൂരവും നികൃഷ്ടവുമായ സംഭവങ്ങളിൽ കൂടെയും കടന്നു പോകുന്ന ഈ ലോകത്ത് ദൈവത്തോട് പ്രാർത്ഥിച്ച് ദൈവകൃപയോടെ ജീവിക്കുന്ന ക്രിസ്ത്യാനി ഒരു തിളങ്ങുന്ന മാതൃകയായി പരിലസിക്കണം. ദൈവകൃപ നമ്മുടെ അഹന്തയെ പൂർണ്ണമായും മാറ്റിക്കളയും. ദൈവകൃപ ഉള്ളപ്പോഴും ഇല്ലാത്തപ്പോഴുമുള്ള നമ്മുടെ ജീവിതത്തിന്റെ ഉയർച്ച താഴ്ചകളെപ്പറ്റി ഓർക്കുമ്പോൾ, ഇപ്പോൾ എന്റെ മനസ്സിൽ വരുന്ന രൂപം, 2 ദിനവൃത്താന്തം 26-ാം അദ്ധ്യായത്തിൽ പ്രതിപാതിക്കുന്ന ഉസ്സിയാവ് എന്ന രാജാവിന്റെതാണ്. ഉസ്സിയാവ് , പതിനാറാം വയസ്സിൽ യഹൂദരുടെ രാജാവായി. തുടക്കത്തിൽ ദൈവയിഷ്ടം അറിഞ്ഞ് പ്രവർത്തിച്ച് വളരെ പ്രബലനും പ്രസിദ്ധനുമായി. ദൈവത്തിന്റെ കരുണ അവന്റെ കൂടെ ഉണ്ടായിരുന്നു. യുദ്ധങ്ങൾ ജയിച്ചു. യഹൂദയിൽ പല ഭരണ പരിഷ്ക്കാരങ്ങൾ വരുത്തി. എന്നാൽ 16-ാം വാക്യം മുതൽ വായിക്കുമ്പോൾ ഉസ്സിയാവ് ബലവാനായി കഴിഞ്ഞ് തന്റെ അഹന്ത മൂലം പരിതാപകരമായ ഒരു പതനത്തിൽ പെടുന്ന കഥയാണ് നമുക്ക് മനസ്സിലാകുന്നത്. വിശുദ്ധീകരിക്കപ്പെട്ട അഹരോന്യ പുരോഹിതന്മാർക്ക് മാത്രം ധൂപം കാട്ടുവാൻ അധികാരമുള്ള ബലിപീഠത്തിനു മുൻപിൽ, പുരോഹിതന്മാരുടെ വിലക്കുകളെ മറികടന്ന് ധാർഷ്ഠ്യം കാണിക്കുവാൻ ഒരുങ്ങിയപ്പോൾ , എല്ലാവരുടേയും മുൻപിൽ ഉസ്സിയാവ് കുഷ്ഠരോഗിയായി മാറുകയാണ്. രാജസിംഹാസനത്തിൽ നിന്ന് നിഷ്ക്കാസനം ചെയ്യപ്പെട്ട് ബാക്കി ജീവിതം രോഗശാലയിൽ കഴിയേണ്ടതായി വരുന്നു. ആയതിനാൽ 2020-ൽ എനിക്കും നിങ്ങൾക്കും വേണ്ട തീരുമാനം തിരക്കുകൾ കുറച്ചൊന്നു മാറ്റി വച്ച്, നമ്മുടെ ജീവിതത്തിലെ ഉയർച്ച താഴ്ച്ചകളെ നിയന്ത്രിക്കുന്ന ദൈവകൃപ, ദൈവത്തിന്റെ കരുണ ലഭിക്കുവാനായി, നമ്മേ തന്നെ ദൈവത്തിന്റെ മുമ്പിൽ സമർപ്പിച്ചുള്ള പ്രാർത്ഥനാശീലം വളർത്തി നിലനിർത്തുക എന്നതാണ്. ദൈവ തിരുനാമം മഹത്വീകരിക്കപ്പെട്ടുമാറാകട്ടെ.

ചേട്ടാ ,ചേട്ടൻ ഞങ്ങളുടെ ചിന്തകളെ വേറൊരു തലത്തിലേക്കു കൊണ്ടു പോയി കഴിഞ്ഞിരിക്കുന്നു. പുതുവർഷത്തിൽ, ഹെൽമെറ്റ് ധരിക്കണമെന്നും, പുകവലി നിറുത്തണമെന്നും ഞങ്ങൾ ചിന്തിച്ചിരുന്നുള്ളു എന്നാൽ ഞങ്ങളുടെ ജീവിതത്തെ തന്നെ മാറ്റിമറിക്കുവാൻ ഉതകുന്ന ദൈവത്തിന്റെ കരുണപ്പറ്റി പഠിപ്പിച്ചപ്പോൾ , ഞങ്ങളുടെ ജീവിതത്തിൽ സമർപ്പണത്തോടെയുള്ള , ദൈവീക കരുണയ്ക്കായുള്ള പ്രാർത്ഥനാശീലം എത്ര മഹത്വമാണ് എന്ന് ഞങ്ങൾക്ക് മനസ്സിലായി. Twenty Twenty യിൽ ദൈവഹിതം അറിഞ്ഞ് , എല്ലാവർക്കും നന്മയ്ക്കായി പ്രവർത്തിക്കുവാൻ ഞങ്ങൾ പ്രതിജ്ഞയെടുക്കുന്നു.



**ജി.എസ്. എൽ. 2019 ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു**

കുവൈറ്റ്: സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ രണ്ടാമത് ഗ്രിഗോറിയൻ സോക്കർ ലീഗ് (ജി. എസ്.എൽ.2019)ഫുട്ബോൾ മത്സരം ജലീബ് അൽ നിബ്രാസ് അറബിക് സ്ക്കൂളിൽ വെച്ച് നടത്തപ്പെട്ടു.

ഷീൽഡ്സ് യുണൈറ്റഡ് എഫ്.സി. സ്കൈലാർക്ക് എഫ്.സി.കുവൈറ്റ്, അബ്ബാസിയാ അച്ചായൻസ്, സ്പാർട്ടൻ കുവൈറ്റ് എന്നീ ടീമുകൾ പങ്കെടുത്ത മത്സരത്തിൽ ഷീൽഡ്സ് യുണൈറ്റഡ് ജി.എസ്. എൽ 2019 ട്രോഫി കരസ്ഥമാക്കി. സ്കൈലാർക്ക് റണ്ണേഴ്സ് -ആപ്പ് ആയി.

മഹാഇടവക വികാരിയും യുവജനപ്രസ്ഥാനം പ്രസിഡന്റുമായ ഫാ.ജിജു ജോർജ്ജ് കിക്ക്-ഓഫ് ചെയ്ത മത്സരത്തിൽ മുൻവികാരി ഫാ. ജേക്കബ് തോമസ്, സഹവികാരി ഫാ. ലിജു പൊന്നച്ചൻ എന്നിവർ വിജയികൾക്കുള്ള ട്രോഫികൾ സമ്മാനിച്ചു.

---

**മർത്ത മറിയം വനിതാ സമാജത്തിന്റെ രജത ജൂബിലിയോടനുബന്ധിച്ച് ഹെർമോ 2019 സംഘടിപ്പിച്ചു.**

കുവൈറ്റ്: സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് മഹാഇടവകയിലെ മർത്ത മറിയം വനിതാ സമാജത്തിന്റെ രജത ജൂബിലിയോടനുബന്ധിച്ച് ഹെർമോ 2019 എന്ന പേരിൽ ഇന്റർ -പ്രെയർ ക്രിസ്ത്യൻ ഭക്തിഗാന മത്സരം സംഘടിപ്പിച്ചു.

ഇടവകയിലെ വനിതകളിൽ സംഗീതത്തിലുള്ള അവബോധവും അഭിരുചിയും വളർത്തുവാൻ വേണ്ടി മഹാഇടവകയിലെ പ്രാർത്ഥനായോഗങ്ങളെ ഉൾപ്പെടുത്തി, നവംബർ 29 -ാ തീയതി സാൽമിയ സെന്റ് മേരീസ് ചാപ്പലിൽ വെച്ച് നടന്ന മത്സരത്തിൽ 16-ഓളം ടീമുകൾ പങ്കെടുത്തു. മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ അബ്ബാസിയ സെന്റ് കുര്യാക്കോസ് പ്രാർത്ഥനായോഗം മാസ്റ്റർ ജെറിൻ മാത്യു മെമ്മോറിയൽ എവറോളിംഗ് ട്രോഫി കരസ്ഥമാക്കി. രണ്ടാം സ്ഥാനം അബ്ബാസിയ സെന്റ് ഏലിയാസ് പ്രാർത്ഥനായോഗവും, മൂന്നാം സ്ഥാനം സെന്റ് മേരീസ് പ്രാർത്ഥനായോഗവും, സെന്റ് പീറ്റേഴ്സും സെന്റ് സ്റ്റീഫൻസും പ്രാർത്ഥനായോഗങ്ങളുടെ സംയുക്ത ടീമും പങ്കിട്ടു. സെന്റ് ബേസിൽ ഓർത്തഡോക്സ് ഇടവക വികാരി ഫാ.മാത്യു എം. മാത്യു, എബ്രഹാം ജേക്കബ്, മായാ ജോസ് എന്നിവർ വിധികർത്താക്കളായിരുന്നു. ഇടവകവികാരിയും പ്രസിഡന്റുമായ ഫാ.ജിജു ജോർജ്ജ് ഭദ്രദീപം തെളിയിച്ച് സമാജത്തിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ ഉത്ഘാടനം നിർവ്വഹിച്ചു. സമാജം വൈസ് പ്രസിഡന്റ് എലിസബത്ത് മാത്യൂ സ്വാഗതവും സെക്രട്ടറി സീബാ വിനോദ് നന്ദിയും രേഖപ്പെടുത്തിയ യോഗത്തിൽ ഇടവക മുൻ വികാരി ഫാ. ജേക്കബ് തോമസ്, സഹവികാരി ഫാ. ലിജു പൊന്നച്ചൻ. ഇടവക സെക്രട്ടറി ജിജി ജോൺ, പ്രാർത്ഥനായോഗ ജനറൽ സെക്രട്ടറി സാമുവേൽ ചാക്കോ എന്നിവർ ആശംസകൾ അറിയിച്ചു.

---

**കുവൈറ്റ് സെന്റ് സ്റ്റീഫൻസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവക പെരുന്നാൾ ആഘോഷിച്ചു.**

കുവൈറ്റ് : സെന്റ് സ്റ്റീഫൻസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവക പെരുന്നാൾ ആഘോഷിച്ചു. ഇടവകയുടെ കാവൽപിതാവായ പരി. സ്തേഫാനോസ് സഹദായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് നൂറു കണക്കിന് വിശ്വാസികളായ ഇടവകാംഗങ്ങളും സമീപ ഇടവക അംഗങ്ങളും പങ്കെടുത്തു. വി. മൂന്നിന്മേൽ കുർബ്ബാനയ്ക്ക് അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ മുഖ്യ കാർമ്മികത്വം വഹിച്ചു. തുടർന്ന് മദ്ധ്യസ്ഥ പ്രാർത്ഥന, ആശീർവാദം, നേർച്ച വിളമ്പ് എന്നിവയോടു കൂടി പെരുന്നാൾ കൊടിയിറങ്ങി. പെരുന്നാളിനോടുബന്ധിച്ച് ഇടവകയിലെ മുതിർന്ന അംഗങ്ങളെ അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ പൊന്നാടയണിയിച്ച് ആദരിക്കുകയും ഇടവകയിലെ 12 വയസ്സിന് മുകളിലുള്ള കുട്ടികൾക്കായി സ്വയം സമർപ്പണ ശുശ്രൂഷകൾ നടത്തുകയും ചെയ്തു. തുടർന്ന് സെന്റ് സ്റ്റീഫൻസ് ഇടവക തയ്യാറാക്കിയ സുവിശേഷ ഗീതങ്ങളും, സന്ധ്യാ -സൂത്താറ നമസ്കാരങ്ങളുമടങ്ങിയ ഓഫീർ കീർത്തനങ്ങൾ എന്ന പ്രാർത്ഥനാപുസ്തകം അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രപ്പോലീത്താ ബഹു. പി. ജി. ജോസച്ചന് നൽകി പ്രകാശനം ചെയ്തു.

---

**സെന്റ് ഗ്രീഗോറിയോസ് മഹാഇടവക ക്രിസ്തുമസ് - പുതുവൽസരാഘോഷ പരിപാടികൾ സംഘടിപ്പിച്ചു.**

കുവൈറ്റ്: സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാഇടവക ക്രിസ്തുമസ്- പുതുവൽസരാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കൽക്കട്ടാ ഭദ്രാസനാധിപനും ഇടവക മെത്രാപ്പോലീത്തായുമായ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കൊട്ടാരക്കര- പുനലൂർ ഭദ്രാസനാധിപൻ ഡോ.യുഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്ത മുഖ്യപ്രഭാഷണം നടത്തി. മഹാഇടവക വികാരി ഫാ.ജിജു ജോർജ്ജ് സ്വാഗതവും, സെക്രട്ടറി ജിജു ജോൺ നന്ദിയും പ്രകാശിപ്പിച്ചു.

മർത്ത മറിയം സീനിയർ അംഗം മറിയമ്മ തോമസിന്റെ വേദവായനയോടുകൂടി ആരംഭിച്ച യോഗത്തിൽ മുൻ വികാരി ഫാ. ജേക്കബ് തോമസ്, സഹവികാരി ഫാ. ലിജു പൊന്നച്ചൻ, ഇടവക ട്രഷറാർ മോണിഷ് ജോർജ്ജ്, ഭദ്രാസന കൗൺസിലംഗം എബ്രഹാം അലക്സ്, ഭദ്രസന മിഷൻ കോർഡിനേറ്റർ ഷാജി എബ്രഹം എന്നിവർ സന്നിഹിതരായിരുന്നു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വിശ്വാസപഠന പരിശീലന പദ്ധതിയായ ദിവ്യബോധനത്തിന്റെ ദ്വിവത്സര പ്രൊഫിഷ്യൻസി സർട്ടിഫിക്കറ്റ് കോഴ്സ് (പി.ഓ.സി.ഈ) പാസായ ഇടവകാംഗങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ ചടങ്ങിൽ വിതരണം ചെയ്തു.

ജലീബ് ഇന്ത്യൻ സെൻട്രൽ സ്ക്കൂളിൽ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ ഇടവകയിലെ പ്രാർത്ഥനാ യോഗങ്ങൾ, ആത്മീയ- പ്രസ്ഥാനങ്ങൾ എന്നിവർ അവതരിപ്പിച്ച കരോൾ സംഘങ്ങളുടെ വൈവിധ്യമാർന്ന പ്രകടനങ്ങൾ, ഷാഡോ പ്ലേ, മ്യൂസിക്കൽ സ്കിറ്റുകൾ എന്നിവ ആഘോഷങ്ങൾക്ക് നിറം പകർന്നു. മഹാ ഇടവകയിലെ മർത്ത മറിയം വനിത സമാജത്തിന്റെ രജത ജൂബിലിയോടനുബന്ധിച്ച് എം.യു. മാത്യൂസ് പരിശീലനം നൽകി 100- ൽപ്പരം വനിതകൾ അവതരിപ്പിച്ച മെഗാ ക്രിസ്തുമസ് കൊയർ പ്രത്യേകം ശ്രദ്ധയാകർഷിച്ചു. പരിപാടികൾക്ക് പ്രോഗ്രം കൺവീനർ ജെറി ജോൺ കോശി, ഇടവക ഭരണസമിതിയംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

---

**ഇടവകദിനവും പ്രാർത്ഥനായോഗങ്ങളുടെ രജത ജൂബിലി ആഘോഷങ്ങളും റവ.സാമുവേൽ ജോൺ കോർ എപ്പിസ്കോപ്പാ ഉദ്ഘാടനം ചെയ്തു.**

കുവൈറ്റ് : സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാഇടവകയുടെ ഇടവകദിനവും പ്രാർത്ഥനായോഗങ്ങളുടെ രജത ജൂബിലി ആഘോഷങ്ങളും മുൻ വികാരി വെരി. റവ.സാമുവേൽ ജോൺ കോർ എപ്പിസ്കോപ്പാ ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു. ഇടവക മുൻ വികാരി ഫാ.ജിജു ജോർജ്ജ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സഹവികാരി ഫാ.ലിജു പൊന്നച്ചൻ സ്വാഗതവും ആക്ടിംഗ് ട്രഷറാർ തോമസ് മാത്യു നന്ദിയും പറഞ്ഞു. ഇടവക സെക്രട്ടറി ജിജി ജോൺ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ഇടവക മുൻവികാരി ഫാ.ജേക്കബ് തോമസ് , എൻ. ഈ. സി. കെ. സെക്രട്ടറി റോയ് യോഹന്നാൻ , സഭാ മാനേജിംഗ് കമ്മറ്റിയംഗം ബാബു വർഗ്ഗീസ്, ഭദ്രാസന മിഷൻ കോർഡിനേറ്റർ ഷാജി ഏബ്രഹാം, ഭദ്രാസന കൗൺസിലംഗം ഏബ്രഹാം അലക്സ്, എം. ജി. ഓ. സി. എസ്. എം. കേന്ദ്ര കമ്മറ്റിയംഗം ബിജു ചെറിയാൻ, പ്രാർത്ഥനായോഗ ജനറൽ സെക്രട്ടറി സാമുവേൽ ചാക്കോ എന്നിവർ പ്രസംഗിച്ചു. വിവിധ ആത്മീയ- ജീവകാരുണ്യ പ്രസ്ഥാനങ്ങളുടെ റിപ്പോർട്ടുകൾ യോഗത്തിൽ അവതരിപ്പിച്ചു. ചടങ്ങിൽ ഇടവകയിലെ 60 വയസ്സ് തികഞ്ഞ സീനിയർ ഇടവകാംഗങ്ങളെ പൊന്നാടയണിച്ച് ആദരിക്കുകയുണ്ടായി. 25 വർഷം ഇടവകാംഗത്വം പൂർത്തിയാക്കിയവർക്കും, കഴിഞ്ഞ വർഷം 10,12 ക്ലാസുകളിൽ മികച്ച വിജയം കരസ്ഥമാക്കിയ കുട്ടികൾക്കും മെമെൻറ്റോ നൽകി ആദരിച്ചു.

---



**ഒരുമയുടെ സൗന്ദര്യവും ആഘോഷവുമാണ് ആദ്യഫലപ്പെരുന്നാൾ : ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്താ**

**കുവൈറ്റ്:** ഒരുമയുടെ സൗന്ദര്യമാണ് ആദ്യഫലപ്പെരുന്നാളെന്നും, ഇല്ലായ്മയിലും വല്ലായ്മയിലും ആയിരിക്കുന്നവരെ സഹായിക്കുവാൻ ഒത്തൊരുമിച്ച് കൂടുന്നതിലൂടെ പങ്കിടലിന്റെ അനുഗ്രഹവും ആഘോഷമാക്കി മാറ്റുവാൻ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ തിരുവനന്തപുരം ഭദ്രസനാധിപൻ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്താ ആഹ്വാനം ചെയ്തു. സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാഇടവകയുടെ ആദ്യഫലപ്പെരുന്നാളിനോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തികൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജലീബ് ഇന്ത്യൻ സെന്ററൽ സ്ക്കൂൾ അങ്കണത്തിൽ വെച്ചു നടന്ന പെരുന്നാൾ ആഘോഷപരിപാടികൾ കുവൈറ്റിലെ ഇന്ത്യൻ അംബാസഡർ കെ. ജീവാസാഗർ ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു. കേരളപ്പിറവി ആശംസകൾ നേർന്നു കൊണ്ട് നടത്തിയ ഉത്ഘാടന പ്രസംഗത്തിൽ, സംസ്ക്കാരവും ആധുനികതയും ഒരുമിപ്പിക്കുന്നതോടൊപ്പം പാരമ്പര്യത്തനിമ കൈവിടാതെ നിലനിർത്തുന്നതാണ് മലയാളിസമൂഹത്തിന്റെ പ്രത്യേകതയെന്ന് ഇന്ത്യൻ സ്ഥാനപതി പറഞ്ഞു.

മഹാഇടവക വികാരി ഫാ. ജേക്കബ് തോമസ് സ്വാഗതവും, ആദ്യഫലപ്പെരുന്നാൾ-2019 ജനറൽ കൺവീനർ ഷൈജു കുര്യൻ നന്ദിയും പ്രകാശിപ്പിച്ചു. നാഷണൽ ഇവാഞ്ചലിക്കൽ ചർച്ച് കുവൈറ്റ് സെക്രട്ടറി റോയ് യോഹന്നാൻ, കുവൈറ്റ് എപ്പിസ്ക്കോപ്പൽ ചർച്ചസ് ഫെല്ലോഷിപ്പ് വൈസ് പ്രസിഡന്റ് സെന്റ് ബേസിൽ ഇടവക വികാരിയുമായ ഫാ.മാത്യു എം. മാത്യു, മഹാഇടവക നിയുക്ത വികാരി ഫാ. ജിജു ജോർജ്ജ് എന്നിവർ ആശംസകൾ അർപ്പിച്ചു. അഹമ്മദി സെന്റ് തോമസ് പഴയപള്ളി വികാരി ഫാ. അനിൽ വർഗ്ഗീസ്, സെന്റ് സ്റ്റീഫൻസ് ഇടവകവികാരി ഫാ. ജോൺ ജേക്കബ്, കുവൈറ്റിൽ ഹൃസ്വസന്ദർശനത്തിയ ഫാ. ജോൺ തോമസ്, മഹാഇടവക ട്രഷറാർ മോണിഷ് പി. ജോർജ്ജ്, സെക്രട്ടറി ജിജാ ജോൺ, ഭദ്രാസന കാൺസിൽ അംഗം അനിൽ ജോർജ്ജ്, ഭദ്രാസന മിഷൻ കോർഡിനേറ്റർ ഷാജി എബ്രഹാം എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

ആദ്യഫലപ്പെരുന്നാളിനോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സ്മരണിക സുവനീർ കൺവീനർ ടോണി ജോസഫിൽ നിന്നും ഏറ്റുവാങ്ങി മഹാഇടവക സഹവികാരി ഫാ. ലിജു പൊന്നച്ചനു നൽകികൊണ്ട്

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പ്രകാശനം ചെയ്തു. ഇടവകയുടെ നവീകരിച്ച വെബ്സൈറ്റിന്റെ പ്രകാശനം വെബ്മാസ്റ്റർ ഷാജി വർഗ്ഗീസിന്റെയും ഡെപ്യൂട്ടി വെബ് മാസ്റ്റർ ജീൻ വർഗ്ഗീസിന്റെയും സാന്നിധ്യത്തിൽ മെത്രപ്പോലീത്ത നിർവ്വഹിച്ചു.

മഹാഇടവകയിലെ സൺഡേസ്ക്കൂൾ കുട്ടികളും, പ്രാർത്ഥനായോഗങ്ങളും, ആത്മീയ പ്രസ്ഥാനങ്ങളും അവതരിപ്പിച്ച വൈവിധ്യമാർന്ന കലാപരിപാടികൾ, കുട്ടികൾ നേതൃത്വം നൽകിയ റോക്കിങ് ജൂനിയേഴ്സ് മ്യൂസിക്കൽ ഫ്യൂഷൻ, പ്രശസ്ത പിന്നണിഗായിക മജ്ഞരി, സിനോവ് രാജ്, അഭിജിത് എന്നിവർ നേതൃത്വം നൽകിയ സംഗീത വിരുന്ന്, ദേശീയ മാധ്യമങ്ങളിലൂടെ പ്രശസ്തനായ റോബോ ഗണേഷ് അവതരിപ്പിച്ച റോബോട്ടിക് ഷോ, കേരളത്തനിമയാർന്ന വസ്ത്രം ധരിച്ചെത്തിയ ദമ്പതികൾക്ക് വേണ്ടിയുള്ള മത്സരങ്ങൾ, ഊട്ടുപുരയും, തട്ടുകടയും ചായക്കടയും തയ്യാറാക്കിയ നാടൻ രുചിഭേദങ്ങൾ എന്നിവ ആദ്യഫലപ്പെരുന്നാൾ 2019–ന്റെ ആകർഷണങ്ങളായി. ആദ്യഫലപ്പെരുന്നാൾ ആഘോഷങ്ങളിൽ പങ്കെടുക്കാൻ മുൻവർഷങ്ങളിലേതു പോലെ വമ്പിച്ച ജനാവലിയാണെത്തിച്ചേർന്നത്.

## 60th Anniversary celebration and Feast of St. Stephen at St. Stephen's Orthodox Church, Dalli-Rajhara





**Dalli-Rajhara:** St. Stephen's Orthodox Church celebrated its 60th Anniversary and Feast of St. Stephen on 18th and 19th Jan 2020 under the leadership of vicar Fr. Aju K Varghese. H.G. Dr. Joseph Mar Dionysius, Metropolitan of Calcutta diocese was the chief celebrant and Fr. George C Varghese , Fr Aju. K Varghese were the co-celebrant. Around 250 believers attended the perunal.

## Golden Jubilee Celebration of Mar Gregorios Orthodox Syrian Church, Korba

**Korba:** Mar Gregorios Orthodox Syrian Church, Korba celebrated its Golden jubilee on 7th and 8th December 2019. Under the leadership of vicar Fr. Shaji P Joshua and Fr. Paul. H. G. Dr. Joseph Mar Dionysius, Metropolitan of Calcutta Diocese was the chief guest. Various Cultural programs conducted by Sunday School Students were also held.

## 12th Annual Remembrance Day of Late Lamented Dr. Stephanos Mar Theodosius Organized at St. Thomas Mission Center, Kailash Nagar, Bhilai



**Bhilai:** Under the guidance of the Metropolitan of Calcutta Diocese, H. G. Dr. Joseph Mar Dionysius, 28th October to 5th November,2019 was celebrated as the 12th Annual Remembrance day of L.L H.G. Dr. Stephanos Mar Theodosius by Calcutta Diocese at St. Thomas Mission Centre , Kailash Nagar, Bhilai. The chief celebrant of the service was H. G. Dr. Yuhanon Mar Diascoros the Metropolitan of Chennai , Asst. Metropolitan of Kottayam Diocese and Secretary of Holy Episcopal Synod. Each day Holy Qurbana was celebrated at the mission premises and on the 4th November 2019 Holy Qurbana was led by H. G. Dr. Joseph Mar Dionysius. After evening prayer, which was held at M.G.O. Cathedral, Bhilai, the Holy rally (Rassa) of believers and well-wishers marched from MGO cathedral to Tomb of Mar Theodosius followed by Holy Benediction. Then the 47th Annual Day celebration of St. Thomas Mission and 25th Jubilee of STOTS, Nagpur were held from 8pm at St. Thomas Mission campus, Kailash Nagar, Bhilai with great joy and zeal by the gathering. On 5th of November, 2019 the solemn ceremony started with the morning prayer and followed by Holy Qurbana led by H. G. Dr. Yuhanon Mar Diascoros and after the Holy Qurbana rassa, Dhoopa prarthana and Holy Benediction followed by love feast. The 12th Remembrance Day of late lamented H. G. Bishop Dr. Stephanos Mar Theodosius concluded with lowering of perunnal flag.

**നീതി നിഷേധത്തിൽ കൽക്കട്ടാ ഭദ്രാസനം പ്രതിക്ഷേതിച്ചു.**

**ഭിലായ്:** വ്യവഹാരങ്ങൾക്ക് പൂർണ്ണ വിരാമമിട്ടുകൊണ്ട് രാജ്യത്തെ പരമോന്നത നീതിപീഠം പുറപ്പെടുവിച്ച അന്തിമവിധി നടപ്പിലാക്കുവാൻ വിമുഖത കാണിക്കുന്നതിലും വിശ്വാസികൾക്കും പള്ളികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങളിലും കൽക്കട്ടാ ഭദ്രാസന കൗൺസിൽ യോഗം ഉൽക്കണ്ഠ രേഖപ്പെടുത്തി. പരമോന്നത നീതിപീഠത്തിന്റെ വിധികളെ വെല്ലുവിളിക്കുന്നത് ഭരണഘടനയോടുള്ള അവഹേളനമാണെന്ന് യോഗം വിലയിരുത്തി. ഭദ്രാസനാധിപൻ ഡോ. ജോസഫ് മാർ ദിവന്നാസിയോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന വിശേഷാൽ യോഗത്തിൽ ഭദ്രാസന സെക്രട്ടറി തോമസ് റമ്പാൻ പ്രതിഷേധ പ്രമേയം അവതരിപ്പിച്ചു.

## Fr. Dr. Jossi Jacob assumes charge as the new Principal of STOTS, Nagpur



**Nagpur:** Fr. Dr. Jossi Jacob has assumed charge as the new Principal of STOTS, Nagpur on Sunday the 1st of Dec 2019. In a small programme following Holy Qurbana, Fr. Dr. Bijesh Philip, former principal STOTS handed over a lighted candle to the new Principal, symbolizing the beginning of a new era in the history of STOTS. Fr. Dr. Johns Abraham Konat, the Principal of OTS, Kottayam graced the occasion. The whole seminary family greeted the new principal.

## Theological Dialogue between Malankara Orthodox Church and Catholic Church at Kottayam



## ECF Bhilai celebrated Christmas and New Year at St. Thomas Mission, Bhilai



**Bhilai:** Ecumenical Christian Fellowship Bhilai Chapter organized Christmas and New Year program at St. Thomas Mission, Bhilai on 20th December 2019 at 3:15pm. The function was presided by H. G. Dr. Joseph Mar Dionysius, Metropolitan of Calcutta Diocese. Various cultural program was conducted by children.

## Golden Jubilee Celebration of Mar Gregorios Orthodox Syrian Church, Guwahati

**Guwahati** : Mar Gregorios Orthodox Syrian Church, Maligaon, Guwahati, celebrated 117th feast of Saint Gregorios of Parumala, parish day and Golden Jubilee celebration from 10th November to 17th November 2019 under the leadership of vicar Fr. Subin Daniel. H.G. Dr Joseph Mar Dionysius, Metropolitan of Calcutta diocese, as the chief celebrant. The church has successfully catered the spiritual needs of the devotees for the past 50 years and it is the mother church of the Orthodox Christian community in the north-east region. In this regard various activities were carried out like conventions, cultural programmes, charity works, steps for land acquisition etc.

## Silver Jubilee Celebration of St. Mary's Orthodox Church, Bhandara

**Bhandara:** St. Mary's Orthodox Church celebrated its 25th Anniversary on 8th and 9th February 2020 under the leadership of vicar Fr. Kurian John. H. G. Dr. Joseph Mar Dionysius was the chief guest of the function. Cultural programs conducted by Sunday School Students were held on 8th evening after the Sandya Namaskaram. On 9th H.G Dr. Joseph Mar Dionysius lead the Holy Qurbana.

## NOTICE

Dear Readers,

Our Next edition will be released on June 2020, articles are invited from our readers based on the theme

**"Ecology"**

kindly submit articles on or before

**31st May 2020**

through email

diocesandarpan@gmail.com or
ajuachenkattanam@gmail.com

**Dedication Cermeony of Students at MGO, Bhilai**





**Bhilai:** Dedication Day of Students as well as Senior Citizen Felicitation Ceremony held on 02.02.2020 at Mar Gregorios Orthodox Cathedral, Bhilai, The Chief Celebrant was Diocese Metropolitan H. G. Dr. Joseph Mar Dionysius along with Vicar Very. Rev Thomas Ramban & Ass. Vicar Fr. Shinu Cherian of MGO Cathedral, Bhilai.

---

**Rekindling from STOTS' Birth Place**

**Bhilai:** As a part of the Silver Jubilee Celebrations of St. Thomas Orthodox Theological Seminary, the whole seminary family assembled at St. Thomas Ashram, Bhilai, the resting place of Seminary Founder H. G. Dr. Stephanos Mar Theodosius of blessed memory, on the 4th of November 2019 afternoon. The 47th Annual day of St. Thomas Mission Bhilai and the Silver Jubilee celebration of St. Thomas Orthodox Theological Seminary at its birth place was commenced. The meeting was presided by Diocesan Metropolitan H. G. Dr. Joseph Mar Dionysius with H. G. Dr. Yuhanon Mar Diascoros as the chief guest. Guests present on the dais were, Rev. Fr. Dr. Reji Mathew, Former Principal, STOTS, Rev. Fr. Dr. Bijesh Philip, Principal, STOTS and Principal designate Rev. Fr. Dr. Jossi Jacob. Calcutta diocesan Secretary Very Rev. Thomas Ramban, St. Thomas mission incharge, Very Rev. Geevarghese Ramban, St. Thomas mission Secretary Rev. Fr. Jose K. Varghese, St. Thomas mission Trustee Rev. Fr. Aju K. Varghese. Were also there on the dias. Golden Jubilee projects were declared and a book published by Bodhana Publications named "Holy Confession" which is the fourth in the Series of Study of Sacraments was released by Diocesan Metropolitan H. G. Dr. Joseph Mar Dionysius. Singing of the Catholica Manglaganam and National Anthem marked the close of the Public Meeting.

# Tentative Programme of Bishop

## January

| | |
|---|---|
| **01-04** | Kuwait |
| **05-06** | Kerala |
| **07-10** | Perunal at Ras Al Khaimah |
| **11-15** | Kerala |
| **16-18** | Mission Center Bhilai |
| **19** | Perunal St. Stephen's Church Dalli- Rajhara |
| **20-23** | Visit to Itarsi, Macodiya |
| **25-26** | Perunal H.H Baselios Mathew II Mount Horeb Sasthamcotta |
| **27-29** | Kerala |
| **30-31** | Mission Center Bhilai |

## February

| | |
|---|---|
| **01** | Mission Center Bhilai |
| **02** | MGO Cathedral students Dedication Service |
| **03-07** | Mission Center Bhilai |
| **08-09** | Silver Jubilee celebration at bhandra church |
| **10** | Mission Center Bhilai |
| **11-14** | OKR Leaders Conference at Mission Center Bhilai |
| **15-17** | Delhi |
| **18-23** | Holy Episcopal Synod |
| **24-27** | Annual Priest Retreat at Mission Center Bhilai |
| **28-29** | Kerala |

## March

| | |
|---|---|
| **01-05** | Kerala |
| **07-08** | Visit to Bhubaneswar Cuttak |
| **09-11** | Bombay Priest Retreat |
| **12-17** | Calcutta |
| **18-20** | Kuwait |
| **21-22** | Visit to Kolar Church |
| **23-31** | Mission Center Bhilai |

## April

| | |
|---|---|
| **01-04** | Mission Center Bhilai |
| **05-12** | Passion Week at STOTS, Nagpur |
| **13-17** | Mission Center Bhilai |
| **18-21** | Kerala |
| **22-24** | Abu- Dubai |
| **25-26** | Bombay |
| **30** | Holy Ordination Kerala |



# OSSAE OKR, CALCUTTA DIOCESE
## ARTS/TALENT COMPETITION WINNERS OF THE YEAR 2019



**Bhilai:** The Diocesan Level Annual Arts/Talent Competition for the year 2019 was held at St. Thomas Ashramam Chapel, Kailash Nagar, Bhilai on 17th November 2019 after the Holy Qurbana. Very Rev. Geevarghese Ramban (Vice President St. Thomas Mission Board and St. Thomas College), presided over the meeting, V. Rev. Thomas Ramban, Rev. Fr. Joshi Varghese (PRO & Secretary Calcutta Diocese & Institutions) Rev. Fr. Lijo John (Vice President OSSAE OKR Calcutta Diocese Sunday School), Br. Robin Pre Seminarian, Sr. Grace, and Sr. Ludia, Mr. John Mathai (Director OSSAE OKR Calcutta Diocese Sunday School), Mr. Joseph Cherian (Secretary OSSAE OKR Calcutta Diocese Sunday School), Zonal Directors: Mr. Thomas Kanjiram (Bhopal zone), Mr. Anil Mathew (Raipur zone) District Inspectors, Headmasters/Headmistresses, Participant students, Teachers and parents and Pre-Seminary students participated and MGOCSM members (CCET Bhilai) were present. V. Rev. Geevarghese Ramban inaugurated the meeting, Rev. Fr. Lijo John welcomed the dignitaries, Mr. John Mathai gave the introductory speech. Very Rev. Geevarghese Ramban, Inaugurated the Annual Talent competition 2019 of Calcutta Diocese Sunday school. Performance of Sunday school students of Bhopal zone, Raipur zone and Calcutta zone for various competitions was at par excellence and laudable. Raipur Zone was adjudged the best Zone, Bhopal zone adjudged the Runners up and Mar Gregorios Sunday School, Bhilai bagged the Best Sunday School of the Diocese. The winner's prizes were distributed by the dignitaries who were sponsored by St. Thomas Mission - Bhilai. A word of appreciation is extended to the Aashramam Manager and staff and MGOCSM Students for their gesture. The vote of thanks was given by Mr. Joseph Cherian.

| .EVENTS | GROUP | NAME OF THE PARTICIPANT | POSITION |
|---|---|---|---|
| SOLO SONG | JUNIORS | Kum. **Eva Sara Mathew**, St. Severios Sunday School (MGOC Kolar Road), Bhopal | FIRST |
| | | Kum. **Joanna Jerry Andrews**, St.George Sunday School, Jabalpur | SECOND |
| | | Kum. **Liya Vinod**, Mar Gregorios Sunday School, Bilaspur | THIRD |
| | INTERMEDIATE | Mast. **Rayan Issac Shibu**, Mar Gregorios Sunday School, Bhilai | FIRST |
| | | **Kum. Achsah Mary Biju**, St. Thomas Sunday School, Bhopal | SECOND |
| | | Kum. **Jemima Biju**, St.George Sunday School, Jabalpur | THIRD |
| | SENIORS | Kum. **Saniya Mary Thomas**, Mar Gregorios Sunday School, Bhilai | FIRST |
| | | Kum. **Betsy Mariam Santhosh**, Mar Gregorios Sunday School, Bilaspur | SECOND |
| | | Kum. **Anne Varghese**, St. Thomas Sunday School, Bhopal | THIRD |
| | SECONDARY | Mast. **Subin Mathew**, Mar Gregorios Sunday School, Bhilai | FIRST |
| | | Kum. **Glady Aleena Johnson**, Mar Gregorios Sunday School, Bilaspur | SECOND |
| | | Kum. **Beneeta M. Babu**, St. George Sunday School, Jabalpur | THIRD |
| ELOCUTION | JUNIORS | Kum. **Olivia Shijomon**, St. Mary's Sunday School, Bhandara | FIRST |
| | | Kum. **Alisha Ajee**, St. George Sunday School, Nagpur | SECOND |
| | | Kum. **Aeba Sarah Anish**, St. Thomas Sunday School, Bhopal | THIRD |
| | INTERMEDIATE | Kum. **Binesa S. Joseph**, St. George Sunday School, Jabalpur | FIRST |
| | | Mast. **Thomas Sajeev Varghese**, Mar Gregorios Sunday School, Bhilai | SECOND |
| | | Kum. **Ashlin Ajee**, St. George Sunday School, Nagpur | THIRD |
| | SENIORS | Kum. **Jane Sara Toms**, Mar Gregorios Sunday School, Bhilai | FIRST |
| | | Kum. **Tania Elizabeth** Thomas, St. George Sunday School, Jabalpur | SECOND |
| | | Mast. **Jeremy Mathew Jose**, Mar Gregorios Sunday School, Jamshedpur | THIRD |

| | | | |
|---|---|---|---|
| **ELOCUTION** | SECONDARY | Kum. **Merrin Ann Mathew**, Mar Gregorios Sunday School, Raigarh | FIRST |
| | | Kum. **Christine Alex**, St. Thomas Sunday School, Bhopal | SECOND |
| | | Kum. **Ansa Sara Thomas**, Mar Gregorios Sunday School, Bilaspur | THIRD |
| | SENIORS | Kum. **Tania Elizabeth Thomas**, St. George Sunday School, Jabalpur | FIRST |
| | | Kum. **Jane Sara Toms**, Mar Gregorios Sunday School, Bhilai | SECOND |
| | | Mast. **Jeremy Mathew Jose**, Mar Gregorios Sunday School, Jamshedpur | THIRD |
| **ESTEMPORE** | SECONDARY | Kum. **Ansa Sara Thomas**, Mar Gregorios Sunday School, Bilaspur | FIRST |
| | | Kum. **Christine Alex**, St. Thomas Sunday School, Bhopal | SECOND |
| | | Mast. **Nithin Thomas**, St. Stephen's Sunday Schoo, Ranchi | THIRD |
| **ESSAY WRITING** | SENIORS | Kum. **Celestina Manoj**, St. Mary's Sunday School, Raipur | FIRST |
| | | Mast. **Jeremy Mathew Jose**, Mar Gregorios Sunday School, Jamshedpur | SECOND |
| | | Kum**. Aashi S. George**, St. George Sunday School, Jabalpur | THIRD |
| | SECONDARY | Kum. **Feba Mariam Thomas**, Mar Gregorios Sunday School, Bilaspur | FIRST |
| | | Kum. **Merin Ann Mathew**, Mar Gregorios Sunday School, Raigarh | SECOND |
| | | Mast. **Joel Kunjumon**, St. Severios Sunday School, Bhopal | THIRD |
| **QUIZ** | SENIORS | Mast. **Jeremy Mathew Jose**, Mar Gregorios Sunday School, Jamshedpur | FIRST |
| | | Mast. **Shinu Sam George** & Group, St. George Sunday School, Nagpur (Mast. **Shinu Sam George**, Kum. **Ashley Sajan**, Kum. **Sara Geevarghese**) | SECOND |
| | | Mast. **Blesson S. Abraham** & Group, St. Severios Sunday School (MGOC Kolar Road), Bhopal (Mast. **Blesson S. Abraham**, Mast. **Sijo C. Mathew**) | THIRD |
| | SECONDARY | Kum. **Christine Alex** & Group, St. Thomas Sunday School, Bhopal (Kum. **Christine Alex**, Kum. **Shibi M. Shajan**, Mast. **Varghese Iype**) | FIRST |
| | | Kum. **Riya John** & Group, St Stephen's Sunday Schoo, Ranchi (Kum. **Riya John,** Mast. **Nithin Thomas**, Kum. **Milan John**) | SECOND |
| | | Mast. **Subin Mathew** & Group, Mar Gregorios Sunday School, Bhilai (Mast. **Subin Mathew**, Mast. **Sebin S. Varghese**) | THIRD |
| **GROUP SONG** | PREMIERS | Kum. **Achsah Mary Biju** & Group, St. Thomas Sunday School, Bhopal (Kum. **Achsah Mary Biju**, Kum. **Jesna Mariam Sabu**, Kum. **Angel Koshy**, Kum. **Riya Anil**) | FIRST |
| | | Kum. **Sophia S. Mathai** & Group, St Mary's Sunday School, Raipur (Kum. **Sophia S. Mathai**, Kum. **Liya Bobby Rajan**, Kum. **Merin Shibu John**, Kum. **Anusha Manoj**) | SECOND |
| | | Kum. **Jemima Biju** & Group, St. George Sunday School, Jabalpur (Kum. **Jemima Biju**, Mast. **Evan S. George**, Kum. **Princy Paul**, Kum. **Tisha John**) | THIRD |
| | TEENS | Kum. **Betsy Mariam Santhosh** & Group, Mar Gregorios Sunday School, Bilaspur (Kum. **Betsy Mariam Santhosh**, Kum. **Ansa Sara Thomas**, Kum. **Glady Aleena Johnson**, Kum. **Feba Mariam Thomas**, Mast. **Jonathan Peter**) | FIRST |
| | | Kum. **Merin Ann Mathew** & Group, Mar Greorios Sunday School, Raigarh, (Kum. **Merin Ann Mathew**, Kum. **Feby Mathew**, Mast. **Abel Mathew**, Kum. **Anusha J. Chacko**, Kum. **Aleenamol Saji**) | SECOND |
| | | Mast. **Abel Biju George** & Group, St. Thomas Sunday School, Bhopal (Mast. **Abel Biju George**, Kum. **Angelika Thomas**, Kum. **Rincy Aniyan**, Kum. **Sherin Philip**, Kum. **Merin Sara Thomas** | THIRD |






Golden Jubilee Celebration of Mar Gregorios Orthodox Syrian Church, Korba



Orthodox Syrian Sunday School Association of The East (OKR) Executive Meeting & Leaders' Meet at St. Thomas Mission, Bhilai



Silver Jubilee of St. Mary's Orthodox Church, Bhandara, M.H.





Feast of St. Stephen at St. Stephen's Orthodox Church, Kuwait





St. Gregorios Indian Orthodox Church (Maha Edavaka) Kuwait, Martha Mariam Vanitha Samajam Group Song Competition



## Sosamma Zachariah

### 14th Death Anniversary


**15.02.2020**

Asha Vihar, Pattathanam, Kollam

Inserted By:
**P. A. Zachariah (Husband)**
Bokaro Steel City

Daughters:
**Dr. Asha Ajith**
(KIMS Hospital, Tvm.)
**Dr. Shyni Roney Alex**
(UK)

Son-in-Laws:
**Dr. Ajith Thomas**
(KIMS Hospital, Tvm.)
**Dr. Roney A. Cheriyan**
(UK)



## V. G. Yohannan

### 7th Death Anniversary

**22.01.2020**

Vettikkattil House, Pathanapuram

മരിക്കാത്ത ഓർമ്മകളോടെ ഭാര്യ :
അന്നമ്മ യോഹന്നാൻ

മക്കൾ :
ജോജി ജോർജ് & ഫാമിലി
ലെവിൻ യോഹന്നാൻ & ഫാമിലി
ലൂയിസ് യോഹന്നാൻ & ഫാമിലി



H. G. Dr. Joseph Mar Dionysius visited Fr. Ammanuel Ghareeb with the vicars and the committee members of Kuwait Parish.



Feast of St. Stephen at
St. Stephen's Orthodox Church, Ranchi

## Cordial Congratulations to



**H. G. Dr. Joseph Mar Dionysius**

*on the auspicious occasion*
*of completing*

***11 Years as the***
***Metropolitan of the***
***Diocese of Calcutta***

Published by: Fr. Aju K Varghese for Diocese of Calcutta, Bhilai - 26 (C.G.)
Cheif Editor : Fr. Dr. Abraham Oommen